# പരാജയമല്ല, വിജയമാണ്

പി. എൻ. ഉ. സുവർണ്ണവല്ലി

SUVANAVALE .A.N.E

X

# പരാജയമല്ല,

# വിജയമാണ്!

KOTTAYAM PUBLIC LIBRARY
44779
KOTTAYAM.

NATIONAL BOOK STALL
SPCS LTD
KOTTAYAM.

എ. എൻ. ഇ. സുവർണ്ണവല്ലി.
A N E Suvarna valli

## എ. എൻ. ഇ. സുവർണ്ണവല്ലിയുടെ

## കൃതികൾ.

| | |
|---|---|
| നീ ഒന്നു കനിയുമോ? | കവിതകൾ. |
| നിന്നെ മറക്കില്ല! | ,, |
| നീയാണ് കേമത്തി | നാടകം. |
| നിനക്കുള്ള വീരശൃംഖല | ,, |
| കലങ്ങിത്തെളിഞ്ഞ ജീവിതം. | ,, |
| ഇളകിമറിയുന്ന ഹൃദയം | കഥകൾ. |
| കുട്ടിക്കഥകൾ | ,, |
| പരാജയമല്ല, വിജയമാണ്! | ,, |

കുറിപ്പ്:- ഇവ എല്ലാ പ്രധാന ബുക്ക്സ്റ്റാളുകളിലും കിട്ടും.

*

KOTTAYAM PUBLIC LIBRARY
KOTTAYAM.
44779

# പരാജയമല്ല, വിജയമാണ്!

## കഥകൾ.

- എ. എൻ. ഇ. സുവർണ്ണവല്ലി -

പ്രസാധകർ:
സഹൃദയ ബുക്ക്സ്, നീലേശ്വരം.
കണ്ണൂര്, കേരളം.

# Parajayamalla, Vijayamanu!

Short Stories.


*By:*

A. N. E. Suvernnavally.
Nileshwaram
Cannanore, Kerala.


MF9

—.


First published on October 1969.
Copies: 1000.
Price Rs. 2–25.

Right reserved by Auther.


*Publishers:*

Sahridaya Books.
Nileshwaram.
Cannanore, Kerala.

*Printed at:*

Bharath Printing Press;
Kottachery, Kanhangad.

*Cover, Block:*

Abson, Block Makers, Cannanore.

മുൻഗാമി-

# കലങ്ങിത്തെളിഞ്ഞ ജീവിതം.

## അവതാരികയിൽ:-

ഇതിനകം നാടകങ്ങളും ചെറുകഥകളും പ്രസിദ്ധീകരിച്ച് കേരളീയ സഹൃദയരുടെ ശ്രദ്ധയാകർഷിച്ചുകഴിഞ്ഞ ഒരുവ്യക്തിയാണ്, ശ്രീ. എ. എൻ. ഇ. സുവർണ്ണവല്ലി. വാസ്തവത്തിൽ ഒരവതാരികയുടെ അകമ്പടിയിലല്ലാതെതന്നെ സാഹിത്യത്തിൻെറ വിശാലവേദിയിലേയ്ക്കു് കയറിച്ചെല്ലാൻ ഈ യുവസാഹിത്യകാരൻ കരുത്താർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്...കലങ്ങിത്തെളിഞ്ഞ ജീവിതം എല്ലാസങ്കുചിതത്വങ്ങൾക്കും എല്ലാ മർദ്ദനങ്ങൾക്കുമെതിരെ കാഹളംമുഴക്കുന്ന ഒരു നാടകമാണ്. ഇതിലെ ഗോപി ഈ സങ്കുചിതത്വങ്ങളെയും മർദ്ദനങ്ങളെയും അതിജീവിച്ച്തികച്ചും ഒരു ആദശ്കഥാപാത്രമായി ശോഭിയ്ക്കുന്നു...ഭട്ടതിരിയെ തനി പരസ്വപാപഹാരിയായി ചിത്രീകരിക്കാതെ ഉള്ളിൽ നല്ലവനെങ്കിലും കാര്യസ്ഥന്മാരാൽ ചീത്തയാക്കപ്പെടുന്നവനായി ചിത്രീകരിച്ചതു് സ്വാഭാവികത്വത്തിന്നു് നിരക്കുന്നതായി. ആ മമ്മതും ഉക്കാരൻനായരും ടൈപ്പുകൾ തന്നെയാണെങ്കിലും അവക്കും വ്യക്തിത്വം നല്കിയിട്ടുണ്ട്...നാടകകൃത്ത് ജീവിത സത്യങ്ങളാലാണ് നയിയ്ക്കപ്പെടുന്നതു്.

—ഏ. പി. പി. നമ്പൂതിരി, എം. എ. കോഴിക്കോട്.

## പ്രസിദ്ധീകരണോൽഘാടനത്തിൽ:-

ശ്രീ. സുവർണ്ണവല്ലിയുടെ ഏററവും പ്രധാനമായൊരു നാടകമാണ് കലങ്ങിത്തെളിഞ്ഞ ജീവിതം. ജന്മിയേയും കൃഷിക്കാരനെയും ജാതിയെയും മതത്തെയും പ്രേമത്തെയും തൻേറതായൊരു പ്രത്യേക വീക്ഷണ കോണിൽനിന്നുകൊണ്ടു് അവതരിപ്പിക്കുകയാണതിൻ. അതേ കാരണംകൊണ്ടുതന്നെ ശ്രീ. കെ. ദാമോദരൻെറ പാട്ടബാക്കിക്കുശേഷം മലയാളത്തിലുണ്ടായിട്ടുള്ള ഏററവുമധികം ശ്രദ്ധേയമായൊരു നാടകമാണ് കലങ്ങിത്തെളിഞ്ഞ ജീവിതം. അതിലെ ഗോപിയും, ഭട്ടതിരിയും, രാമനും,ജോസ്സും,ഉക്കാരൻനായരും,മമ്മദും,

സിസിലിയും, പാറുവും – എല്ലാവരും തന്നെ സജീവ കഥാപാത്രങ്ങളായി അനുവാചക ഹൃദയത്തിൽ മായാതെതങ്ങിനില്ക്കും. വികാരതീവ്രതയും ചടുലങ്ങളായ സംഭാഷണങ്ങളും നാടകത്തിലുട നീളം കാണാവുന്നതാണ്... അനുവാചകർക്കു പ്രേക്ഷകർക്കും ഒരുപോലെ ആസ്വാദ്യമാണ് ഈ നാടകം. മലയാള സാഹിത്യത്തിലേയ്ക്ക് സുവർണ്ണവല്ലി നല്കുന്ന ഈട്ടുറെറാരു സംഭാവനയാണ് കലങ്ങിത്തെളിഞ്ഞ ജീവിതമെന്നു് നിസ്സംശയം പറയാവുന്നതാണ്. പുരോഗമനപരങ്ങളും വിപ്ലവപരങ്ങളുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും വിഭാഗീയമോ കക്ഷിപരമോ ആയ സമ്മർദ്ദത്തിന്നു് ഗ്രന്ഥകാരൻ വഴങ്ങിക്കൊടുത്തുകാണുന്നില്ല. ഒരു പ്രത്യേകവർഗ്ഗത്തിൽ ജനിച്ചുപോയി എന്നതുകൊണ്ടുമാത്രം ഒരാൾ ദുഷ്ടനും ചൂഷകനും ആകണമെന്നില്ലെന്നും അയാളിലും സാധുജനാനുകമ്പയും സൽസ്വഭാവവും കാണപ്പെടാമെന്നും ഉള്ളതിന്നു് ഒരു പ്രത്യക്ഷദൃഷ്ടാന്തമാണ് ഇതിലെ ഭട്ടതിരി. ജാതിയും മതവും സമ്പദ്‌വ്യവസ്ഥയുംനിമിത്തം മനുഷ്യനും മനുഷ്യനും തമ്മിലുള്ള അടുപ്പം ഇല്ലാതായിപ്പോകുന്നതിന്നെതിരെ ഗംഭീരമായൊരു സമരാഹ്വാനമാണ് സുവർണ്ണവല്ലി ഇതിൽ നല്കിയിരിക്കുന്നത്. ഇന്നത്തെ ദുഷിച്ച സാമൂഹ്യവ്യവസ്ഥകൾക്കും അനീതിക്കും എതിരായി പൊതുജനങ്ങളെ ഉൽബുദ്ധരാക്കാൻ പ്രയോജകീഭവിക്കുന്നതരത്തിലുള്ള സാമൂഹ്യനാടകങ്ങൾ ഇനിയും ഈ പ്രതിഭാസമ്പന്നനിൽനിന്നു് പ്രതീക്ഷിക്കുകയും അതിനുള്ള പ്രചോദനം അദ്ദേഹത്തിന്നുണ്ടാക്കാൻ ഈ ഉൽഘാടനം പര്യാപ്തമാകട്ടെ എന്നു് ആശംസിക്കുകയും ചെയ്യുന്നു.

ഭക്തകവിതിലകം, വിദ്യാരത്നം—ടി. എസ്സ്. തിരുമുമ്പ്.

## "ഗ്രന്ഥാവലോകന"ത്തിൽ:-

കലങ്ങിത്തെളിഞ്ഞ ജീവിതത്തിന്റെ കർത്താവായ ശ്രീ. എ. എൻ. ഇ. സുവർണ്ണവല്ലി ഉത്തരകേരളത്തിലെ, എഴുതിത്തെളിഞ്ഞ, പ്രശസ്തിനേടിയ ഒരുന്നത സാഹിത്യകാരനാണ്. കലങ്ങിത്തെളിഞ്ഞ ജീവിതം ഒരു നാടകമാണെങ്കിലും ഒരു നോവൽപോലെ വായിച്ചാസ്വദിക്കാനും കഴിവുററ ഒരു നല്ല പുസ്തകമത്രെ. തനിഗ്രാമീണരുടെ സംസാരഭാഷയും മാപ്പിളഭാഷയും അഭ്യസ്തവിദ്യരുടെ ഭാഷയും എല്ലാം ഇടകലർത്തി രചനാസ്ക്കു് വൈവിധ്യവും പുതുമയും കൂട്ടിയിരിക്കുന്നു. ക്രിസ്ത്യൻ ഹിന്ദുമിശ്രവിവാഹവും ധനികദരിദ്രബന്ധവും

ഒരു നല്ല സാമൂഹ്യപരിവർത്തനത്തിന്നു് പ്രചോദനം നല്കുന്നുണ്ടു്. ...ആദർശപരമായി ജനതാമദ്ധ്യത്തിൽ ഉത്തേജനം നല്കാൻ ഉപയുക്തമായ ഒരു നല്ല നാടകമാണു് കലങ്ങിത്തെളിഞ്ഞ ജീവിതം.

ദേശമിത്രം—കണ്ണൂർ.

## സാഹിത്യമർമ്മജ്ഞന്മാരുടെ വീക്ഷണങ്ങളിൽ:-

സാമൂഹ്യ പ്രശ്നങ്ങളെ ആസ്പദമാക്കി എഴുതപ്പെട്ട നല്ല നാടകങ്ങളിൽ ഒന്നാണു് ശ്രീ. എ. എൻ. ഇ. സുവർണ്ണവല്ലിയുടെ കലങ്ങിത്തെളിഞ്ഞ ജീവിതം. ജന്മികുടിയാൻ സംഘട്ടനവും മിശ്രവിവാഹവുമൊക്കെ സുവർണ്ണവല്ലിയുടെ പ്രതിഭയിലൂടെ വന്നപ്പോൾ അഭിനവവും അഭിരാമവുമായി അനുഭവപ്പെടുന്നു.

ഈ നാടകത്തിലെ കഥാനായകനായ ഗോപിയുടെ ആദർശധീരത പ്രശംസനീയംതന്നെ. അയാളെ ആരും സ്നേഹിച്ചുപോകും. അയാളുടെ സൃഷ്ടിയിൽ അഭിനന്ദനീയമായ കലാനൈപുണ്യമാണു് നാടകകൃത്ത് പ്രദർശിപ്പിച്ചിരിക്കുന്നതു്. സിസിലി, രാമൻ, പാറു, ജോസ്സു് തുടങ്ങിയ കഥാപാത്രങ്ങൾക്കും നല്ലവ്യക്തിത്വമുണ്ടു്. ഇതിലെ പല രംഗങ്ങളും പ്രേക്ഷകരെ വികാരതരളിതരാക്കുകതന്നെ ചെയ്യും. കരയിക്കുന്ന രംഗങ്ങളുമുണ്ടു്. സ്റ്റേജിൽ ഇതുപോലെ ശോഭിക്കുന്ന നാടകങ്ങൾ ദുർല്ലഭമാണു്. അത്രമാത്രം കലാചാതുര്യത്തോടുകൂടിയാണു് ഇതു് രചിച്ചിരിക്കുന്നതു്.

ലബ്ധപ്രതിഷ്ഠരായ പല നാടകകൃത്തുക്കളിലും കാണപ്പെടാത്ത വൈദഗ്ധ്യം ശ്രീ. സുവർണ്ണവല്ലിക്കുള്ളതു് എടുത്തുപറയേണ്ടിയിരിക്കുന്നു. അതു് സംഭാഷണശൈലിയാണു്. സ്വാഭാവികമായ ഭാഷയിൽത്തന്നെ കഥാപാത്രങ്ങൾ സംഭാഷണം ചെയ്യുന്നു.

ഈ നാടകം കേരളത്തിൻെറ വിവിധഭാഗങ്ങളിൽ അഭിനയിക്കേണ്ടതാണെന്നാണു് എനിക്കു് തോന്നുന്നതു്. സാമൂഹികവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങൾ ധ്വംസിക്കുന്നതിന്നു് ഇതുപോലെയുള്ള നാടകങ്ങൾക്കു് സാധിക്കും.

കവിതയിലും കഥയിലുമെന്നപോലെ നാടകത്തിലും വിജയപൂർവ്വം വിഹരിക്കാൻ തനിക്കു് കഴിയുമെന്നു് ഈ കൃതി മുഖേന സുവർണ്ണവല്ലി തെളിയിച്ചിരിക്കുന്നു. ഇതു് വായിക്കുകയോ അഭിനയിച്ചുകാണുകയോ ചെയ്യുന്ന ഏതൊരു ഹൃദയാലുവും സുവർണ്ണവല്ലി ഇതു

പോലെയുള്ള നാടകങ്ങൾ ഇനിയും രചിക്കണമെന്നു് ആഗ്രഹിക്കാതിരിക്കയില്ല!

എം. പി. അപ്പൻ, എം. എ. എൽ. ടി_തിരുവനന്തപുരം.

ബഹുവിധമായി ഒഴുകുന്ന താങ്കളുടെ പ്രതിഭയും നിസ്തന്ദ്രമായ പ്രയത്നവും അഭിനന്ദനം അർഹിക്കുന്നു. കൃതഹസ്തനായ ഒരു നാടകകൃത്തെന്ന പേര് മുമ്പേതന്നെ താങ്കൾ സമ്പാദിച്ചിട്ടുണ്ടു്.

ഒരു പാവപ്പെട്ട വിദ്യാർത്ഥിയുടെ ജീവിതത്തിലെ ചില രംഗങ്ങളിലേയ്ക്കു് വെളിച്ചം വീശുന്ന കലങ്ങിത്തെളിഞ്ഞജീവിതം കാലോചിതമാണ്. ഈ നാടകം തിക്തമായ ജീവിതപ്രശ്നങ്ങളെ അവതരിപ്പിക്കുന്നു. ജീവിതത്തെ വ്യാഖ്യാനിക്കുന്നു. ജീവിതത്തിലെ പ്രതിഭാസങ്ങളെ, മാനസിക വ്യാപാരങ്ങളെ തുറന്നുകാട്ടുന്നു. രംഗത്തും ഈ നാടകം ഒരു വിജയമായിരിക്കും!

നാലാങ്കൽ എസ്സ്. കൃഷ്ണപിള്ള എം. എ. എൽ. ടി. കോട്ടയം

കലങ്ങിത്തെളിഞ്ഞ ജീവിതം മോഹഭംഗംകൊണ്ടു് ഗതിമുട്ടിനില്ക്കുന്ന തലമുറയെ നൂതനാഭിലാഷങ്ങളിലേക്കു് സ്വാഗതം ചെയ്യുന്ന ഒരു നാടകമാണ്. പ്രണയവും ജീവിതവും സൃഷ്ടിക്കുന്ന സംഘർഷങ്ങളും ആഘാതങ്ങളും ചൈതന്യം ചോർന്നുപോകാതെ ചിത്രീകരിക്കുന്നതിലും മിഴിവിൽ അതാവിഷ്കരിക്കുന്നതിലും ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ടു്. ജീവിത നിമ്നോന്നതകളിലെ വിചാരഭാവങ്ങളിൽ ഒരു സത്യാന്വേഷിയുടെ കാഴ്ചപ്പാടോടെ കടന്നുചെല്ലാൻ നാടകകൃത്ത് ശ്രമിച്ചു. ആ ശ്രമത്തിന്നുള്ള അംഗീകരണമാണ് ഈ നാടകത്തിന്റെ വിജയം.

പി. എ. സെയ്തുമുഹമ്മദ്, എറണാകുളം.

നാടകരചന എന്താണെന്നും എങ്ങിനെയാണെന്നും ഗൌരവബുദ്ധിയോടെ പഠിച്ചിട്ടുള്ള ഒരു പ്രതിഭാശാലിയുടെ കൃതിയാണിതെന്നു് സധൈര്യം പറയാം. സങ്കീർണ്ണവും പ്രശ്നപൂർണ്ണവുമായ സാമൂഹ്യജീവിതത്തിലെ ചില പരുപരുത്ത യഥാർത്ഥ്യങ്ങൾ തുറന്നുകാട്ടാനാണ് നാടകകൃത്ത് ശ്രമിച്ചിട്ടുള്ളതു്. പാവപ്പെട്ടവനും വൃദ്ധനുമായ രാമൻ തന്റെഭാര്യയെ ഏതുനിമിഷത്തിലും മരണം സംഭവിക്കാമെന്നമട്ടിൽ രോഗം മൂർച്ഛിച്ച് കിടക്കുന്ന പാറുവിനെ–ശുശ്രൂഷിച്ച് നിറമിഴികളോടെ ഇരിക്കുന്ന അവസരത്തിൽ ക്രൂരനും കുടിലചിത്തനുമായ ജുക്കാരൻനായർ പോലീസ്സുകമ്പടിയോടെവന്നു് അവ

രെ മൃഗീയമായി കുടിയിറക്കുകയാണ്. രാമന്റെ പ്രതിഷേധങ്ങളും യാചനകളും വകവെയ്ക്കാതെ അയാളെ നിർദ്ദയം തട്ടിവീഴ്ത്തുകയും പാറുവിനെ വലിച്ച് പുറത്തിടുകയും ചെയ്യു. വീർപ്പടക്കിപ്പിടിച്ചിരുന്നു കാണേണ്ട ഹൃദയസ്പൃശിയായ ഒരു രംഗമാണിത്. ഈ നാടകത്തിലെ ഏററവും വികാരതീവ്രമായ രംഗവും ഇതുതന്നെ. ഉള്ളുലയ്ക്കുന്ന ആ ദുരന്തചിത്രം മനസ്സിൽനിന്നു് പെട്ടെന്നു്മായില്ല.

ഓരോ കഥാപാത്രത്തിന്നും അവരവരുടെ പ്രായവും സ്വഭാവവും സ്ഥിതിയും സംസ്കാരവും അനുസരിച്ചുള്ള ഉചിതമായ സംഭാഷണങ്ങളാണ് നല്കപ്പെട്ടിരിക്കുന്നതു്. തെല്ലും മടുപ്പുകൂടാതെ വായിച്ചുരസിക്കാനും മുഷിച്ചൽകൂടാതെ കണ്ടാശ്വസിക്കാനും പററിയ വിധത്തിലാണ് എ. എൻ. ഇ. സുവർണ്ണവല്ലി ഇതിന്റെ രചന നിർവ്വഹിച്ചിട്ടുള്ളതു്. പുതിയ നാടകങ്ങൾക്കുവേണ്ടി ദാഹിച്ചു നില്ക്കുന്ന കലാസമിതികൾ ഈ കലങ്ങിത്തെളിഞ്ഞ ജീവിതം ഒന്നു പരീക്ഷിച്ചുനോക്കട്ടെ!

സി. എൽ. ജോസ്, തൃശൂർ.

കലങ്ങിത്തെളിഞ്ഞ ജീവിതം കൌതുകത്തോടെ വായിച്ചു. വ്യക്തിത്വം തികഞ്ഞ ഇതിലെ മിക്കകഥാപാത്രങ്ങളും ഹൃദയത്തിൽ തങ്ങിനില്ക്കുന്നു. രാക്ഷസന്മാരായിമാത്രം ചിത്രീകരിക്കപ്പെടുക പതിവുള്ള ജന്മികളിലും ഭട്ടതിരിയെപ്പോലെ നല്ല മനുഷ്യരുണ്ടെന്നു് നിങ്ങൾ തെളിയിച്ചിരിക്കുന്നു. "മതി നായരേ, ശവത്തിമ്മ കുത്തണ്ട!" എന്ന മമ്മദിന്റെ വാക്കു് ഹൃദയത്തെ അലിയിക്കാൻ സമർത്ഥമാണ്. അമ്മയുടെ മരണവാർത്തയറിഞ്ഞു് അച്ഛനെകെട്ടിപ്പിടിച്ച് ഗോപി പൊട്ടിക്കരയുന്ന രംഗം കാണുന്ന ആരും, സിസിയോടൊപ്പം കണ്ണുനീരൊപ്പാതിരിക്കയില്ല....നാടകം ആകപ്പാടെ നന്നായെന്നു് രേഖപ്പെടുത്താൻ സന്തോഷമുണ്ടു്. നിങ്ങളുടെ ഇതരകൃതികളെപ്പോലെ ഈ നാടകവും തികഞ്ഞ ശ്ലാഘ അർഹിക്കുന്നു. കവിയും കാഥികനും നാടകകൃത്തുമായ നിങ്ങളിൽനിന്നു് മേലിലും ഇത്തരം മുതൽക്കൂട്ടുകൾ കൈരളിയ്ക്കു് കൈവരുമാറാകട്ടെ! ഉത്തരോത്തരം വിജയങ്ങൾ നേരുന്നു!

ടി. ഉബൈദ്, കാസ്രഗോഡ്.

ഇനിയുള്ള ഏടുകളിൽ:-

Tatapuram Sukumar

അവതാരിക

— ടാററാപുരം സുകുമാരൻ.

ഒരു സന്ദേശം

— എ. പി. പി. നമ്പൂതിരി, എം. എ.

കൃതജ്ഞത

— എ. എൻ. ഇ. സുവർണ്ണവല്ലി.

കഥകൾ:_


1 വേദനിക്കുന്ന ഹൃദയം

2 ശപിയ്ക്കപ്പെട്ടവനും അനുഗ്രഹിയ്ക്കപ്പെട്ടവളും

3 പാട്ടുകച്ചേരിയ്ക്കു് പോകരുത്

4 ദിവാസ്വപ്നം

5 അനുഗമിക്കുന്ന സംശയം

6 തിരിച്ചുവരുന്ന വേദന

7 പരാജയമല്ല വിജയമാണ്

8 ഒരു കമ്പിയും ചില മരണങ്ങളും

9 വിവാഹാലോചന

KOTTAYAM PUBLIC LIBRARY
KOTTAYAM.

## പരാജയമല്ല, വിജയമാണ്!

# അവതാരിക.

ജീവിത സത്യങ്ങളിൽനിന്ന് അനുഭൂതികൾ നുകർന്നു് ജീവിതസ്പൃശികളായ കലാസൃഷ്ടികൾ കാഴ്ചവെയ്ക്കുകയാണല്ലോ, സാഹിത്യകാരൻെറ ധർമ്മം. ഒരു യഥാർത്ഥ സാഹിത്യകാരനു കാലദേശാവസ്ഥയെ മറികടന്നു് ജനസമുദായത്തെ ഒന്നായി കാണാൻ കഴിയണം. എന്നാൽ മാത്രമേ അയാളുടെ കലാസൃഷ്ടിക്ക് ഉദ്ദേശവും അപൂർവ്വ കല്പനാശക്തിയും അവകാശപ്പെടാൻ കഴിയുകയുള്ളു.

ചെറുകഥാരചനയിൽ ഇന്നു് രണ്ടു് വ്യത്യസ്ത മാർഗ്ഗങ്ങളാണ് സാധാരണ സ്വീകരിക്കപ്പെട്ടുകാണുന്നത്. ആത്മനിഷ്ഠവും വസ്തുനിഷ്ഠവും. കേവലം ആത്മനിഷ്ഠമായി കഥാരചന നിർവ്വഹിക്കുമ്പോൾ ജീവിതത്തിൻെറ സ്പന്ദനങ്ങൾ അതിൽ ഉണ്ടായില്ലെന്നുവരാം. എന്തുകൊണ്ടെന്നാൽ അത്തരംഘട്ടങ്ങളിൽ ജീവിതാനുഭവങ്ങളില്പരി സ്വന്തം ആത്മാവിൻെറ രോദനം മാത്രമേ പകർത്തികാണിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് അനുഭവങ്ങളിൽനിന്നു് ലഭിക്കുന്ന പ്രചോദനമായിരിക്കണം, സാഹിത്യസൃഷ്ടിയുടെ ഉറവിടം. പരസ്പരബന്ധത്തോടെയുള്ള വസ്തുനിഷ്ഠമായ സമീപനമുണ്ടെങ്കിൻ ഏതൊരു അനുഭവവും ഹൃദയസ്പർശിയാക്കിത്തീർക്കാം. ചെറുകഥാകൃത്ത് കഥപറയുകയല്ല, കഥ കാണിച്ചുകൊടുക്കുകയാണ് വേണ്ടതെന്നു് ഡോക്ടർ ജെയിംസ്ഹാച്ച് പ്രസ്താവിച്ചിരിക്കുന്നത് ഇതുകൊണ്ടാണ്.

ഈ ചെറുകഥാ സമാഹാരം രചിച്ചിട്ടുള്ള ശ്രീ. സുവർണ്ണവല്ലിയ്ക്കു് ഒരു ചെറുകഥാകൃത്തിന്നു് അവശ്യംവേണ്ട സിദ്ധികൾ പലതും കരഗതമായിട്ടുണ്ട്. തീക്ഷ്ണങ്ങളും സംവേദനക്ഷമങ്ങളുമായ അനുഭവങ്ങളുണ്ട്. അവ വൃഥാപറഞ്ഞുപോവുകയല്ല, പ്രത്യുത ഡോക്ടർ ഹാച്ച് പ്രസ്താവിച്ചതുപോലെ തൊട്ടുകാണിക്കുകയാണ്. ഈ കഥാകൃത്തിൻെറ വിജയം

കുടികൊള്ളുന്നതും അവിടെയാണ്. കവിതാത്മകമായ ഭാവനയും ശൈലിയും ഓരോ കഥയ്ക്കും അനുവാചകൻെറ ഹൃദയത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലാനുള്ള പ്രത്യേകതയും പ്രദാനം ചെയ്തിരിക്കുന്നു.

വേദനിക്കുന്ന ഹൃദയം എന്ന ആദ്യത്തെ കഥതന്നെ എടുക്കാം. ഒരു മുടിഞ്ഞ നമ്പൂതിരിയില്ലത്തിൻെറ ചിത്രമാണതിൽ. അതിലൂടെ നമ്പൂതിരി സമുദായത്തിൻെറ ക്രമക്കേടുകൾ നാം കാണുന്നു. എല്ലാം തീക്ഷ്ണഭാവത്തിൽനിന്നു് ഉയിർകൊണ്ടതുതന്നെ. സുവർണ്ണവല്ലി വായനക്കാരനെ ആ നമ്പൂതിരിയില്ലത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു. അവിടുത്തെ പടിപ്പുര തുറന്നിട്ട് അതിന്നുള്ളിൽ നടക്കുന്നതെന്താണെന്നു് കാണിച്ചുതരുന്നു. അവസാനം കമിതാവ് വെച്ചു നീട്ടിയപണം അഭിമാനത്തിൻെറപേരിൽ അന്തർജ്ജനം വാങ്ങുന്നില്ല. ഉമാദേവി എന്ന ആ അന്തർജ്ജനത്തോട് സഹതാപം ഉണർത്തിവിടുന്നതിൽ സുവർണ്ണവല്ലി വിജയിച്ചിരിക്കുന്നു. ജീവിതസത്യങ്ങളിൽനിന്നു് അനുഭൂതി നുകർന്നു് എഴുതപ്പെട്ടിട്ടുള്ള ജീവിതസ്പർശിയായ ഒരു കഥയാണ് വേദനിക്കുന്ന ഹൃദയമെന്നു് നിസ്സംശയം പറയാം.

ഈ കഥാസമാഹാരത്തിൽ ബാല്യകാല സ്മരണകളിൽനിന്നു് പ്രചോദനംകൊണ്ട് എഴുതപ്പെട്ട ഭാഗങ്ങളുണ്ട്. ദിവാസ്വപ്നം, തിരിച്ചുവരുന്ന വേദന എന്നീ കഥകളിൽ പ്രണയം, ബാല്യകാലസ്മരണ എന്നിവയാണ് പ്രതിപാദനം. വിജാതീയപ്രണയവും, വിഫലപ്രതീക്ഷകളുമാണ് മുഖ്യ കഥാവസ്തുക്കൾ. അനുഗമിക്കുന്ന സംശയം ഈ കഥാസമാഹാരത്തിലെ വ്യക്തിത്വമാർന്നൊരു കഥയാണ്. ഭർത്താവിനെ സംശയിക്കുന്ന ഭാര്യയുടെ ഒരു ജീവത്തായ ചിത്രംതന്നെ അതിൽ കാണാം. ഇതരകഥകളും കഥാകൃത്തിൻെറ അസാമാന്യമായ കഴിവുകൾ വ്യക്തമാക്കുന്നുണ്ട്.

ഒരു കഥാകൃത്തിന്നു് പ്രഥമവും പ്രധാനവുമായിവേണ്ടതു് അനുഭവസമ്പത്താണല്ലോ. സുവർണ്ണവല്ലിക്ക് ഈ സമ്പത്ത് വേണ്ടത്രയുണ്ട്. അവ തീക്ഷ്ണങ്ങളാണുതാനും. ജീവിതസത്യങ്ങളെ നോക്കിക്കാണാനും മനസ്സിലാക്കുവാനുമുള്ള പാട

വവും വേണ്ടത്രയുണ്ട്. തന്റെ മുന്നിൽകാണുന്ന ഏതൊന്നിന്റെയും അത്ഥം ഗ്രഹിക്കുവാനുള്ള അന്യാദൃശമായ കഴിവും സുവർണ്ണവല്ലി പ്രകടിപ്പിക്കുന്നുണ്ട്. അതുപോലെ ഒഴിച്ചുകൂടാത്ത മററു സിദ്ധികളാണ് ഭാവനയും പ്രതിഭയും. ഒരു കവികൂടിയായ സുവർണ്ണവല്ലി അവയും യഥോചിതം പ്രകടിപ്പിച്ചുകാണാം. എന്നാൽ ചെറുകഥയിലാവുമ്പോൾ തനിക്കറിയാവുന്ന കാര്യങ്ങളെ മനസ്സിൽ പുനഃസംവിധാനം ചെയ്യുന്നതല്ലാതെ ഭാവന ഒരിടത്തും കാട്ടുകയറുന്നില്ല.

ടാററാപുരം സുകുമാരൻ, എറണാകുളം.

# ഒരു സന്ദേശം.

'പരാജയമല്ല, വിജയമാണ്' എന്ന ചെറുകഥാസമാഹാരം പരിശോധിച്ചു. കഥകൾ മെച്ചപ്പെട്ടവയായിട്ടുണ്ട്... അവയിലെ പ്രതിപാദനരീതി ആധുനികമാണ്. ചിന്തയിലൂടെയും ഓർമ്മയിലൂടെയും കഥ വികസിപ്പിക്കുന്ന രീതി വിദഗ്ദ്ധമായി സ്വീകരിച്ചുകണ്ടു. അനുഗമിക്കുന്ന സംശയം വളരെ നന്നായി.

എ. പി. പി. നമ്പൂതിരി, എം.എ.,
കോഴിക്കോട്.

KOTTAYAM PUBLIC LIBRARY

# കൃതജ്ഞത.

പരാജയത്തിലേയ്ക്കല്ല, വിജയത്തിലേയ്ക്കാണ്, സാഹിത്യപരമായ പ്രയത്നങ്ങൾ എന്നെ നയിക്കുന്നതെന്നാണ് അനുവാചകലോകത്തിന്റെ പ്രതികരണങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ കൃതജ്ഞതാപൂർവ്വം ഞാൻ എന്റെ പരിശ്രമങ്ങൾ തുടരുകയാണ്.

ഈ ചെറുകഥാസമാഹാരം സഹൃദയസമക്ഷം അവതരിപ്പിക്കുന്ന, പ്രമുഖരായ കഥാകൃത്തുക്കളുടെ മുൻപന്തിയിൽ വർത്തിക്കുന്ന ശ്രീ. ടാററാപുരം സുകുമാരനോടുള്ള അനിർവ്വചനീയമായ കൃതജ്ഞത ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ; അതോടൊപ്പംതന്നെ സശ്രദ്ധം പരിശോധിച്ച് ചുരുങ്ങിയ വാക്കുകളിൽ മൂല്യനിർണ്ണയം നടത്തി, എനിയ്ക്ക് ആത്മധൈര്യംനല്കിയ, സുപ്രസിദ്ധരായ നിരൂപകന്മാരുടെ മുന്നണിയിൽവർത്തിക്കുന്ന ശ്രീ. എ. പി. പി. നമ്പൂതിരി എം.എ.യോടുള്ള കൃതജ്ഞതയും.

ഇത്രയും കമനീയമായി ഈ സമാഹാരം രംഗത്തിറക്കാൻ സഹായിച്ച ഭാരത് പ്രസ്സിനോടും, ഏബ്സനോടുമുള്ള കൃതജ്ഞതയും സൂചിപ്പിക്കുവാനേ ഈ വാക്കുകൾക്ക് ശക്തിയുള്ളു.

ഈ തൂലികയെ നിരന്തരം പ്രവർത്തന ക്ഷമമാക്കുന്ന സഹൃദയരായ അഭ്യുദയകാംക്ഷികളോട് ഞാൻ എന്നെന്നേയ്ക്കുമായി കടപ്പെട്ടിരിക്കയാണ്! എല്ലാ സഹൃദയന്മാർക്കും കൃതജ്ഞതയുടെ കൂപ്പുകൈകൾ!

എന്നു് സ്വന്തം

എ. എൻ. ഇ. സുവർണ്ണവല്ലി.

# വേദനിക്കുന്ന ഹൃദയം

ഒററയ്ക്കിരിക്കുമ്പോഴെല്ലാം ആ രൂപം മനസ്സിൽവിരിയും. പിന്നാലെതന്നെ വിഷാദാത്മകമായ വിചാരങ്ങൾ അതിൽ അരിച്ചുതുടങ്ങും, ആകെയൊരു തളർച്ചയാണ് ഫലം.

ഞാനിത്രയും നിസ്സഹായനായിപ്പോയല്ലോ. എന്തു ചെയ്യും. — അങ്ങിനെ ചിന്തിച്ചിരുന്നുപോകും, എത്രയെങ്കിലും നേരം.

"എന്താണൊരാലോചന?"

ഞാൻ ഞെട്ടിത്തിരിഞ്ഞുനോക്കും. റോസക്കുട്ടി ഒരു ചോദ്യരൂപത്തിൽ നില്ക്കുകയായിരിക്കും, അപ്പോൾ. ഉടനെ തല താഴ്ത്തിക്കൊണ്ട് ഞാൻ പറയുകയായി. —

ഒന്നുമില്ല.

ഈചോദ്യോത്തരങ്ങൾ പലപ്പോഴും ആവർത്തിച്ചിട്ടുണ്ട്. ഇന്ന് അവിടംകൊണ്ടവസാനിച്ചില്ല.

"ഈ ഒന്നുമില്ലാത്തതിനെക്കുറിച്ചാണോ, എപ്പോഴും ആലോചിക്കുന്നതു്?"

അതെ. അതിനെക്കുറിച്ച് എത്ര ആലോചിച്ചാലും അവസാനിക്കുകയില്ല. അതങ്ങിനെ നീണ്ടു നീണ്ടു പോവുകയാണ്.

"ഓ! വേദാന്തമാണല്ലോ പ്രസംഗിക്കുന്നത്. സന്യാസത്തിന്നൊന്നും പോകരുതേ!"

—ഇല്ല. ഭയപ്പെടേണ്ട.

പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ടാണ് ഞാനത് പറഞ്ഞത്. അവൾ പരിഭവത്തോടെ മുഖം തിരിച്ച് നടന്നുകളഞ്ഞു.

വേദാന്തം!— വേദാന്തമാണുപോലും! പാവം!—എന്തറിഞ്ഞു! റോസക്കുട്ടി അടുത്തില്ലാത്തപ്പോഴെല്ലാം മറ്റൊരു റോസ്സ് എന്റെ മനസ്സിൽ വിടരും. ഈ യാഥാർത്ഥ്യം അവളെങ്ങിനെ അറിയും? വേദാന്തത്തിന്റെ പേരിൽ ഞാൻ രക്ഷപ്പെട്ടു. പിന്നേയും ആ രൂപംതന്നെ മനസ്സിൽ.

[ഏതാണീരൂപം? നിങ്ങളങ്ങിനെ ചോദിക്കും. ഒരു കൊച്ചുസുന്ദരിയെയായിരിക്കും പ്രതീക്ഷിക്കുന്നത്. അല്ലേ, സ്നേഹിതാ? പക്ഷെ, നിങ്ങൾക്ക് തെററിപ്പോയി.]

വൃദ്ധയായ യുവതിയാണവൾ. എല്ലും തൊലിയും മാത്രമേയുള്ളു. ഒട്ടിയകവിളും കുഴിഞ്ഞ കണ്ണുകളും. മാറിൽതൂങ്ങുന്ന ഒഴിഞ്ഞ സഞ്ചികൾ ചപ്പിക്കൊണ്ടിരിക്കുന്ന ഒരു കുഞ്ഞിനേയും കാണാം, ഒക്കത്ത്. കുഞ്ഞെന്നു പറഞ്ഞാൽ നിങ്ങൾ സംശയിച്ചുപോകും. മനുഷ്യക്കുഞ്ഞുതന്നെയാണത്. സൂക്ഷിച്ചുനോക്കിയാലറിയാം. നിങ്ങൾ ആ വഴിക്കു് പോകുമ്പോൾ പലതവണയും കണ്ടിരിക്കും.

ഇല്ലേ? — ഓർത്തുനോക്കു!

ആ അനാഥാവസ്ഥയിലുള്ള പറമ്പിൽ നടക്കുകയായിരിക്കും. അതോ, അലക്ഷ്യഭാവത്തിലും. ചിലപ്പോൾ ഇടിഞ്ഞുപൊളിഞ്ഞ ആ മനയ്ക്കലെ കോലായിൽ കാലും നീട്ടി ഇരിക്കുന്നതു് കാണാം. അവളുടെ പേരാണ് ഉമാദേവിയെന്നു്! സാക്ഷാൽ ഉമാദേവിയുടെ പൊയ്ക്കോലമായിരിക്കുമോ?

[നിങ്ങളൊരു കൃസ്ത്യാനിയല്ലേ? എന്തിനാണ് ആ അന്തർജ്ജനത്തെക്കുറിച്ചു് ഓക്കുന്നത്?

നിങ്ങളത് ചോദിക്കും. അതെനിക്കറിയാം. ഞാ

നൊരു കൃസ്ത്യാനിയാണ്. ശരിതന്നെ. പക്ഷെ, ഒരു മനു ഷ്യനായിപ്പോയി.]

ഉമാദേവിയുടെ ആ രൂപം ഓർമ്മയുടെ വെള്ളിത്തിര യിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുണ്ട്. അപ്പോഴൊക്കെ ഈ ഹൃദയം വേദനിക്കും. അതിന്റെ പിന്നാലെ തന്നെ ആ പഴയ രൂപം മനസ്സിൽ പ്രത്യക്ഷപ്പെടും.

കുളിച്ച് കുറിയിട്ട് തലമുടി വാർന്നൊതുക്കിയേ ഞാനവളെ കണ്ടിട്ടുള്ളു. മഷിയെഴുതിയ ആ കണ്ണുകൾക്ക് പ്രത്യേകമായൊരു ജീവനുണ്ട്. ജനലിന്നിടയിൽക്കൂടിവന്നാലും ആ നോട്ടം ഹൃദയത്തിലേയ്ക്ക് തുളച്ചുകയറും. ഇരുനിറമാണെങ്കിലും അതിന്നൊരു വശീകരണ ശക്തിയുണ്ട്. ഒന്നരയും മുണ്ടും ജാക്കററും മാത്രമാണവളുടെ വേഷം. ആഭരണങ്ങളൊന്നുമില്ല. അതുപോലെതന്നെ സൌന്ദര്യ വസ്തുക്കളുടെ മോടികൂട്ടലും. എന്നാലും ആ മഷിയെഴുതിയ കണ്ണുകളും നുണക്കുഴികളും മാത്രം മതി. ഒരിയ്ക്കൽ കണ്ടാൽ മറന്നുപോവുകയില്ല. ഏതു യുവഹൃദയവും അങ്ങോട്ട് കുതിക്കും.

എനിയ്ക്കും അതുപററി. എന്റെ ഹൃദയം അവളിലേയ്ക്ക് കുതിച്ചു. ഒരുപക്ഷെ, അവളുടേത് എന്നിലേയ്ക്കും. അല്ലെങ്കിലെന്തിന്ന് ആ കരിമിഴികൾ എന്റെനേരെ കുതിയ്ക്കണം.? അതോ, ഒന്നോ രണ്ടോ തവണയല്ല. പലപ്പോഴും!

ഇടയ്ക്കിടെ എന്നിൽ ധാർമ്മികബോധം തലയുയർത്താറുണ്ട്. ധാർമ്മികബോധമെന്നുപറഞ്ഞാൽ നിങ്ങൾ കുറേ വിശാലമായി ചിന്തിച്ചേയ്ക്കും. അത് വേണമെന്നില്ല. ഞാൻ തുറന്നുപറയാം. മതബോധംതന്നെ. അതോടൊപ്പം ജാതിബോധവും. ചുററുനിന്നും ആചാരങ്ങളുടെ കരിങ്കൽ ഭിത്തികൾ എന്നെ ഭീഷണിപ്പെടുത്തി.

ഞാൻ ഒരു കൃസ്ത്യാനി. അവൾ ഒരു ഹിന്ദു യുവതി. മാത്രമല്ല, അതിലെ ഉയന്ന ജാതിക്കാരിയും. ആ നമ്പൂതിരി കുടുംബത്തിന്റെ കുടിയായ്മകൊണ്ടാണ് എന്റെ പൂർവ്വീകന്മാർ ഉപജീവനം കഴിച്ചത്. ഇന്നാണെങ്കിൽ ആ കുടുംബം കുറച്ച് ദിവസങ്ങളോളമെങ്കിലും പട്ടിണികൂടാതെ കഴിയ്ക്കു

ന്നത് ഞങ്ങളുടെ കൂടിയായ്മകൊണ്ടാണ്. ഞങ്ങളുടെ സ്ഥിതി ഇന്നു് സാമാന്യം നല്ല നിലയിലായിക്കഴിഞ്ഞു. അവരുടേത് സാമാന്യത്തിലധികം മോശപ്പെട്ട നിലയിലും. ഉമാദേവി തകരുന്ന കുടുംബത്തിലെ ചിതറാനുള്ള കണ്ണിയാണിപ്പോൾ.

[ഹൃദയവും ഹൃദയവും തമ്മിൽ അടുക്കുകയല്ലേ? അവിടെ എന്തു ജാതി? എന്തു മതം? എല്ലാം നിസ്സാരം!]

അങ്ങിനെ നിങ്ങളിൽ ചിലർ പ്രസംഗിച്ചേക്കാം. പക്ഷെ, ഈയൊരു ബോധമുണ്ടായാൽ മതിയോ? തന്റേടവും വേണ്ടേ? അതു രണ്ടും എനിക്കുമാത്രമുണ്ടായിട്ടെന്തു കാര്യം? അവൾക്കുമുണ്ടാകണം. അതുണ്ടോ? സംശയമാണ്. ഉണ്ടാക്കുക എളുപ്പമല്ല. മിക്കവാറും അസാദ്ധ്യം തന്നെ. അതുകൊണ്ട് ഞാനിങ്ങനെ ഇടക്കിടെ ചെല്ലുന്നതു് ശരിയല്ല. അവളുടെ ജ്യേഷ്ഠനായ ഉണ്ണിനമ്പൂതിരിയുമായി സല്ലപിക്കാനാണ് പോകുന്നത്. അക്കാര്യം വാസ്തവംതന്നെ.

പക്ഷേ; അതിന്നിടയിൽ ഞങ്ങളുടെ കണ്ണുകൾ അന്യോന്യം സല്ലപിക്കാറുണ്ട്. അതു് ആ സഹോദരൻപോലും അറിയുകയില്ല. ആ ശുദ്ധഗതിക്കാരന്റെ കണ്ണിൽ മണ്ണിടുകയാണ് ചെയ്യുന്നത്. അയാളിത് മനസ്സിലാക്കിയാൽ എന്നെ അടുപ്പിക്കുമോ? ആട്ടിപ്പായിക്കുകയില്ലേ?

ഉണ്ണിനമ്പൂതിരിയുമായുള്ള കൂട്ടുകെട്ടിൽനിന്നുതന്നെ കുറേയൊക്കെ സ്ഥിതിഗതികൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അയാൾ എട്ടാംതരംവരെമാത്രമേ എന്റെകൂടെ പഠിച്ചുള്ളു. അതിനപ്പുറം പഠിക്കാൻകഴിഞ്ഞില്ല. കാരണം ദാരിദ്ര്യംതന്നെ. കുടുംബം കുറേ വലുതാണ്. നാലഞ്ചു് സഹോദരിമാരുണ്ട്. അവരിൽ മൂന്നുപേരേയും കൊടുത്തുകഴിഞ്ഞു. പറമ്പുകൾ ഓരോന്നായിവിററിട്ടാണ് സ്ത്രീധനത്തിന്നും ചിലവിന്നുമുള്ള പണം ഉണ്ടാക്കിയത്. നാലാമത്തവളെയും കൊടുക്കണം. ആ ആലോചനയിലാണ്, അച്ഛൻ. അടുത്തൊരു ക്ഷേത്രത്തിലെ ശാന്തികൊണ്ടാണ് ഉപജീവനം. അദ്ദേഹത്തിന്നു് വയ്യാതായി. ആ നിലയ്ക്കു് പഠിപ്പ് തുടരാൻ കഴിഞ്ഞില്ല.

മകനു് അച്ഛൻെറ ജോലി ഏറെറടുക്കേണ്ടിവന്നു. അങ്ങിനെ ശാന്തിക്കാരനായി കഴിയുകയാണയാൾ. അച്ഛനു് വയസ്സും പ്രായവുമായി. കുടുംബത്തിൻെറ ചുമതല തന്നിലേയ്ക്കു് നീങ്ങാൻ അധികം കാലതാമസമില്ല.

കുടുംബഭാരമേററാൽ ആദ്യത്തെ പരിപാടി ഉമാദേവിയെ വേളികഴിച്ചുകൊടുക്കലാണു്. അതിനുവേണ്ടി പറമ്പൊന്നും വില്ക്കുകയില്ല. ആവശ്യമായ തുക താൻ സമ്പാദിച്ചുണ്ടാക്കും. അവൾ സുഖമായി കഴിയുന്നതു കണ്ടിട്ടുവേണം തൻെറകാര്യം ചിന്തിക്കാൻ. അങ്ങിനെ പലപ്പോഴും ജീവിതപ്രശ്നങ്ങളിലേയ്ക്കു് നീണ്ടും, അയാളുടെ സംഭാഷണം.

[ഹൃദയമുള്ള സഹോദരാ, താങ്കളിന്നെവിടെ? അങ്ങയുടെ ജീവിതത്തോടൊപ്പം ആശകൾ മുഴുവൻ തകർന്നിരിക്കയാണു്. അതിൻെറ അവശിഷ്ടമാണു്, ഇന്നത്തെ ഉമാദേവി അവളുടെ ആത്മാവു് കണ്ണീർ പൊഴിക്കുകയല്ലേ?]

കൊച്ചുകുട്ടിയായിരിക്കുമ്പോൾ അവളൊരു കുസൃതിക്കുട്ടയായിരുന്നു. എൻെറ അനുജത്തി കൊച്ചുമറിയവും അവളും ഒരുമിച്ചാണു് സ്കൂളിൽ പോയിരുന്നതു്. വീട്ടിൽനിന്നും മൂന്നു നാലു് പറമ്പു് മാത്രമേ മനസ്കൂലേയ്ക്കുള്ളു. കൊച്ചുമറിയത്തേക്കാൾ രണ്ടു വയസ്സു് കൂടുതലുണ്ടു്, അവൾക്കു്. പഠിക്കാനുള്ള ഉത്സാഹംകൊണ്ടാണത്രെ സ്കൂളിൽ ചേർന്നതു്. അവർ രണ്ടാളും മുമ്പിൽ ചാടിപ്പുറപ്പെടും. കളിച്ചുചിരിച്ചുകൊണ്ടാണു് പോക്കു്. ഞാനപ്പോൾ ഉണ്ണിനമ്പൂതിരിയേയും കാത്തു് പടിയ്ക്കൽ നില്ക്കുകയായിരിക്കും. അയാൾ എത്തിക്കഴിഞ്ഞാൽ നടക്കുകയായി. അനുജത്തിമാരുടെ ഒപ്പമെത്തിയാൽ ഞങ്ങളുടെ നടത്തവും സാവധാനത്തിലാവും. ഉമാദേവിയെ കളിയാക്കുന്നതു് ഒരു രസമാണെന്നിയ്ക്കു്.

—നങ്ങേമേ!

ഞാൻ പിന്നിൽനിന്നു വിളിക്കും.

അതു് കേൾക്കേണ്ട താമസം അവൾക്കു് ശുണ്ഠിവരും.

ഉടനെ കൊഞ്ഞനംകുത്തും. പിന്നെ വായിൽവരുന്നതെല്ലാം പറയും.

കാരണമുണ്ട്. സ്വന്തക്കാർ നങ്ങേമയെന്നാണ് വിളിക്കുക. ആദ്യമൊന്നും അതിൽ അസുഖം തോന്നയിരുന്നില്ല. സ്കൂളിൽ ചേൎന്നപ്പോൾ മട്ടുമാറി. ആ പേരിന്ന് എന്തോ ഒരുപോരായ്മയുണ്ടെന്ന് തോന്നിത്തുടങ്ങി. ഉമാദേവിയെന്ന പേരിൻെറ അന്തസ്സില്ല. സ്വന്തക്കാരോടും കുറേ തൎക്കിച്ചുനോക്കി. എന്നാലും ചിലരുടെ നാവിൽ നങ്ങേമയെന്നേ വരികയുള്ളൂ. പക്ഷെ, മററുള്ളവർ അങ്ങിനെ വിളിക്കാനേ പാടില്ല. അതുകൊണ്ട് അവൾ എൻെറ നേരെ തട്ടിക്കയറും. ഞങ്ങൾക്ക് രസം കൂട്ടുകയും ചെയ്യും. ഞാൻ മതിയാക്കില്ല. കളിയാക്കുന്നതു് കൂടുകയേയുള്ളൂ. അപ്പോൾ അവൾ ഓടും. പിന്നാലെ കൊച്ചുമറിയവും. അങ്ങിനെയാണ് ആ നേരംപോക്കിൻെറ പര്യാവസാനം!

[പ്രിയ സഹോദരീ, ഞാനിന്നു് പശ്ചാത്തപിക്കുന്ന ആ സ്മരണകൾ എന്നെ കൂടുതൽക്കൂടുതൽ വേദനിപ്പിക്കുകയാണ്! നീ ഇന്നു് ഉമാദേവിയുടെ വികൃതരൂപമായ നങ്ങേമതന്നെയായിപ്പോയല്ലോ! 'നങ്ങേമ'യെന്നു് ആരാണാദ്യം വിളിച്ചത്? ആ ആളുടെ നാവ് കരിനാക്കായിരിക്കുമോ?]

അഞ്ചാംതരത്തിലെത്തിയപ്പോൾ പെട്ടെന്നൊരുദിവസം ഉമാദേവിയെ കണ്ടില്ല. കൊച്ചുമറിയം വിഷാദത്തോടെ മടങ്ങി.

ഞാൻ ചോദിച്ചു—

നിൻെറ നങ്ങേമയെന്ത്യേ?

"അവളിന്നു് വരുന്നില്യാത്രെ."

—ഉം? എന്ത്യേ

"എന്താവോ? അവളെ കണ്ടില്ല. വല്യാത്തേമ്മാരാ, പറഞ്ഞത് വരുന്നില്ല്യാന്നു്".

AYAM PUBLIC LIB

എൻെറ മനസ്സിൽ എന്തൊക്കെയോ സംശയങ്ങൾ കിളൎത്തു. ഉണ്ണിനമ്പൂതിരി വന്നപ്പോൾ ചോദിച്ചു. അപ്പോഴാണ് കാര്യം മനസ്സിലായത്. അവൾക്കിനി പുറത്തിറങ്ങാൻ പാടില്ല. മൂലക്കിരിക്കാനേ പററൂ. വയസ്സറിയിച്ചതാണത്രെ, അപരാധം. അതിന്നുള്ള ശിക്ഷയാണ് ആ ജയിൽ വാസം.

പക്ഷെ, എനിക്കു് ആ കുസൃതിയെ് ഇടക്കൊന്നു കാണണം. അല്ലെങ്കിൽ എന്തോ ഒരു പന്തികേട്. അതിനാൽ ഒഴിവുദിവസങ്ങളിലെല്ലാം ഞാൻ മനക്കലേക്കു് പോയിത്തുടങ്ങി. ഉണ്ണിനമ്പൂതിരിയുമായി സൊറയടിക്കാനെന്നപേരിൽ ആ പോക്ക് അറിയപ്പെട്ടു.

എന്നാൽ ആദ്യമാദ്യം നിരാശയാണ് അനുഭവപ്പെട്ടത്. ക്രമേണ അതുമാറി. അവിടെ പോയാൽ ഒരുനോക്കെങ്കിലും ഉമാദേവിയെ കാണാമെന്നായി. എന്തെങ്കിലും കാരണത്തിൻെറ പേരിൽ അവൾ പുറത്തുവരും. ഈ കണ്ണുകൾ അത്യാൎത്തിയോടെ വന്ന് രൂപം കോരിക്കുടിക്കും. എൻെറ തേൾവാലൻ മീശയിലും, തിരമാല മുടിയിലും, തേച്ചുമിനുക്കിയ ഷർട്ടിലും, ചെരിപ്പിലും മററും ആ നോട്ടങ്ങൾ പാറിപ്പാറി സഞ്ചരിക്കുന്നത് കാണാം. അപ്പോഴേക്കും അകത്തു് നിന്നു് വിളിയായി. പിന്നാലെതന്നെ വല്യാത്തേൎമ്മാരുടെ അമൎത്തിപ്പിടിച്ചുള്ള മുറുമുറുപ്പും അവ്യക്തമായി കേൾക്കാം. പിന്നെ, ചിലപ്പോൾ ജനലിൽക്കൂടിയാണ് ആ നോട്ടത്തിൻെറ കുതിച്ചുചാട്ടം.

[അന്നത്തെ മധുരപ്പതിനേഴുകാരി, ആ കുതിച്ചുചാട്ടം ഇന്നെവിടെ? മറന്നുപോയോ? ആ കണ്ണുകൾ കുഴിഞ്ഞ് മങ്ങിയതെങ്ങിനെ?]

(അന്നു് ഉമാദേവി എൻെറ സങ്കല്പത്തിൽ മധുരപ്പതിനേഴുകാരിയായിരുന്നു.)

ഉണ്ണിനമ്പൂതിരി രോഗം ബാധിച്ച് കിടപ്പിലായിരുന്നപ്പോഴും ഞാൻ നിത്യേന പോയിക്കൊണ്ടിരുന്നു. അപ്പോഴും ഞങ്ങളുടെ നോട്ടങ്ങൾ പരസ്പരം ആശ്ലേഷിച്ചിട്ടുണ്ട്.

പക്ഷെ, വിഷാദാത്മകമായ അന്തരീക്ഷത്തിൽ അതിന്നു് യാതൊരാസ്വാദ്യതയും ഉണ്ടായിരുന്നില്ല. ആ ചങ്ങാതിയുടെ വിയോഗം എൻെറ പോക്ക് നിർത്തിക്കളഞ്ഞു. ആ ഘട്ടത്തിലാണു് ധാർമ്മികബോധം എന്നിൽ കൂടുതൽ തലയുയർത്തിയത്. ഞാൻ നിമിത്തം ആ നമ്പൂതിരി യുവതിയുടെ ജീവിതം പാഴായിപ്പോകും. അതു് വഞ്ചനയും കൃതഘ്നതയുമായിത്തീരും. അതിന്നിടവരുത്തരുത്. അഭ്യസ്തവിദ്യനായ ഞാൻ പരിതസ്ഥിതി അറിഞ്ഞു പെരുമാറണം. അങ്ങിനെ ഞാനവളെ മറക്കാൻ പരിശ്രമിച്ചു.

ആദ്യമൊക്കെ ഞാൻ പരാജയപ്പെട്ടു. പക്ഷെ, ദൂരെയുള്ള കോളേജിൽ ചേർന്നപ്പോൾ അതിൽ വിജയിക്കുക തന്നെ ചെയ്തു.

[അതൊരു വിജയമോ — പരാജയമോ? മനസ്സിൽ രണ്ടുതരം ചിന്താഗതികൾ വാദിക്കുകയാണിപ്പോഴും!]

കോളേജ് വിദ്യാഭ്യാസംകഴിഞ്ഞ് നാട്ടിലേക്ക് തിരിച്ചുവന്നപ്പോഴാണറിഞ്ഞത്, ഉമാദേവിവിവാഹിതയായെന്നു്! ഞാൻ മനസാ മംഗളാശംസകൾ നല്കി. എന്നാൽ കൂടുതൽ വിവരങ്ങളറിഞ്ഞപ്പോൾ പെട്ടെന്നു് ഉണ്ടായ സന്തോഷം മങ്ങിപ്പോയി.

എവിടെയൊക്കെയോ തെണ്ടിത്തിരിഞ്ഞിരുന്ന ഒരു വിഡ്ഢി നമ്പൂതിരിയാണ് ഭർത്താവ്. മനയ്ക്കൽതന്നെയാണ് താമസം. ബന്ധുക്കളിൽ ആരോ ഒരാൾ പററിച്ചതാണത്രെ. സന്താനമില്ലാതായ ആ കുടുംബത്തിൻെറ എല്ലാ ചുമതലയും അയാൾക്കാണ്. പക്ഷെ, കാര്യത്തിനൊന്നും കൊള്ളുകയില്ല. ഉണ്ണിനമ്പൂതിരി കഴിച്ചിരുന്ന ശാന്തിയാണ് തൊഴിൽ. അതുതന്നെ ഉമാദേവിയുടെ പിതാവിനോടുള്ള, ദേവസ്വക്കാരുടെ താല്പര്യംകൊണ്ട് കിട്ടിയതാണ്.

ഒരു കാര്യത്തിൽ മാത്രം അയാൾ പിന്നിലല്ല. ഉമാദേവി കൊല്ലത്തിലൊന്നുകണ്ട് പ്രസവിക്കും. മൂന്നുകൊല്ലം കൊണ്ടു് മൂന്നു് കുട്ടികളായി. അതിന്നുള്ള ഉത്തരവാദിത്വം തികച്ചും അയാൾക്കാണ്. നാലാമത്തേത് വയററിലായി

രിക്കയാണപോലും. മനയ്ക്കൽ നിത്യവും ദാരിദ്ര്യം കൂടിവ രികയാണതാനും. രണ്ടനേരവും കഞ്ഞികുടിക്കാനേ വക യുള്ളൂ. ചിലപ്പോൾ അതുതന്നെ ഉണ്ടാവില്ല.

അവളുടെ വേളികഴിഞ്ഞു് രണ്ടാമത്തെകൊല്ലം അച്ഛൻ നമ്പൂതിരിയും മകനെ പിന്തുടർന്നു. ഇപ്പോൾ വയസ്സായ അമ്മയും, ഉമാദേവിയും, വേട്ടനമ്പൂതിരിയും, മൂന്നു് കുട്ടികളു മാണ് ആ കുടുംബത്തിൽ. മററു് സഹോദരിമാർക്കെല്ലാം കഴിഞ്ഞുകൂട്ടവാനുള്ള വകയുണ്ട്. പക്ഷെ, മനയ്ക്കൽ ദാരിദ്ര്യം വർദ്ധിച്ചതോടുകൂടി അവരാരും തിരിഞ്ഞുനോക്കാറില്ലത്രെ.

(മാതൃകാ സഹോദരികളേ, നിങ്ങളുടെ സൌഹൃദ ത്തിന്നു മുമ്പിൽ ദണ്ഡനമസ്കാരം! നിങ്ങൾക്കു് ജന്മം തന്ന ആമാതാവ് ഇനിയും ജീവിച്ചിരിക്കുന്നല്ലോ. അതാണത്ഭുതം!)

വേട്ടനമ്പൂതിരിയ്ക്കു് ഈയ്യിടെ ജോലിയും നഷ്ടപ്പെട്ടു വത്രെ. എന്തോ ചില പാകപ്പിഴകളാണ്കാരണം. ദേവ സ്വക്കാർ അതു് കണ്ടുപിടിച്ചു. പഴയ ശാന്തിക്കാരനെ യോർത്തു രണ്ടു മൂന്നു് തവണ താക്കീതു്ചെയ്തു വിടുകയാണു ണ്ടായത്. നാലാമത്തെ തവണ പിരിച്ചുവിട്ടു. അത്രതന്നെ. ഇപ്പോൾ ഉഴലൂരായി കഴിയുകയാണ്. വല്ലപ്പോഴുമേ ഇല്ല ത്തു് വരാറുള്ളൂ.

[ഇതെല്ലാം പണിക്കാരികൾ അമ്മച്ചിയുടെ മുമ്പിലും റോസക്കുട്ടിയുടെ മുമ്പിലും സമർപ്പിക്കുന്ന റിപ്പോർട്ടുകളാണ്. പൂമുഖത്തിരുന്നു് കേൾക്കുമ്പോഴെല്ലാം ആ ദയനീയരൂപം മന സ്സിൽ ഉയരും.]

അവരെ സഹായിക്കണം. പക്ഷെ, അത് തെററിദ്ധാ രണകൾക്കു് വഴിതെളിയിച്ചാലോ? ഞാനൊരു കൃസ്ത്യാനി യല്ലേ? എന്തുചെയ്യും?

ക്ഷമയുടെ നെല്ലിപ്പടികണ്ടു. അമ്പതുരൂപയും പോക്ക ററിലിട്ടു് മനയ്ക്കലേയ്ക്കുചെന്നു.

ഉമാദേവി കോലായിൽ കാലുംനീട്ടി വിദൂരതയിൽ കണ്ണുംനട്ടിരിക്കുകയാണ്. മൂന്നാമത്തെ കുട്ടി മാറിൽ ഒട്ടി

പ്പിടിച്ച് കിടപ്പുണ്ട്. മററു രണ്ടു് പേക്കോലങ്ങളും അടുത്തുതന്നെ എന്തിനോ ശാഠ്യം പിടിച്ചുകൊണ്ടിരിക്കുകയാണ്.

ആ കാഴ്ച കണ്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു!

എന്നെ കാണേണ്ട താമസം. ഉമാദേവി എഴുന്നേററ് അകത്തേയ്ക്കുപോയി. ഞാൻ വിളിച്ചു. ഫലമുണ്ടായില്ല. അവസാനം മൂത്ത കുട്ടിയെ വിളിച്ചു. ആ നോട്ടുകൾ മടക്കി അവന്റെ കയ്യിൽ കൊടുക്കാൻ ഭാവിക്കുകയാണ്.

—ഇനിയും ആവശ്യമുള്ളപ്പോൾ തരാമെന്നു് അമ്മയോടു പറയൂ.

ഞാൻ പറഞ്ഞു.

"വേണ്ട!"

അകത്തുനിന്നു് ഇടറിയ ശബ്ദം. അതു് ഉമാദേവിയുടേതാണെന്നു് ഞാൻ തിരിച്ചറിഞ്ഞു.

—സാരമില്ല. ഞാൻ ഈകുടുംബത്തിലെ കുടിയാനാണ്. സ്വീകരിക്കുന്നതുകൊണ്ടു് വിരോധമില്ല.

"വേണ്ട. പട്ടിണികിടന്നു് മരിക്യാണെങ്കിലും ആരുടേയും സൌജന്യം ഇവിടെ ആവശ്യാല്യ. ഉണ്ണീ, വാങ്ങരുത്!".

ആ സ്വരം കേട്ട് ഞാൻ തരിച്ചുനിന്നുപോയി!

അല്പം കഴിഞ്ഞ് ഒന്നും മിണ്ടാതെ തിരിഞ്ഞുനടന്നു—നേരെ വീട്ടിലേയ്ക്കു്!

തിരിച്ചുവന്നു് ഇരുന്നതാണ്, ഈ ചാരുകസാലയിൽ എത്രനേരമായെന്നു് നിശ്ചയമില്ല!

# ശപിയ്ക്കപ്പെട്ടവനും

# അനുഗ്രഹിയ്ക്കപ്പെട്ടവളും

ആർക്കുവേണ്ടിയാണ് ഇത്രയും ബുദ്ധിമുട്ടിയത്? ഇപ്പോഴും ബുദ്ധിമുട്ടുന്നതോ? അതിന്റെ ഫലം—? ഇത്തരത്തിലാക്കുമെന്നു് മുമ്പെ അറിഞ്ഞിരുന്നുവെങ്കിൽ!

അല്ലെങ്കിലും ഈ പെണ്ണുങ്ങളെ പൂർണ്ണമായി വിശ്വസിക്കാൻപററില്ല. അങ്ങിനെ ചെയ്യുന്നവൻ മഠയനാണ്. അതുകൊണ്ടല്ലേ, ഇങ്ങിനെ വേദനിക്കേണ്ടിവന്നതു്? ഇല്ലെങ്കിലോ? ആശകളും പ്രതീക്ഷകളും ഹൃദയത്തിൽ നട്ടുവളർത്തുമായിരുന്നോ? നിരാശ എല്ലാം കരണ്ടുതിന്നു നശിപ്പിക്കുകയാണ്. ഇതെങ്ങിനെ സഹിക്കും? അതിന്നു് കരുത്തുവേണ്ടേ? അതെവിടെ?

നിങ്ങൾ ഒരു പട്ടാളക്കാരനല്ലേ? കരുത്തില്ലെന്നോ?

അങ്ങിനെ നിങ്ങളും ചോദിച്ചേക്കാം. പക്ഷേ, ഇല്ലെന്നതാണ് വാസ്തവം. (ഇക്കാര്യത്തിൽ മാത്രം — പട്ടാളക്കാര്യത്തിലല്ല!)

അതൊരു നഗ്നയാഥാർത്ഥ്യമാണ്.

എന്നാൽ മുമ്പ് ഇതായിരുന്നില്ല നില. അന്നു് എന്തുംസഹിക്കാമായിരുന്നു. ആ കഴിവിനെക്കുറിച്ച് ഞാൻതന്നെ പലപ്പോഴും ആശ്ചര്യപ്പെട്ടിട്ടുണ്ടു്. അതെവിടെനിന്നുണ്ടായി?

ഒരു ശക്തികേന്ദ്രം ഉണ്ടായിരുന്നു. ഇന്നത് തകർന്നു പോയി. ആ അവശിഷ്ടങ്ങളിലാണിപ്പോൾ.

ആ ശക്തിയുടെ പ്രവാഹത്തിൽ ഞാൻ എന്നെത്തന്നെ മറന്നുപോയി.

അച്ഛനെയും, അമ്മയെയും, അമ്മാമനെയും, അമ്മായിയെയും — ഒക്കെ ധിക്കരിച്ചുകളഞ്ഞു. അവരുടെ വാക്കുകൾക്ക് യാതൊരു വിലയും കല്പിച്ചില്ല. ആരെയൊക്കെ നിസ്സാരമാക്കിത്തള്ളിക്കളഞ്ഞാണ് ചാടിപ്പുറപ്പെട്ടതു്?

ഒരു പക്ഷേ അതിൻെറ തിരിച്ചടിയായിരിക്കുമോ, ഇതു്? ചെയ്തപാപത്തിൻെറ ഫലം അനുഭവിക്കുകയോ? (പാപത്തിൽ വിശ്വസിക്കുകയോ? അതും, ഈ ഞാൻ?—നിങ്ങൾ അത്ഭുതപ്പെട്ടേക്കും. ശരിയാണ്. വിശ്വസിച്ചിരുന്നില്ല. ഇപ്പോൾ വിശ്വസിക്കുകയാണ് — പാപത്തിലും പുണ്യത്തിലും ഒരുപോലെ!)

അതെ. ചെയ്തതു് ഒരു പാപമല്ലേ? ആ പെററമ്മയുടെ കണ്ണീരിനെ വകവെയ്ക്കാതെയല്ലേ നടന്നത്? എത്ര തവണ തടഞ്ഞു? എന്തെല്ലാം പറഞ്ഞുനോക്കി? അതെല്ലാമോ, അപേക്ഷാഭാവത്തിലും!

ഇടയ്ക്കൊന്നു് സംശയിച്ചുനിന്നു. അമ്മയുടെ ഇടറുന്ന ശബ്ദംകേട്ടപ്പോൾ തൻെറ ഹൃദയം വേദനിച്ചു. കണ്ണിൽവെള്ളംനിറഞ്ഞു. തിരിയാൻ ഭാവിച്ചതാണ്.

അപ്പോഴേക്കും അച്ഛൻെറ ഗർജ്ജനം മനസ്സിൽമുഴങ്ങി—

"കടക്കടാ പുറത്തു്"!

(അതിപ്പോഴും മുഴങ്ങുകയാണ്. ചിലപ്പോൾ വ്യക്തമായും. മററു ചിലപ്പോൾ അവ്യക്തമായും.)

കേൾക്കേണ്ട താമസം. ആകെയൊരു കോരിത്തരിപ്പിളകി. കാലുകൾ കുതിച്ചു. എങ്ങോട്ടെന്നില്ല. ഹൃദയത്തിൽ നിറയെ കാററും കോളുമാണ്. അവിടെ നിന്നാൽ ഭ്രാന്തുപിടിക്കും. അതു്കൂടാതെക്കഴിക്കണം. എന്തിനുവേണ്ടി? അച്ഛ

നവേണ്ടിയാണോ? അല്ലാ, അമ്മയ്ക്കുവേണ്ടിയോ? അതുമല്ല, തനിയ്ക്കോ?

അതൊന്നുമല്ല ഒരൊററവ്യക്തിക്കുവേണ്ടി. ഓമനയായ റോസാമ്മയ്ക്കുവേണ്ടി. അവളുടെ ജീവിതം സമ്പൂർണ്ണമാക്കുവാൻ. ആ മുഖത്ത് എപ്പോഴും ആനന്ദം വെട്ടിത്തിളങ്ങണം. അതിന്നു സർവ്വസ്വവും ബലിയർപ്പിയ്ക്കാം. അതാണ് നില.

അങ്ങിനെ മുന്നോട്ടുകുതിച്ചു!

കുറേപോയപ്പോൾ തളൻറിരുന്നുപോയി. അതോ, ഒരു നാടൻ വഴിവക്കിലും. കാക്കകൾ തന്നെ ആട്ടിപ്പായിക്കുന്നതുപോലെ തോന്നി. പക്ഷികൾ ശകാരിക്കുന്നതുപോലെയും. അന്തരീക്ഷം മൂടികെട്ടി നിൽക്കുകയാണ്. ഏതുനിമിഷവും തൻെറ നേരെ പേമാരി പൊരിഞ്ഞേയ്ക്കും. ഉടനെ തടി തപ്പിയേകഴിയൂ. ആകാശത്തിൽ ആരോ സ്വർണ്ണമാലകളെടുത്തു ഓരോന്നായി പെട്ടിയിലടുക്കുകയാണ്. (സ്വർണ്ണമാലകൾ! അതിൻെറ പിന്നിലുള്ള ശക്തിവിശേഷം ഈശ്വരചൈതന്യംപോലും നിസ്സാരമാണ് അതിന്നുമുമ്പിൽ! അല്ലെങ്കിൽ തൻെറ നില ഇതാകുമായിരുന്നോ?)

അച്ഛനും, അമ്മയ്ക്കും, ബന്ധുക്കൾക്കും ഞാൻ എല്ലാനിലയിലും ഉയൻറുകാണണം. പരിപൂർണ്ണതയാണ് അവരുടെ ലക്ഷ്യം. യാതൊരുതരത്തിലുള്ള കുറവും ബാധിക്കരുത്, അതിന്നുവേണ്ടി അവർ പഠിച്ച തത്വശാസ്ത്രങ്ങളിൽകൂടി ചിന്തിച്ചു. കഴിയുന്നതൊക്കെ പ്രവർത്തിക്കുകയുംചെയ്തു. പ്രതിബന്ധങ്ങളെ സർവ്വകഴിവുമുപയോഗിച്ചു എതിർത്തു. അത്രതന്നെ.

നമ്മൾ ഇന്നുണ്ടായതാണ്. നമ്മുടെ കുടുംബമാണെങ്കിൽ ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. പല കാരണവന്മാരുടെയും പരിശ്രമങ്ങളുടെ പരിശ്രമഫലമാണതു്. ഇന്നുള്ള അന്തസ്സും അഭിമാനവും അവരുടെ സമ്പാദ്യമാണ്. അതിൽക്കൂടെയാണ് എല്ലാ ഉയർച്ചയും. നാട്ടിൽ നിലയും വിലയും നേടിയതു് പെട്ടെന്നു് ഒരു ദിവസംകൊണ്ടല്ല. അതു് നശിപ്പിക്കാൻ എളുപ്പത്തിൽ സാധിക്കും. നശിപ്പിക്കുകയല്ലവേണ്ടതു്.

സമ്പത്തില്ലാത്തതു് കണക്കാക്കേണ്ട. ലക്ഷ്മി അസ്ഥിരയാണ്. വന്നും പോയുംകൊണ്ടിരിക്കും. എങ്കിലും തറവാട്ട് പാരമ്പര്യം—അതുകളഞ്ഞു കളിക്കാൻ പാടില്ല.

അതുപോലെത്തന്നെയാണ്ജാതിയും മതവും. എത്രയോ പഴക്കമേറിയതാണ്. പെട്ടന്നൊരാൾവന്നു് അതൊന്നുമില്ലെന്നുപറഞ്ഞാൽ ഇല്ലാതാവില്ല.

അങ്ങനെ നീണ്ടുപോവുകയാണ്, ആ തത്വശാസ്ത്രം. എന്നെ റോസാമ്മയിൽനിന്നകററാൻ അച്ഛൻ ഉയർത്തിവെച്ചതാണത്.

ബന്ധുക്കൾ ആതു് ചൂണ്ടിക്കാണിച്ചുതന്നു. ഞാനതെല്ലാം ചിന്തിച്ചുനോക്കി ഒന്നും മനസ്സിലായില്ല.

എല്ലാം മിഥ്യാധാരണകളായാണ് തോന്നിയത്.

ജാതിയും മതവും!

—സ്വാർത്ഥത്തിൻെറ സൃഷ്ടികൾ!

കുടുംബ പാരമ്പര്യം!

—ആഭിജാത്യത്തിൻെറയും അന്തസ്സിൻെറയും പൊങ്ങച്ചസ്സഞ്ചിയാണ്!

അതൊക്കെ കാലഹരണപ്പെട്ടുകഴിഞ്ഞു! ആ പഴഞ്ചന്മാർക്ക് ഈ പുതിയ സിദ്ധാന്തങ്ങളൊന്നും മനസ്സിലാവുകയില്ല.

ഞാനൊരു വക്കീലിനെക്കാൾ വാചാലതയോടെ വാദിച്ചു.

അതിന്നു് പ്രചോദനം നൽകിയത് റോസ്സാമ്മയാണ്. അതെ. എൻെറ ജീവിതസ്വപ്നമായ ആ ഓമനതന്നെ!

ഓമനയെന്നു് പറഞ്ഞാൽ നിങ്ങൾക്കു് പെട്ടെന്നു് അറിയുകയില്ല.

ജീവനുള്ള നീണ്ടുവിടൻ കണ്ണുകൾ. ഒരു നോട്ടംവിട്ടാൽ ഏതു യുവഹൃദയത്തിലുംആ ഞുതറയ്ക്കും. വിരികുഞ്ഞ ആ

44779

നെററിത്തടത്തിൽ കൊച്ചളകങ്ങൾ നൃത്തംവെയ്ക്കാറുണ്ട്. ചുരുണ്ടുനീണ്ട തലമുടി ആ മുഖത്തിന്നു് പാശ്വാത്തലമായി നില്ക്കും. അങ്ങനെ ആകർഷതപംകൂട്ടും. പുഞ്ചിരി ആ ചുവന്ന ചുണ്ടുകളിൽ ഇടയ്ക്കിടെ മിന്നൽവീശും. ആ കവിൾത്തടങ്ങൾ, നുണകുഴികൾ വിടർത്തിനില്ക്കുമ്പോൾ അവയിൽ ചുംബനങ്ങളർപ്പിക്കാൻ ഏതുചുണ്ടും കൊതിച്ചുപോകും. ആ ഒതുങ്ങിയ ശരീരം ഒരു പൂവല്ലിപോലെ ആടിയുലഞ്ഞുനീങ്ങും. ചുകന്ന ജാക്കററും പച്ചസ്സാരിയും ചുകന്നു വെളുത്ത ശരീരത്തിൻെറ കാന്തിക്കു മാററുകൂട്ടും.

കോളേജിൽ അവൾ പലരുടേയും ആരാധനാപാത്രമായിരുന്നു.

"കോളേജ്ബ്യൂട്ടി!"

അതാണവൾക്ക് കോളേജ് പിള്ളേർനല്കിയ ബിരുദം!

ഞാനവൾക്ക് കൊടുത്തതു് "വേൾഡ് ബ്യൂട്ടി"! എന്നാണ്.

ആദ്യമൊക്കെ കളിയാക്കുകയാണെന്നാണ് പാവം ധരിച്ചിരുന്നതു്. പക്ഷെ, ആത്മാത്ഥമായ അഭിപ്രായമാണതെന്നു് പിന്നീടവൾ ധരിച്ചിരിക്കണം. അതിന്നനുസരിച്ചായിരുന്നല്ലോ എൻെറ പെരുമാററം.

ആദ്യമായി ആ ബിരുദംനല്കിയ നിമിഷം ഞാനിപ്പോഴും ഓക്കുകയാണ്.

അവളുടെ പറമ്പിൻെറ മൂലയിലുള്ള മാവിൻ ചുവട്ടിൽ വെച്ചാണതുണ്ടായതു്. നീലാകാശത്തിൽനിന്നും ചന്ദ്രൻ ആ പ്രണയരംഗം നിരീക്ഷിക്കുകയാണ്. ആ നുണക്കുഴികൾ ഇക്കിളികൊണ്ടു. ചുണ്ടുകളിൽ മുല്ലപ്പൂക്കൾവിരിഞ്ഞു. കൺകോണുകളിൽ സുന്ദര സങ്കല്പങ്ങൾ തത്തിക്കളിച്ചു.

അതെല്ലാംകണ്ട് അടങ്ങിനില്ക്കാൻ എനിയ്ക്ക് സാധിച്ചില്ല. (വേണമെങ്കിൽ ദുർബ്ബല നിമിഷങ്ങൾ എന്നുതന്നെ പറഞ്ഞുകൊള്ളു.)

എൻെറ ഹൃദയം ആവേശംകൊണ്ടു. പരിസരം മറന്നു പോയി. ഏതോ ഒരു സ്വപ്നലോകത്തിലേക്കു് ഉയൎന്നു!

മനോഹരമായി അലങ്കരിച്ച മണിയറയിലാണു്, ഞങ്ങൾ. പട്ടുമെത്തയിലിരുന്നു ഞാനെൻെറ സൌന്ദൎയ്യറാണിയുമായി സല്ലപിക്കുകയാണു്. മന്ദാനിലൻ വെൺചാമരം വീശുന്നുണ്ടു്. പരിമളംവീശുകയാണു് അന്തരീക്ഷം. ആനന്ദതുന്ദിലമായ നിമിഷങ്ങൾ! രണ്ടു മുഖങ്ങളും പരസ്പരം അടുത്തു. ചുണ്ടുകൾ സ്പർശന സുഖത്തിൽലയിച്ചു..........!

ആ രംഗം പലതവണയും ആവർത്തിച്ചു.

ക്രമേണ അതിൽ തൃപ്തിയില്ലെന്നായി. അതിന്നു് ആരുടെയും അംഗീകാരം ആവശ്യമില്ലല്ലോ. മോഹങ്ങൾ വർദ്ധിക്കുന്തോറും തൃപ്തിയില്ലായ്മ കൂടികൂടിവരും.

ഈ ഒളിച്ചുകളികൾ ആവർത്തിക്കുന്നതു് അസുഖകരമാണു്. എല്ലാവരുടെയും അംഗീകാരത്തോടുകൂടിയാവാം. ഏതായാലും അതിന്നുള്ള കളമൊരുക്കുകതന്നെ.

ഞാൻ തീരുമാനത്തിലെത്തി.

അങ്ങോട്ടു് അന്വേഷിച്ചുപോകേണ്ടിവന്നില്ല. സന്ദർഭം ഇങ്ങോട്ടുസമീപിച്ചു.

ഒരു വിവാഹാലോചന വന്നിരിക്കുകയാണത്രെ, എനിക്കു്. അമ്മയിൽകൂടിയാണു് വിവരം ആദ്യമായി അറിഞ്ഞതു്. അമ്മാമൻെറ ഒരു സ്നേഹിതൻെറ മകളാണത്രെ. പിടിപ്പതു സ്ത്രീധനംകിട്ടും. അതുകൊണ്ടു ഉപരിപഠനം തുടരാം. ഉദ്യോഗം കിട്ടാനും അതിൽക്കൂടി ഉയൎന്നുപോകാനും സാദ്ധ്യതകളുണ്ടു്. എൻെറ ശോഭനമായ ഭാവി ആ വിവാഹത്തിലാണു് കുടികൊള്ളുന്നതു്.

ഇല്ലെങ്കിൽ എല്ലാം തകൎന്നുപോകും!

വിദ്യാഭ്യാസം മുഴപ്പിക്കാൻ സാധിച്ചില്ല. അതേ കാരണംകൊണ്ടാണത്രെ സമൎത്ഥനായ അമ്മാമൻ ഇങ്ങനെയൊരു ബന്ധം കണ്ടുപിടിച്ചതു്.

(ഭാവി തെളിയുന്നതു് നല്ലതുതന്നെ. പക്ഷെ ഭൂതത്തെയും വർത്തമാനത്തെയും എങ്ങിനെ തള്ളിക്കളയും? അവയിലല്ലേ ഭാവിനില്ക്കുന്നതു്? ഭൂതത്തിൻെറ അസ്ഥിവാരത്തിൽ പടുക്കുന്ന വർത്തമാനത്തിൻെറ ഭിത്തികളിൽ ഭാവി കെട്ടി ഉയർത്തണം. അപ്പോൾ മാത്രമേ അതു് ഫലപ്രദമാവുകയുള്ളൂ.

മനസ്സാക്ഷി എന്നെ ഉപദേശിച്ചുകൊണ്ടിരുന്നു.

ആ ഉപദേശത്തിൽക്കൂടി കണ്ണോടിച്ചപ്പോൾ റോസ്സാമ്മയാണ് — മുമ്പിൽ!

—നുണക്കുഴികൾ വിരിയിച്ച് പുഞ്ചിരി പൊഴിക്കുന്ന സുന്ദര മുഖം.

അതുകണ്ടപ്പോൾ അമ്മാമനും അമ്മയും അച്ഛനും കാണുന്ന ഭാവി ജീവിതം ഇരുളടഞ്ഞതായിത്തോന്നി.

അവസാനം കാര്യം തുറന്നുപറഞ്ഞു.

ആരുടെമുമ്പിലും തുറന്നുപറയുന്ന പ്രകൃതമാണ്എൻേറതു് (പലപ്പോഴും ആ സ്വഭാവം എൻെറ ദൌർബ്ബല്യമായി പരിണമിച്ചിട്ടുണ്ട് ഞാനീപ്പറയുന്നതും ഒരുപക്ഷെ അങ്ങിനെയായേക്കാം. എന്നാലും ഞാനതു് തുടരും.)

എൻെറ വാദ മുഖങ്ങളെല്ലാം വിനയപൂർവ്വമാണ് ഗുരുജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചതു്. പക്ഷെ, അതൊന്നും മുഖവിലക്കെടുക്കാൻ അവർ തയ്യാറായിരുന്നില്ല. ആ ഗുണകാംക്ഷികൾ തുടന്നു. അവരുടെ അഭിപ്രായം യാതൊന്നും സ്വീകരിക്കുകയില്ലെന്നു ബോദ്ധ്യമായപ്പോൾ അടവൊന്നു് മാററി.

ഞാൻ ആരെയോ സ്നേഹിക്കുന്നുണ്ടെന്നു് ഊഹിച്ചിരിക്കണം. പിന്നീട് അതിനെക്കുറിച്ചായി അന്വേഷണം.

ഞാൻ സ്നേഹിക്കുന്ന കുട്ടിയെത്തന്നെ കല്യാണം കഴിക്കാമെന്ന നിലയിലോളമെത്തി.

നിർബ്ബന്ധംതന്നെ.

ഗത്യന്തരമില്ലാതായപ്പോഴാണ് റോസ്സാമ്മയുടെ കാര്യം പറഞ്ഞതു്. ഫലം പ്രതീക്ഷയ്ക്കു് വിപരീതമായിരുന്നു.

(ഞാൻ ശുദ്ധനോ? അതല്ല വിഡ്ഢിയോ? —പലപ്പോഴും ആലോചിച്ചുപോയിട്ടുണ്ട്!)

പെട്ടെന്നൊരു പൊട്ടിത്തെറി! അച്ഛനും, അമ്മാമനും, അമ്മയും എല്ലാവരും ഒരുമിച്ചു തട്ടിക്കയറി! തറവാടുതന്നെ ഒന്നു് കുലുങ്ങിപ്പോയി!

"ഛേ! കഴുതേ! ആ മാപ്പളിച്ചിയേയുള്ളു, നിനക്കു സ്നേഹിക്കാൻ?"

"സ്നേഹിക്കാൻ കണ്ടൊരു പെണ്ണ്!"

"പൊളിയാത്ത കൊമ്പിലാണ് കൊക്കയിടുന്നതു്?"

മൂവരും തങ്ങളുടെ അഭിപ്രായങ്ങൾ വെളിപ്പെടുത്തി.

ചെറുപ്പക്കാരനും പരിഷ്കാരിയുമായ അമ്മാമൻ ഗുണദോഷിച്ചു.

ചുരുക്കമിതാണ്:

ആ സ്നേഹം വേർപെടുത്തണം. അവർ നിശ്ചയിച്ചു കല്യാണമേ നടക്കു!

ഒടുവിൽ ഞാൻ തീർത്തുപറഞ്ഞു—

സാദ്ധ്യമല്ല!

സംഗതി അച്ഛൻെറ ചെകിട്ടിലെത്തേണ്ട താമസം ചാരുകസേരയിൽനിന്നും ചാടിയെഴുന്നേററു.

"കടക്കെടാ, വെളിയിൽ! തറവാടുമുടിക്കാൻ പിറന്ന ധൂമകേതു! ഇനി എൻെറ മുമ്പിൽ കണ്ടുപോകരുതു്!

ഉള്ളിൽ ഒതുങ്ങിക്കിടന്ന ആത്മാഭിമാനം ഉണന്നു. പിന്നെ അധികം താമസിച്ചില്ല.

അങ്ങു പുറപ്പെട്ടു. മുണ്ടും ഷർട്ടും—അത്രമാത്രം. മററു കാര്യമായൊന്നുമില്ല.

അലക്ഷ്യമാണ് യാത്ര!

പക്ഷെ, ഒരു സമാധാനമുണ്ട്. പണ്ടുപണ്ടേ കേട്ട പരിചയമുള്ളതാണതു്.

ആണല്ലേ? എവിടെ ചെന്നാലും ജീവിക്കാം. എന്തെങ്കിലുമൊരുവഴിയുണ്ടാകും.

അപകടം മണത്തറിഞ്ഞ, അമ്മ തടഞ്ഞു. കണ്ണീരും ഇടറുന്നകണ്ഠവും തൻെറ മുമ്പിൽ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു! (അമ്മയുടെ ആ മുഖം ഇപ്പോഴും മനസ്സിൽ തെളിയുകയാണ്.)

"മോനേ! – ഭാസ്കരാ!" ആ വിളി അകലെനിന്നുംവന്നു ചെകിട്ടിൽ അലയടിക്കുന്നുണ്ട്. എന്നാൽ ആത്മാഭിമാനത്തിൻെറ ആവേശം കൊടുമ്പിരികൊള്ളുകയാണുണ്ടായതു്. അങ്ങിനെ തന്നത്താൻ മറന്നു നടന്നു. ചിന്തക്കു് ചൂടുപിടിക്കുകയാണ്.

ഒടുവിൽ നാടുവിടാൻതന്നെ തീരുമാനിച്ചു.

അപ്പോഴാണ് റോസ്സാമ്മയുടെ വിരഹത്തെക്കുറിച്ച് ഓർത്തുപോയതു്! മനസ്സ് അവളുടെ സമീപത്തേക്കു് കുതിച്ചു. പിന്നാലെ കാലുകളും നീങ്ങി.

അപ്രതീക്ഷിതമായ സന്ദർശനം അവളെ അത്ഭുതപ്പെടുത്തി. വിവരമറിഞ്ഞപ്പോൾ ഒന്നു ഞെട്ടുകതന്നെചെയ്തു! ആ കണ്ണുകൾ നിറഞ്ഞു. കണ്ഠം ഇടറി. വാക്കുകൾ തടയപ്പെട്ടു!

എങ്കിലും സ്വയം സമാധാനിച്ചുകൊണ്ട് അവളെ ആശ്വസിപ്പിച്ചു.

ഏറെത്താമസിയാതെ സ്വന്തം കാലിന്മേൽ നില്ക്കാറായിത്തീരും. ആയാലുടനെതന്നെ വിവാഹം നടത്തണം. പരാശ്രയംകൂടാതെ സുഖമായി ജീവിക്കാം. ഓമന സമാധാനമായിരിക്കണം.

അത്രവേഗം സമാധാനിക്കുന്ന പ്രകൃതമായിരുന്നില്ല, അവളുടേതു്. ആ വാക്കുകളിലും കണ്ണുകളിലും നിറയെ ആശങ്കകളാണ്.

ഞാനെൻെറ അഭിപ്രായങ്ങൾ ആവത്തിച്ചാവത്തിച്ച് ഉറപ്പിച്ചു. തൽക്കാലം കുറച്ചുനാളത്തേയ്ക്കു് ക്ഷമിച്ചുകൂടണം. മററു പോംവഴിയില്ല. ഭാവി നമ്മുടെ കൈകളിലാണ്. ഉറപ്പിച്ചിരിക്കുകയേവേണ്ടൂ.

അവസാനം അർദ്ധമനസ്സോടെ സമ്മതമരുളി.

ആ ഓമനയാണിന്നു്.........!

അവൾക്കു് എല്ലാ സംഗതികളുമറിയാം. ഞാൻ എന്തെല്ലാം കഷ്ടപ്പാടുകൾ അനുഭവിച്ചു? ആർക്കുവേണ്ടിയാണ് അതെല്ലാം? റോസാമ്മ എൻെറ കൺമുമ്പിൽ പെട്ടില്ലായിരുന്നുവെങ്കിൽ എല്ലാം മറിച്ചായേനെ!

ഒരു ജോലിയ്ക്കുവേണ്ടി എത്രയാണ് പാടുപെട്ടതു്? എവിടെയെല്ലാം അലഞ്ഞുതിരിഞ്ഞു? ഏതെല്ലാം പടിവാതിലുകൾ കയറിയിറങ്ങി? ആരുടെയെല്ലാംആക്ഷേപങ്ങളാണ്കേട്ടതു്? ദാഹവും വിശപ്പും സഹിക്കവയ്യാതെ ഇരന്നു നടക്കേണ്ടിവന്നില്ലേ? സ്വപ്നത്തിൽപോലും പ്രതീക്ഷിക്കാത്തതാണ് അതെല്ലാംതന്നെ. ഞാൻ മാത്രമല്ല, ആരും! റോസ്സാമ്മ എൻെറ ജാതകം തിരുത്തിയെഴുതി.

അവളാണ് എൻെറ പ്രതീക്ഷകളെല്ലാം അട്ടിമറിച്ചത്.

റോസ്സാമ്മേ, നിനക്കെങ്ങിനെ ധൈര്യംവന്നു? നീ യുവതിയാണോ? എന്നെ ശരിക്കറിയാൻ കഴിഞ്ഞിട്ടുണ്ടോ?

ഉദ്യോഗവും സ്ഥാനമാനങ്ങളും എന്നെ അങ്ങോട്ടു മാടിവിളിച്ചതല്ലേ? ഞാനെന്തിന്നു് തള്ളിക്കളഞ്ഞു? നിനക്കുവേണ്ടിമാത്രം? നിന്നോടൊപ്പം കഴിഞ്ഞുകൂടണമെങ്കിൽ എനിയ്ക്കൊരു ഉപജീവനമാർഗ്ഗംവേണം. അല്ലെങ്കിൽ കുടുംബത്തിൽനിന്നു് ബഹിഷ്കരിക്കപ്പെട്ട ഞാൻ നിന്നേയുംകൂട്ടി ഇരന്നുനടക്കേണ്ടിവരും. ആ ദയനീയനില എനിക്കോർക്കാൻപോലും സാദ്ധ്യമല്ല.

ഞാൻ ഒരു പട്ടാളക്കാരനായിക്കഴിയുന്നതു് നിനക്കത്ര പിടിച്ചില്ല,—അല്ലേ? അതെനിക്കുള്ള ദോഷമായാണ് നീ കാണുന്നതു്. (നീ ആലോചിച്ചിട്ടുണ്ടോ? എല്ലാ സ്ത്രീകളും

നിന്നെപ്പോലെയാണെങ്കിലോ? അതുനിമിത്തം ആരും പട്ടാള ത്തിൽ ചേരുകയില്ലെന്നുംവരട്ടെ. നിന്നെപ്പോലെയുള്ളവ രൊക്കെ എവിടെയെത്തും? ശത്രുക്കളുടെ നീചനീചമായ ചെ യ്തികളിൽ നീറിനീറി ദഹിക്കുകയില്ലേ? — ഭാഗ്യം! നമ്മുടെ രാജ്യത്തിൻെറ പാരമ്പര്യം മറിച്ചാണ്!)

ഞാനിന്നു് അഭിമാനിക്കുകയാണ്, പട്ടാളക്കാരനായ തിൽ. ഇതിനുമുമ്പ് ഇരപ്പാളിയായിരുന്നു. അക്കാര്യം നിന ക്കു് ഓർമ്മയുണ്ടോ? ഇല്ലെങ്കിൽ ആ കത്തുകളെല്ലാം എടുത്തു പരിശോധിക്കു. കുറേമുമ്പ് എഴുതിയ ഒരു കത്തിൽകാണാം.

പട്ടാളക്കാരനായ എന്നെ നീ അധിക്ഷേപിച്ചുകൊള്ളു. പക്ഷെ, അപ്പൻെറയും അമ്മയുടെയും മറവിൽ നിന്നിട്ടുവേണ്ട. നേരിട്ടുതന്നെയാവാം. അങ്ങനെ എന്നെ കബളിപ്പിക്കാൻ ശ്രമിക്കുന്നതു് വൃഥമാണ്.

കാര്യം പറഞ്ഞാൽ മനസ്സിലാവാത്തതാണോ നിൻെറ പ്രായം? കല്യാണവും കഴിച്ചു സുഖമായി ജീവിക്കുന്ന പട്ടാള ക്കാരില്ലേ?

കല്യാണംകഴിച്ചു കഷ്ടപ്പെടുന്ന വലിയ ഉദ്യോഗസ്ഥന്മാ രുടെ കഥകൾ അറിയാമോ? വരാനുള്ളതു് എന്തായാലും നേ രിടുകയാണ് മനുഷ്യധർമ്മം. ആദർശത്തിൻെറ മുമ്പിൽ ഭയാ ശങ്കകൾക്കിടമില്ല — അങ്ങിനെ യുക്തിയുക്തമായ ആശ്വാസ വചനങ്ങൾ അടുത്തകാലത്തെ കത്തുകളിലില്ലേ?

(നിന്നിൽ വേരുറച്ച അഭിപ്രായമാണ് നീ എഴുതിയ തു്. അല്ലാതെ, അപ്പൻെറയും അമ്മയുടെയും വാക്കുകളല്ല. തീർച്ചയാണ്. നീ അവരുടെ മറവിൽ ഒളിക്കാൻ ശ്രമി ച്ചിട്ടും പരാജയപ്പെട്ടുപോയി!)

ഒരു പട്ടാളക്കാരൻ എപ്പോഴും മരണത്തിൻെറ മുമ്പിലാ ണ്. അതാണെങ്കിൽ ഏതു നിമിഷവും വായും പിളർന്നു വിഴുങ്ങാൻ തയ്യാറായിക്കൊണ്ടും! തോക്കുകൾക്കും പീരിങ്കി കൾക്കുമിടയിൽ ജീവിതത്തിന്നു് സുഖിക്കാൻ സമയമില്ല. ദുഃഖവും കഷ്ടപ്പാടുമാണ് പട്ടാളക്കാരന്നു് വിധിച്ചിട്ടുള്ളതു്.

സുഖമായി ജീവിക്കാനുള്ള സാഹചര്യം സന്തോഷപൂർവ്വം സ്വാഗതംചെയ്യുമ്പോൾ അതിന്നു് എല്ലാംകൊണ്ടും അർഹയായ ഒരുപെൺകുട്ടി ആ ശപിക്കപ്പെട്ടവൻെറ അടുത്തേയ്ക്കു് എന്തിന്നു് ഓടിച്ചെല്ലണം?—അച്ഛൻെറയും അമ്മയുടെയും അഭിപ്രായമാണിതെന്നോ!

(നിനക്കു നാവില്ലേ. മറുപടി പറയാൻ? അതിറങ്ങിപ്പോയോ? നിൻെറ വാചാലത പേടിച്ചോടിയെന്നോ!)

ശരിയാണ' സഹോദരീ, ശരിയാണ്! നിൻെറ തത്വശാസ്ത്രം നിനക്കുവേണ്ടിത്തന്നെ അഴിച്ചുവെച്ചിരിക്കയാണ്.

പക്ഷെ, ഞാൻ അത്ഭുതപ്പെടുകയാണ്. ഈ ബോധോദയം ഇപ്പോൾമാത്രം എങ്ങിനെ ഉണ്ടായി? ഇതു് കുറേ മുമ്പായിരുന്നുവെങ്കിൽ! ഞാനിന്നു് "ശപിക്കപ്പെട്ടവ"നാകുമായിരുന്നോ? എന്നെ ശപിച്ചതു് നീയാണ്—നീമാത്രം! പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി!

(ഞാൻ ശപിക്കപ്പെട്ടവനായിപ്പോയി. നീ അനുഗ്രഹിക്കപ്പെട്ടവളായികൊള്ളട്ടെ. ഞാൻ സംതൃപ്തനാണ്.) അല്ലെങ്കിൽ നിന്നെപറഞ്ഞിട്ടെന്തുകാര്യം?

പഴയ ജാതിയും മതവുംമാറി. എന്നെപ്പോലുള്ളവർമാററി. പക്ഷെ നിന്നെപ്പോലുള്ളവർ പുതിയ ജാതിയും മതവും സ്ഥാപിക്കുകയാണ് ഉദ്യോഗവും പദവിയുമാണ് നിൻെറ ജാതിയും മതവും.

ഇല്ല ഞാനാരെയും കുററപ്പെടുത്തുന്നില്ല. പശ്ചാത്തപിക്കുകയാണ്—നിന്നെ തെററിദ്ധരിച്ചതിൽ! അഥവാ ശരിയായവിധത്തിൽ മനസ്സിലാക്കാത്തതിൽ. അതുമൂലം ഗുരുജനങ്ങളെ ധിക്കരിച്ചതിലും!

ശരി. നീ നിൻെറ ഇഷ്ടംപോലെചെയ്തുകൊള്ളു—ആ കേന്ദ്രഗവമ്മെണ്ടു് ഉദ്യോഗസ്ഥൻെറ ഭാര്യാപദം അലങ്കരിച്ചുകൊള്ളു—സുഖിച്ചുകൊള്ളു! അതോടൊപ്പം ഈ ശപിക്കപ്പെട്ടവനെ മറന്നേയ്ക്കു! എനിയ്ക്കതിലൊന്നും വിരോധമില്ല.

പക്ഷെ, ഒന്നുണ്ട്.

ഇപ്പോൾ ഞാൻ ശപിക്കപ്പെട്ടവനും നീ അനുഗ്രഹിക്കപ്പെട്ടവളുമാണല്ലോ? അതു് നേരെമറിച്ചാകാതിരിക്കട്ടെ. (ഈ 'ശാപ'വും 'അനുഗ്രഹ'വും മാറിമാറി വരാറുണ്ടല്ലോ.)

ഞാനിന്നു് ശപിക്കപ്പെട്ടവനാണെന്നു് നിനക്കെഴുതാൻ — എഴുത്തിൽ സൂചിപ്പിക്കാൻതോന്നിയല്ലോ. ശരിയായിരിക്കാം, നിൻെറയും നിൻെറ അപ്പൻെറയും നിൻെറ അമ്മയുടെയും ദൃഷ്ടിയിൽ.

എന്നാൽ എൻെറ ദൃഷ്ടിയിൽ നേരെ വിപരീതമാണ്. എൻെറ ദൃഷ്ടിയിലെന്നല്ല, ഈ നാട്ടിലെ ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ദൃഷ്ടികളിൽ. അതിൻെറ ലക്ഷ്യമാണ്, എൻെറ ഈ മാറത്തു് വെട്ടിത്തിളങ്ങുന്ന മഹാവീരചക്രം! ഈ രാജ്യത്തിൻെറ അഭിമാനം സംരക്ഷിക്കാൻ സ്വന്തം ജീവനെപ്പോലും തൃണവൽഗണിച്ച്. ശത്രുക്കളുടെ മുമ്പിൽ അസാധാരണമായ ധീരസാഹസികത്വം പ്രദർശിപ്പിച്ചതിന്നു് രാഷ്ട്രപതി ഈ മാറിലണിയിച്ച മഹാവീരചക്രം! ഞാൻ അഭിമാനിക്കുന്നു.

ബഹുമാനപ്പെട്ട അച്ഛനമ്മമാരെ, അമ്മാമാ, — ഞാനിതാ ക്ഷമായാചനംചെയ്യുന്നു. ഞാൻ നിങ്ങളെയെല്ലാം തള്ളിക്കളഞ്ഞു. പക്ഷെ നിങ്ങൾ എന്നെത്തള്ളിക്കളഞ്ഞില്ല. വീണ്ടുംവീണ്ടും എഴുതിക്കൊണ്ടിരിക്കുകയാണ്. ഭാവി വധുവാകാൻ പററിയ പെൺകൊടികളെ തിരഞ്ഞുവെച്ചുകൊണ്ട്. ആ കൂട്ടത്തിൽനിന്നും ഞാൻ എനിക്കിഷ്ടമുള്ള ആളെത്തിരഞ്ഞെടുക്കണം — അതാണ് നിങ്ങളുടെ നിർബ്ബന്ധം. ഇതുവരെ ആ നിർബ്ബന്ധങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. ഇനിഞാൻ ഒഴിഞ്ഞുമാറുന്നില്ല. അതിൻെറ ആവശ്യമില്ലാതായിരിക്കുകയാണ്.

ഞാൻ തിരഞ്ഞെടുക്കണമെന്നില്ല. നിങ്ങൾതന്നെ തിരഞ്ഞെടുത്താൽമതി. എനിക്കു് അനുരൂപയായ വധുവിനെ തിരഞ്ഞെടുക്കുവാനുള്ള അവകാശം നിങ്ങൾക്കുതന്നെ വിട്ടുതരികയാണ്.

പക്ഷെ ഒരു കാര്യം:

ഒരു പട്ടാളക്കാരനെ ആത്മാർത്ഥമായ സന്തോഷത്തോടെ സ്വീകരിക്കാൻ തയ്യാറുള്ളവളാകണം. അതെ, ഈ ശപിക്കപ്പെട്ടവനെ അനുഗ്രഹിക്കാൻമാത്രം, അനുഗ്രഹിക്കപ്പെട്ടവളായിരിക്കണം, ആ വധു. അക്കാര്യം നിർബ്ബന്ധമാണ്. മറ്റൊന്നും അത്ര കാര്യമാക്കാനില്ല.

ഞാൻ തയ്യാറായിക്കഴിഞ്ഞു!

KOTTAYAM PUBLIC LIBRARY
KOTTAYAM

# പാട്ടകച്ചേരിയ്ക്കു് പോകരുത്!

“നിങ്ങളുടെ ഭാവിയ്ക്കുവേണ്ടിയാണ് ഞാൻ പറയുന്നത്. ഇനിമേലിൽ പാട്ടകച്ചേരിയ്ക്കു് പോകരുത്. അതിന്നൊരു പ്രതിജ്ഞതന്നെ എടുക്കണം!”

ആ വാചകങ്ങൾ വീണ്ടും വീണ്ടും വായിച്ചു. വായിക്കും തോറും തലയ്ക്കു് ഘനംകൂടുകയാണ്. അതോടൊപ്പംതന്നെ ചിന്തയ്ക്കു് ചൂടും. എന്നാലും അത് വായിക്കാതിരിയ്ക്കാൻ കഴിയുന്നില്ല. വാചകങ്ങൾ ശക്തിയിൽ അലയ്ക്കുകയാണ്, മനസ്സിൽ!.

പെട്ടെന്നു് വെറുപ്പാണ് തോന്നിയത്. കല്യാണാലോചന തുടങ്ങിയിട്ടേയുള്ളു. അപ്പോൾതന്നെ തുടങ്ങി, പാട്ടകച്ചേരിയ്ക്കു് പോകരുതെന്നു് ഉപദേശിക്കാൻ. എന്നാൽപ്പിന്നെ കഴിഞ്ഞാലത്തെ സ്ഥിതിയോ? ഏതായാലും മുമ്പേ അറിഞ്ഞതുനന്നായി.

എന്നാലും ഇങ്ങനെയങ്ങ് എഴുതാമോ? അതോ, വലിയ പരിചയമില്ലാത്ത ഒരു കന്യകയ്ക്കും. ഒരിയ്ക്കൽ കണ്ടിട്ടുണ്ടെന്ന കാര്യം വാസ്തവംതന്നെ. പക്ഷെ, അവളുടെയോ രക്ഷിതാക്കന്മാരുടെയോ സമ്മതമറിയണ്ടേ? എന്തൊരവിവേകമാണിത്? ആളൊരു മഠയൻതന്നെ. ഇതുപോലെ എത്ര പെണ്ണുങ്ങൾക്ക് എഴുതിയിട്ടുണ്ടാവും? എങ്ങിനെ അറിയും? ഇതാണ് നിലയെങ്കിൽ! അതോക്കാൻകൂടിവയ്യ! ഇയ്യാളുടെ ഭാര്യയാവുക! ഛി! ലജ്ജാവഹം!

ഈ അവിവേകമൊന്നു് നിറുത്തണം. അല്ലെങ്കിൽ ഇയാൾ ഇനിയും വല്ല കന കകൾക്കും എഴുതിയേക്കും. എഴുത്തു ചേട്ടനെ ഏല്പിക്കുന്നതാണ് നല്ലത്. അദ്ദേഹം വേണ്ടത് ചെയ്തുകൊള്ളും. അതുമെടുത്തു് പുറപ്പെട്ടതാണ്.

അപ്പോഴേയ്ക്കും ആ സുന്ദര രൂപം മനസ്സിൽ തെളിഞ്ഞു. ഒരു ചെറുപ്പക്കാരൻ മുമ്പിലങ്ങിനെ നില്ക്കുകയാണ്. നിഷ്കളങ്കമായ പുഞ്ചിരിയാണ്, ആ മുഖംനിറയെ. വല്ലാത്തൊരു വശീകരണശക്തി. ആ പൊടിമീശയ്ക്കൊരു നുള്ളുകൊടുക്കാൻ തോന്നി. പെട്ടെന്നു് നാണംകൊണ്ടു് തലതാണുപോയി. എന്നിട്ടും അങ്ങോട്ടു് നോക്കാതിരിയ്ക്കാൻ കഴിഞ്ഞില്ല. കൊച്ചോളങ്ങൾപോലുള്ള ആ ചുരുളൻ തലമുടി. പല്ലുകളുടെ വെണ്മ എത്തിനോക്കുന്ന ചുകന്ന ചുണ്ടുകൾ. ചുവന്നു വെളുത്ത ആ ശരീരത്തിന്നുചേന്ന വേഷം. പെണ്ണുകാണാൻ വന്നതാണ്, ആ യുവകോമളൻ!

ഇത്രയും ആകർഷകത്വം തൻെറ ഭാവി വരന്നുണ്ടെന്നോ? അത് പ്രതീക്ഷിച്ചതല്ല. കാരണം അതർഹിക്കത്തക്ക സൌകുമാര്യം തനിയ്ക്കില്ലെന്നായിരുന്നു, ബോധം.

ആർത്തിയോടെയാണ്, ആ നോട്ടം. അതിൽ പ്രതീക്ഷകളങ്ങിനെ വിരിയുകയാണ്. അന്വേഷിച്ചത് കണ്ടെത്തിയ ഒരു ഭാവം. അത് ആ മുഖത്തു തെളിഞ്ഞുമിന്നുന്നുണ്ടു്.

അതിന്നിടയിൽ രണ്ടു മൂന്നു ചോദ്യങ്ങളെടുത്തിട്ടു. മറുപടിപറയാൻ ഓങ്ങിയതാണ്. അപ്പോഴേയ്ക്കും ചേട്ടൻ പറഞ്ഞുകളഞ്ഞു. മറെറന്തോ ശ്രദ്ധിക്കുന്ന മട്ടിലാണ് ഒപ്പമുള്ളവരുടെ നില്പ്.

ചേട്ടന്നും അങ്ങിനെനിന്നാൽ പോരായിരുന്നോ? തന്നോടായിരുന്നില്ലേ, ചോദ്യം? എന്തിനാണ് ഇടയ്ക്കുകയറി പ്പറഞ്ഞത്?

എങ്കിലും അങ്ങിനെ പിന്നെയും കുറേ ചോദിച്ചിരുന്നെങ്കിൽ! ആ ശബ്ദത്തിന്നുതന്നെയുണ്ടു്, ഒരാകർഷകത്വം. കേട്ടിട്ടാന്നും മതിവന്നില്ല. എന്തേ, കൂടുതലൊന്നും ചോദിയ്ക്കാഞ്ഞത്? എന്തെല്ലാമുണ്ടു്, അറിയാൻ! ചോദിച്ചുകൂടായിരുന്നോ?

ഒരുപക്ഷെ, അദ്ദേഹത്തിന്നും മട്ടത്തിരിയ്ക്കാം. ചേട്ടൻെറ പരുപരുത്ത ശബ്ദംകേൾക്കാനല്ലല്ലോ, ചോദിച്ചത്. തൻെറ മാധുര്യമൂറുന്ന ശബ്ദംകേൾക്കാൻതന്നെയല്ലേ?

അല്ലെങ്കിൽ എന്തിന്നു് ചോദിക്കണം? ആ സംഗതികളെല്ലാം മുമ്പെ അറിഞ്ഞിരിക്കും. അറിയേണ്ടതുമാണ്. പേരെന്താണ്? സ്കൂളിൽ എത്രവരെ പഠിച്ചിട്ടുണ്ട്? സംഗീതത്തിൽ ഏതു പരീക്ഷയാണ് പാസ്സായത്? പാട്ടുകച്ചേരികൾക്ക് ഇടയ്ക്കിടേ പോകാറുണ്ടോ? ഇതൊക്കെയാണ് ചോദ്യങ്ങൾ. എല്ലാം മുമ്പേ അറിഞ്ഞതാവാനേവഴിയുള്ളു.

അന്നുരാത്രി ഉറക്കമുണ്ടായില്ല. കണ്ണുചിമ്മിയാൽ ആ രൂപമാണ്, മുമ്പിൽ. ഓരോ ചോദ്യവും മനസ്സിലങ്ങിനെ മുഴങ്ങും. എന്തൊരത്ഭുതമാണ്.

എത്രയോ ചെറുപ്പക്കാരെ ഇതിന്നുമുമ്പ് കണ്ടിട്ടുണ്ട്. ചിലക്ക് കൂടുതൽ സൌന്ദര്യമുണ്ടായിരുന്നില്ലേ? ഉണ്ടെന്നാണ് ഓർമ്മ. എന്നാൽ അവരുടെ രൂപമൊക്കെ മറവിയിലായി. ആരെയും വ്യക്തമായി ഓക്കാൻ കഴിയുന്നില്ല. എത്രയോ ചെറുപ്പക്കാർ തന്നെ ആർത്തിയോടെ നോക്കിയിട്ടുണ്ട്. അവരൊന്നും തൻെറ മനസ്സിൽ തങ്ങിനിന്നില്ല.

പാട്ടുകച്ചേരിയ്ക്കു് പോയാലാണ് രസം. പല കോന്തന്മാരും ആദ്യവസാനത്തിന്നിറങ്ങും. ഒററയ്ക്കോ മറേറാ ഇവരുടെ കൂട്ടത്തിൽ പെട്ടുപോയാൽ! അയ്യോ! അതോക്കുമ്പോൾ ത്തന്നെ ഉൾക്കിടിലം ഉണ്ടാവുകയാണ്.

ആദ്യമൊക്കെ വലിയ സങ്കോചമായിരുന്നു. സ്റ്റേജിൽ കയറിയാൽ ആരുടെയും മുഖത്തുനോക്കുകയില്ല. പക്കമേളക്കാരുടെ നടുവിലിരിക്കണം. അതുതന്നെ ചേട്ടനുമുണ്ടായാലേയുള്ളൂ. ഇല്ലെങ്കിൽ എന്തെന്നില്ലാത്ത നാണമാണ്. ക്രമേണ അതെല്ലാം പോയി. ഒപ്പം സ്വന്തക്കാരില്ലെങ്കിലും ഇരിക്കാം. പക്ഷെ, അമ്മയ്ക്കു് നിർബ്ബന്ധമാണ്. ഒരുമിച്ച് ആരെങ്കിലും കൂടിയേ കഴിയൂ. അങ്ങിനെ സ്റ്റേജിൽത്തന്നെ ചേട്ടനെയും പ്രതിഷ്ഠിക്കും. അതൊരു പതിവായിത്തീന്നു. അതെ, ചേട്ടനൊരു കാവൽക്കാരനായി. ഇഷ്ടമില്ലെങ്കിലും കൂട്ടാതൊക്കുമോ? രക്ഷിതാവായിപ്പോയില്ലേ?

ഒരു ചേട്ടത്തിയമ്മയുണ്ടായാൽ മട്ടമാറും. ഇതിൽനിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കും. സ്വന്തം ഭർത്താവ് ഒരു കന്യകയുടെകൂടെ ഇരിയ്ക്കുകയോ? അനുജത്തിയാണെങ്കിലും തെററിദ്ധാരണയുണ്ടാവില്ലേ? സഭകളിൽവെച്ചാവുമ്പോൾ വിശേഷിച്ചും! അതെങ്ങിനെ ഒരു ഭാര്യ സഹിക്കും! തനിക്കാണെങ്കിൽ സഹിക്കുകയില്ല. തീർച്ചതന്നെ.

പക്ഷെ, അതുണ്ടായില്ല. ആ വിശ്വാസം തെററിപ്പോയി. ചേട്ടൻെറ വിവാഹം കഴിഞ്ഞപ്പോഴല്ലേ, അത് മനസ്സിലായുള്ളു? പാവം പെണ്ണ്! വല്ലതുമറിഞ്ഞോ?

അനുജത്തി വിവാഹപ്രായമായി നില്ക്കുമ്പോൾ ചേട്ടൻ വിവാഹം കഴിയ്ക്കുകയില്ല. അവളെ ഒരു വഴിയ്ക്കാക്കണം. എന്നിട്ടേ ഭാവമുള്ളു. അങ്ങിനെ വിവാഹകാര്യത്തിൽനിന്നും ഒഴിഞ്ഞുനിന്നവരെപ്പററി കേട്ടിട്ടുണ്ട്.

നേരെമറിച്ചായിരുന്നു, ചേട്ടൻെറ നില. സ്വന്തം കാര്യത്തിന്നുമുമ്പിൽ അനുജത്തി ഒരു പ്രശ്നമായില്ല. വേണമെന്നു തോന്നിയപ്പോൾ അതും കഴിച്ചു. അത്രതന്നെ.

പിന്നെയും പാട്ടുകച്ചേരികൾ പലതും കഴിഞ്ഞു. വയസ്സ് ഇരുപത്തഞ്ചുമായി. അതിന്നിടയിൽ കുറേയൊക്കെ പേരും പെരുമയും നേടി. ചില സമ്മാനങ്ങളും ലഭിച്ചു. അഭിനന്ദനങ്ങൾ നേടിയതിന്നു് കണക്കില്ല.

ഗാനഭൂഷണം കനകവല്ലിയെ അറിയാത്തവർ ചുരുങ്ങുമെന്ന നിലയിലായി.

ആ കീർത്തിയാണ് അദ്ദേഹത്തെ ആകർഷിച്ചത്. രണ്ടുമൂന്നു കച്ചേരികളും കേട്ടിട്ടുണ്ടത്രെ. അതൊക്കെ സക്കീട്ടിലാണ്. പേരെടുത്തൊരു സാഹിത്യകാരനായതുകൊണ്ട് പലേടത്തും എത്തും. കുട്ടിക്കാലത്തു് കുറെ സംഗീതവും പഠിച്ചിട്ടുണ്ടത്രെ. പിന്നീട് സാഹിത്യത്തിലായി ശ്രദ്ധമുഴവൻ. കുറേ വിദ്യാഭ്യാസവുമുണ്ട്. ഒരു മലയാളം പണ്ഡിററാണത്രെ. കുടുംബ സ്ഥിതിയും തരക്കേടില്ല. വയസ്സ് ഇരുപത്തെട്ടായി. ഇതുവരെ കല്യാണം കഴിച്ചില്ല. പററിയ ജീ

വിതസഖിയെ കിട്ടാത്തതാണത്രെ, കാരണം. അച്ഛനമ്മമാർ പലതും ആലോചിച്ചു. എല്ലാം തള്ളിക്കളയുകയാണുണ്ടായത്. ഒടുവിൽ സ്വന്തമായി അന്വേഷണം തുടങ്ങി. അതിലാണ് തന്നെ കണ്ടുകിട്ടിയത്. ആദ്യമായി പാട്ടുകച്ചേരിയ്ക്ക് കണ്ടപ്പോൾത്തന്നെ അഭിലാഷംജനിച്ചു. പിന്നെയും കാണുകയും കേൾക്കുകയുംചെയ്തപ്പോൾ അതു് പൂർത്തിയായി. ഉടനെ ആലോചന തുടങ്ങി.

ആദ്യത്തെ തവണ അദ്ദേഹവും വേറൊരു മാന്യനുംകൂടിയാണ് വീട്ടിൽവന്നത്. എന്തിനാണെന്നു് മനസ്സിലായില്ല. പാട്ടുകച്ചേരിയെപ്പററിയും മററും സംസാരിക്കുന്നതുകേട്ടു. ഇടയ്ക്കൊന്നു് അടുക്കളയിൽനിന്നു് എത്തിനോക്കി. പൂമുഖത്താണവർ ഉണ്ടായിരുന്നതു്. കച്ചേരിയ്ക്കു് ഏല്പിക്കാനായിരിക്കണം. അങ്ങനെ വിചാരിച്ചു. പക്ഷെ, അതുണ്ടായില്ല.

രണ്ടുമാസം കഴിഞ്ഞു. വീണ്ടും വന്നു. അന്നു് വേറെയും മൂന്നുപേരുണ്ട്. അതിൽ രണ്ടുപേർ തങ്ങളുടെ സ്വന്തക്കാരാണ്. പോരാത്തതിന്നു് എണ്ണപ്പെട്ട വ്യക്തികളും.

അദ്ദേഹവും കൂട്ടുകാരനും പൂമുഖത്തിരുന്നതേയുള്ളു.

മററു രണ്ടുപേരും ചേട്ടനെയുംകൂട്ടി അകത്തേയ്ക്കുവന്നു. ദീർഘനേരം സംഭാഷണം നടത്തി. കല്യാണത്തെപ്പററിയും മററും സംസാരിക്കുന്നതുകേട്ടു. താനതൊന്നും കണ്ടതോ കേട്ടതോ ആയി നടിച്ചില്ല.

കുറേകഴിഞ്ഞപ്പോൾ ചേട്ടൻ തൻെറ അടുത്തേയ്ക്കുവന്നു. വേഷംമാറാൻ പറഞ്ഞു.

"എന്തിനാ?"

ഒന്നുമറിയാത്തമട്ടിൽ ചോദിച്ചു.

"അവർക്കൊന്നു് കണ്ടു പരിചയപ്പെടണമത്രെ. കൊള്ളാവുന്ന മാന്യന്മാരാണ്. വലിയ മെയ്ക്കപ്പൊന്നുംവേണ്ട.

"ഞാനെന്തിനാ ചേട്ടാ, പരിചയപ്പെടുന്നത്?"

“വേണം. അവിടെ കോലായിൽവന്നു നിന്നാൽമതി. അത്രയേവേണ്ടൂ.”

അതുപ്രകാരംചെയ്തു. കോലായിൽചെന്നുനിന്നു. പിന്നാലെതന്നെ ചേട്ടത്തിയും അമ്മയും.

അല്പം കഴിഞ്ഞപ്പോൾ അതിഥികൾ കോലായിലേയ്ക്ക് വന്നു. അദ്ദേഹം അല്പം മുന്നോട്ടുനീങ്ങി നില്പായി. അപ്പോഴാണ് ആ രൂപം തന്നെ ആകർഷിച്ചത്.

ആകപ്പാടെ എന്തോ ഒരു പന്തികേടുണ്ട്. ഇത്തരമൊരു പരിചയപ്പെടൽ മുമ്പുണ്ടായിട്ടില്ല. പല മാന്യന്മാരും വീട്ടിൽവന്നിട്ടുണ്ട്. കൂട്ടത്തിൽ ചില ചെറുപ്പക്കാരും. അപ്പോഴൊന്നുമില്ലാത്ത ഒരു പ്രത്യേകത ഇതിലുണ്ട്. അഞ്ചുമിനുട്ട് നീണ്ടുനിന്നു, ആ കൂടിക്കാഴ്ച.

കുറച്ചുകഴിഞ്ഞപ്പോൾ ബന്ധുക്കളിൽ ഒരാൾ അകത്തേയ്ക്കു വന്നു. അമ്മയോട് വിവരങ്ങളെല്ലാം പറഞ്ഞു. താനുംചേട്ടത്തിയമ്മയും അടുത്തുതന്നെയുണ്ട്.

അയാൾ കല്യാണാലോചനയ്ക്ക് വന്നതാണ്. ആളും കുടുംബവും തരക്കേടില്ല. ഇതിന്നുമുമ്പുവന്നതും അതിന്നുതന്നെ. അന്ന് ശരിയായ സമാധാനം കിട്ടിയില്ല. അയാൾക്ക് വേറെയും ആലോചന നടക്കുന്നുണ്ട്. പക്ഷെ, ഇതിന്റെ വിവരം തീർച്ചയാകണം. എന്നിട്ടുവേണം അങ്ങോട്ടു തിരിയാൻ. അതുകൊണ്ടാണ് തങ്ങളെയുംകൂട്ടി വന്നത്. കൂട്ടത്തിൽ പെണ്ണുകാണലുംകഴിച്ചു. അത് അയാൾക്ക് വേണ്ടിയല്ലത്രെ. പെണ്ണിന്ന് അയാളെ കാണാനാണ്. അയാൾ അതിന്നു നിർബ്ബന്ധിച്ചു. കുട്ടിയുടെ അഭിപ്രായം അറിയണം എന്നിട്ടുവേണം നിശ്ചയിക്കാൻ. മററുള്ളവർക്കെല്ലാം സമ്മതമായി. അങ്ങനെ എല്ലാ സംഗതികളും വിസ്തരിച്ചുപറഞ്ഞു.

ഒടുവിൽ തന്റെനേരെ തിരിഞ്ഞ് ചോദിച്ചു—

“കനകവല്ലിയ്ക്ക് സമ്മതമാണോ? അതാണ് ഞങ്ങൾക്കറിയേണ്ടത്.”

തനിയ്ക്കു് ലജ്ജകൊണ്ടു് പെട്ടെന്നു് ഒന്നും പറയാൻ കഴിഞ്ഞില്ല.

"പറഞ്ഞോ. സംശയിക്കേണ്ട."

അങ്ങിനെ നിർബ്ബന്ധിച്ചപ്പോൾ പറഞ്ഞു—

അതെ.

വേഗം നടത്തണം. എത്രകാലമായി ആഗ്രഹിച്ചുതുടങ്ങിയിട്ടു്? വയസ്സു് ഇരുപത്തഞ്ചുമായില്ലേ? ഒട്ടും വൈകിച്ചുകൂടാ. —അതാണു് അമ്മയുടെ അഭിപ്രായം.

അത്രയുമായപ്പോൾ ചേട്ടൻ അകത്തേയ്ക്കുവന്നു. അദ്ദേഹത്തെ വിളിച്ചുകൊണ്ടുപോയി.

പിന്നെയും മാസങ്ങൾ രണ്ടുകഴിഞ്ഞു. യാതൊരു വിവരവുമില്ല. അയാൾ പിന്മാറിക്കളഞ്ഞോ? അല്ലാ, മററുവല്ല ആലോചനയിലേയ്ക്കും തിരിഞ്ഞെന്നോ?

അതിന്നിടയിൽ അമ്മയ്ക്കു് ബദ്ധപ്പാടായി. രണ്ടു മൂന്നു് തവണ ചേട്ടനോടു് തിരക്കി.

ആദ്യത്തെ തവണ മുക്കിമൂളിക്കഴിച്ചു. രണ്ടാമത്തെ തവണ ആലോചിയ്ക്കുന്നുണ്ടെന്നു് പറഞ്ഞു. മൂന്നാമത്തെ തവണ പറഞ്ഞതു് ആ ആലോചന കൊള്ളില്ലെന്നാണു്.

"ഉം? എന്താണു്?"

—അമ്മ വിട്ടില്ല.

"എനിക്കത്ര പിടിച്ചില്ല."

—ചേട്ടന്നു് ആ വിഷയത്തെപ്പററി സംസാരിയ്ക്കാൻ തന്നെ ഇഷ്ടമില്ലാത്തമട്ടാണു്.

"തരക്കേടില്ലെന്നാണല്ലോ, കേട്ടതു്?"

"കുറേയധികം അകലെയായിപ്പോയി."

"അടുത്തുനിന്നു് ഇതുവരെ ആരും വന്നില്ലല്ലോ. വയസ്സ്ഇരുപത്തഞ്ചുമായില്ലേ? എനിയ്ക്കാണെങ്കിൽ പ്രായമായി. വേഗമൊന്നു കഴിഞ്ഞുകാണണം!"

അതിന്നു് ചേട്ടൻ മറുപടി പറഞ്ഞതേയില്ല. മിണ്ടാതെ എഴുനേററുനടന്നു. എന്താണങ്ങിനെചെയ്തതു്?

തനിയ്ക്കുവേണ്ടി എത്ര ബുദ്ധിമുട്ടിയിട്ടുണ്ടു്? ഇത്രയും പഠിപ്പിച്ചു. തൻെറ അഭ്യുദയമാണ് ലക്ഷ്യം. അതിന്നുവേണ്ടി പാട്ടപെടുകയാണ്, ഇപ്പോഴും. ആ സ്ഥിതിയ്ക്കു് ആലോചന പിടിയ്ക്കാത്തതുതന്നെയായിരിയ്ക്കാം, കാരണം. അങ്ങിനെ സ്വയം സമാധാനിച്ചു.

പെട്ടെന്നൊരു ദിവസം അവിചാരിതമായാണ് കത്തു കിട്ടിയതു്. അയച്ച ആളുടെ മേൽ വിലാസം ഉള്ളിൽ മാത്രമേയുള്ളു. അതുകണ്ടപ്പോൾ ആളെ മനസ്സിലായി. അദ്ദേഹം തന്നെ. ആ മലയാളം പണ്ഡിററായാസാഹിത്യകാരൻ!

വെറുതെ ഇങ്ങനെ എഴുതുമോ? എന്തെങ്കിലും കാര്യമുണ്ടാവില്ലേ? ചേട്ടനോടു് വിരോധമുണ്ടോ? വിവാഹം നടത്താൻ സാധിക്കാത്തതുതന്നെയായിരിക്കുമോ, കാരണം? എങ്കിൽ അതു് അദ്ദേഹത്തിൻെറമാത്രം കാര്യമാണോ? സ്വന്തം കാര്യവുംകൂടിയല്ലേ?

അകലെയായിപ്പോയത്രെ. അതുകൊണ്ടെന്താണു്? അകലെനിന്നു് വിവാഹം നടത്താറില്ലേ? ആ ആലോചന പിടിക്കാതിരിക്കാൻ എന്താണ് കാരണം? ഒരാൾക്കുമാത്രമായി പിടിച്ചില്ലെന്നോ? മററുള്ളവക്കെല്ലാം പിടിച്ചിരിക്കണം. ഇല്ലെങ്കിൽ ഇത്രയധികം താല്പര്യം പ്രകടിപ്പിയ്ക്കുമോ? അപ്പോൾ ചേട്ടനാണ് ഉത്തരവാദി.

കനകവല്ലി എഴുത്തു വീണ്ടും വായിച്ചു. പാട്ടകച്ചേരിയ്ക്കു് പോകരുതുപോലും! എന്താണങ്ങിനെ പറയാൻ? പോകാതിരുന്നാൽ പററുമോ? എത്രപണമാണ് നഷ്ടപ്പെടുന്നതു്?

പറഞ്ഞ സംഖ്യതരാൻ തയ്യാറാണാളുകൾ. ചേട്ടനാണ് കണക്കു പറയുന്നതും വാങ്ങുന്നതും. അങ്ങിനെ കുറേ സമ്പാ

ദിച്ചുകഴിഞ്ഞു. സംഖ്യ എത്രയുണ്ടാകും? ആക്കറിയാം? എല്ലാം ചേട്ടനാണ് സൂക്ഷിക്കുന്നത്? എവിടെയാണ്? ബേങ്കിലായിരിയ്ക്കാം. ഇങ്ങനെ നേടിവെച്ചതുകൊണ്ട് എന്താണ് പ്രയോജനം? ആക്കാണത്? സമ്പാദ്യത്തിന്നുവേണ്ടി മാത്രമുള്ളതാണോ, ജീവിതം?

തൻെറ പ്രായക്കാരെല്ലാം അമ്മമാരായിക്കഴിഞ്ഞു. നാലും അഞ്ചും കുഞ്ഞുങ്ങളുണ്ട്, ഓരോരുത്തക്കും. കുടുംബിനികളായി സുഖജീവിതം നയിക്കുകയാണവർ. ഇരുപതു വയസ്സിനുള്ളിൽത്തന്നെ കല്യാണം കഴിഞ്ഞു.

അക്കൂട്ടത്തിൽ താൻ മാത്രമാണ് അവിവാഹിതയായി കഴിയുന്നതു്. ഇങ്ങനെ എത്രകാലം കഴിയും?

കുറെയൊക്കെ കഴിച്ചുകൂട്ടാം. പക്ഷേ, പ്രായം കാത്തുനില്ക്കുമോ? ഒരു കന്യകയെ സംബന്ധിച്ചേടത്തോളം ഇരുപത്തഞ്ച്‌വയസ്സ് അത്ര ചെറുതാണോ?

യുവാക്കന്മാർ അത്തരം കന്യകകളെ ഇഷ്ടപ്പെടുമോ?

ഇനിയും പ്രായമായാലോ?

പെണ്ണുങ്ങളുടെ തടി ബലൂൺപോലെയാണ്. വേഗം വീക്കും. എളുപ്പത്തിൽ ഉടയും. ഉടഞ്ഞാലോ, കാണാൻ കൊള്ളുകയില്ലതാനും. അങ്ങിനെ എത്രയോ പെൺകുട്ടികളെ കണ്ടിട്ടുണ്ട്. ആക്കുംവേണ്ടാതെ കെട്ടിക്കിടക്കുകയാണവർ!

ചേട്ടൻ തൻെറ അഭ്യുദയകാംക്ഷിതന്നെയെന്നിരിയ്ക്കട്ടെ. എങ്കിലും കുറേകഴിഞ്ഞാൽ ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിയ്ക്കും? കൈമലത്തുകയേ ഉള്ളു. ഭത്താക്കന്മാരെ അങ്ങിനെ ഇഷ്ടംപോലെ എപ്പോഴുംകിട്ടുമോ? നല്ല വരന്മാരെകിട്ടുവാൻവേണ്ടി എത്രയാണാളുകൾ പാടുപെടുന്നത്?

തനിയ്ക്കു് കിട്ടിയത് വീണുകിട്ടുമ്പോലെയല്ലേ?

അദ്ദേഹമാണെങ്കിൽ കുറെയധികം ശ്രമിച്ചിരിയ്ക്കണം രണ്ടുതവണ വന്നതും ഇതിന്നാണെന്നല്ലേ, പറഞ്ഞത്? പ്രധാനപ്പെട്ട ആളുകളാണുതാനും കൂട്ടത്തിൽ?

എന്നിട്ടും ചേട്ടനുമാത്രം എന്തുകൊണ്ട് പിടിച്ചില്ല?

അപ്പോൾ പിടിക്കായ്കയാണോ?

അനുജത്തിയെ സമ്പാദ്യത്തിന്നുള്ള ഒരു ഉപകരണമായി മാററിയിരിക്കുകയല്ലേ?

അത് നഷ്ടപ്പെടരുത്. അതിന്നുവേണ്ടി എന്തു തന്ത്രവും പ്രയോഗിക്കും. ഉപായത്തിൽ ആലോചന അകററാൻ ശ്രമിച്ചതാണ്.

അദ്ദേഹത്തിന്നത് മനസ്സിലായി. അതുകൊണ്ടാണിങ്ങനെ എഴുതിയത്.

സ്വന്തം കഴിവ് തനിക്ക് ശത്രുവായിമാറിയിരിക്കുകയാണ്. ഈ നിലതുടൎന്നാൽ ഭാവി അപകടത്തിലേക്ക് നീങ്ങും.

ഇക്കാര്യം ആ ചിന്തകൻ മുൻകൂട്ടി കണ്ടറിഞ്ഞു.

അദ്ദേഹം ഈ ആപത്തിൽനിന്നു് തന്നെ രക്ഷിക്കാൻ വന്ന ദൈവദൂതനാണ്. ആ മനുഷ്യസ്നേഹിയോടൊപ്പമുള്ള ജീവിതം തീർച്ചയായും തൃപ്തികരമായിരിക്കും.

ഈ ആപത്തിൽനിന്നു് രക്ഷപ്പെടണം. രക്ഷപ്പെട്ടേ, കഴിയൂ.

ചേട്ടൻ തന്നെ നശിപ്പിക്കുകയാണ്! കൊടും വഞ്ചനയാണ് നടത്തുന്നതു്. ഇതു് പൊറുപ്പിച്ചുകൂടാ. ഉടനെ ഒരു പോംവഴി കണ്ടെത്തണം!

എങ്ങിനെ കാര്യം സാധിക്കും?

അമ്മയെ പിടികൂടുക തന്നെ.

ഈ വിവാഹം തനിക്കിഷ്ടമാണ്. തനിക്കിതേ വേണ്ടു. ഉടനെ കഴിയണം. ഇല്ലെങ്കിൽ താനിനി ജീവിച്ചിരിക്കില്ല. എങ്ങിനെയെങ്കിലും ജീവിതം ഒടുക്കും!

ചേട്ടൻ കല്പിച്ചുകൂട്ടി ഉപേക്ഷ കാണിക്കുകയാണ്, തന്റെ വിവാഹകാര്യത്തിൽ.

തനിക്കെല്ലാം മനസ്സിലായിക്കഴിഞ്ഞു!

അങ്ങിനെ കരഞ്ഞു പിഴിഞ്ഞ് പറയണം. അപ്പോൾ അമ്മയുടെ മനസ്സ് അലിയും. ചേട്ടൻ വഴിപ്പെടേണ്ടിവരും.

ഉടനെതന്നെ കനകവല്ലി എഴുത്ത് പെട്ടിയിൽവെച്ച് പൂട്ടി. അമ്മയുടെ അടുത്തേയ്ക്ക് തിരിഞ്ഞു.

“അമ്മേ! ഇനി ഞാൻ പാട്ടുകച്ചേരിയ്ക്ക് പോവില്ല”

അവൾ തീർത്തു പറഞ്ഞു!

# ദിവാസ്വപ്നം.

“ഓ! വല്യ ഘനമട്ടാണല്ലോ!”

ചെകിട്ടത്തൊന്നു് പൊട്ടിച്ചുകൊടുക്കാനാണ് തോന്നിയതു്. അവൾക്കറിഞ്ഞുകൂടേ? പിന്നെ എന്തിനാണ് ഈ ചോദ്യം? കല്പിച്ചുകൂട്ടിത്തന്നെ. പക്ഷെ, ഒന്നും മിണ്ടിയില്ല. കാലുകൾ വേഗം വേഗം പെറുക്കിവെച്ചു.

“പരിഭവമാണോ?”

— അതെ.

എന്നു് പറയേണ്ടതായിരുന്നു. പറഞ്ഞില്ല.

“എന്നോടെന്തിനാ പരിഭവിക്കുന്നതു്? ഞാനാണോ തോല്പിച്ചതു്?”

ആണെന്നു് ആരെങ്കിലും പറഞ്ഞോ? വെറുതെ പുണ്ണിൽ കുത്തുകതന്നെ.

“ഞാൻ ജയിച്ചുപോയതാ, തെററു്?”

പറയിപ്പിച്ചേ, അടങ്ങുകയുള്ളൂ. വിടാതെ കൂടുകയാണ്.

“അല്ലാ, കനകം! എന്നോടുമിണ്ടില്ലേ?

— എന്തുവേണം മിണ്ടിയിട്ടു്?

ചോദ്യം നാവിൻെറ തലയ്ക്കൽവരെ എത്തിയതാണ്. എന്തൊരു സൈ്വരക്കേടാണിതു്? മിണ്ടാതെ നടക്കാനും

പററില്ലാന്നോ? മോളി ജയിച്ചത് തെററൊന്നുമല്ല. പക്ഷേ, അതുകൊണ്ട് ഈ കനകം തോററത് എങ്ങിനെ ശരിയാകും? ജയിച്ചവർ സന്തോഷിക്കും. അത് സ്വാഭാവികമാണ്. തോററവർ വ്യസനിക്കുന്നതോ? അതും സ്വാഭാവികം തന്നെയല്ലേ?

സാധാരണ നിലയ്ക്കാണെങ്കിൽ അങ്ങിനെതന്നെ.

പക്ഷേ. ഈ തോൽവിയുടെ നില അതല്ലല്ലോ. ആദ്യത്തെ അനുഭവമാണ്. പത്താംതരംവരെ ഒരു ക്ലാസ്സിലും തോററിട്ടില്ല. മാത്രമല്ല, എല്ലാ ക്ലാസ്സിലും ഹയ്യസ്റ്റാണുതാനും. ഒന്നോ രണ്ടോ വിഷയത്തിലല്ല, പലതിലും.

എന്നിട്ടെന്തേ, ഇങ്ങനെവരാൻ? അവിചാരിതമാണോ? പലക്കും ആയിരിക്കാം. പക്ഷേ, തനിയ്ക്കോ? ആണെന്നെങ്ങിനെപറയും? മുമ്പേതന്നെ ആശങ്കയുണ്ടായിരുന്നില്ലേ? നിയന്ത്രിക്കാൻ സാധിച്ചോ? തോല്ക്കുമെന്നുതോന്നിയിട്ടും മനസ്സുവെയ്ക്കാൻ കഴിഞ്ഞോ?

"ഈ പരീക്ഷയിൽ തോററാലും മററതിൽ......!"

കളിയാക്കാനുള്ളവട്ടമാണ്.

— ഇദാ, വെറുതേ......!

മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല. അതുപോലെത്തന്നെ മുഴപ്പിക്കാനും.

"വെറുതെയല്ല. വിലയ്ക്കുതന്നെ. പിടിപ്പതുതരാം. എന്നാൽ പോരേ?"

— എന്നെ ഇളക്കിവിടേണ്ട.

"ആ — അങ്ങനെവരട്ടെ. അപ്പോ, ശബ്ദോണ്ട്, ഞാൻ വിചാരിച്ചു, അടഞ്ഞുപോയോന്ന്!"

ഒരൊററ നുള്ള് !

കുറേ ശക്തിയിലായിപ്പോയി. പാവം! ഒന്നുപുളഞ്ഞു. അത്ര വേണ്ടിയിരുന്നില്ല. പിന്നീടാണ് തോന്നിയത്.

എങ്കിലും നന്നായി. അങ്ങനെവേണം. അല്ലെങ്കിൽ എന്തിനാണ് ഈ കുസൃതിത്തരം? എപ്പോഴും അതുപററുമോ? എല്ലാററിന്നും ഒരു സമയമില്ലേ?

"എനിപ്പോ, എന്നെ നുള്ളൊന്നുംവേണ്ട. നുള്ളേണ്ട ആളെത്തന്നെ......"

കുറച്ചുകൂടി ശക്തിയിൽ നുള്ളാനോങ്ങിയതാണ്. അപ്പോഴേക്കും തെററിക്കളഞ്ഞു. ഇല്ലെങ്കിൽ ഇനിയത് പറയാൻതോന്നില്ലായിരുന്നു. ഓ! അവളുടെ ഒരു ചിരി! അടിച്ചു പല്ലുകൊഴിക്കയൊണ് വേണ്ടത്. അസത്ത്! എലിയ്ക്കു പ്രാണവേദന; പൂച്ചയ്ക്ക് വിളയാട്ടം. അത് കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അനുഭവിക്കുകയാണ്.

അവളുടെ ഒരു നുള്ളേണ്ട ആള്? നാണംവേണ്ടേ, പറയാൻ? അതോ, ഈ റോഡിൽവെച്ചും! ആരെങ്കിലും കേട്ടാൽ! അയ്യോ! കുറച്ചിൽ! അവളുടെ കല്പനവേണമായിരിക്കും, നുള്ളാൻ?

ഹും! എന്താണ്!

"ക്ലാസ്സിൽനിന്നു് തന്നതൊക്കെ മടക്കിക്കൊടുത്തോട്ടോ. മറക്കല്ലേ!"

പിന്നെയും തുടങ്ങി. ഇനിയും വിടാനുള്ള മട്ടല്ല. എന്തോ പറയാൻ വായ തുറന്നതാണ്. സങ്കടം തടഞ്ഞുകളഞ്ഞു. ശബ്ദം പുറത്തുവന്നില്ല.

വഴിയൊന്നുമാറിയാലോ? എന്നാലും പിന്നാലെ കൂട്ടം. പണ്ടേതന്നെ ചങ്ങലവട്ടയും കുത്തുവിളക്കുമാണെന്നു് ആളുകൾ പറയാറുണ്ട്. അന്നൊക്കെ അതിൽ സന്തോഷമേ തോന്നിയിരുന്നുള്ളു. ഒരു ദിവസം മോളിയെ കണ്ടില്ലെങ്കിൽ അന്ന് ഉറക്കംവരില്ല. ഇന്നു് എല്ലാവരിൽനിന്നും ഒഴിഞ്ഞുമാറാനാണ് തോന്നുന്നത്. അവൾ വിടാതെക്കൂട്ടംതോറും വെറുപ്പ് കൂടിക്കൂടിവരികയാണ്.

നാണോം മാനോം ഇല്ലാത്തോരു പെണ്ണ്! തനി വായാടിതന്നെ. ഇന്നതേപറയാവൂ എന്നില്ല. വെറുതെയാണോ

KOTTAYAM PUBLIC LIBRARY

ഒരുത്തനും തിരിഞ്ഞുനോക്കാത്തതു്? ആശിച്ചാൽ മതിയോ? ആരെയെല്ലാമാണു് ആശിച്ചതു്! പലരെപ്പററിയും അവൾ പറഞ്ഞിട്ടുണ്ടു്. ആരെയും ഓർമ്മവരുന്നില്ല. അല്ലെങ്കിൽ ആദ്യം അവരെയെല്ലാംചെന്നു് നുള്ളാൻപറഞ്ഞോനേ!

അവളുടെ ഒരസൂയ! ഇങ്ങനെയുമുണ്ടോ? ഇതിന്നു് മുമ്പു് അറിഞ്ഞില്ല. എന്താണു് ഈ അസൂയകൊണ്ടൊരുകാര്യം? വിധിച്ചതല്ലാതെ കിട്ടുമോ? യോഗംവേണം. ആശിച്ചതുകൊണ്ടുമാത്രം കാര്യമില്ല. അല്ലെങ്കിലെന്തേ, അദ്ദേഹത്തിന്നിങ്ങനെ തോന്നാൻ? രണ്ടാളും ഒരേക്ലാസ്സിലല്ലേ, പഠിക്കുന്നതു്? സൌന്ദര്യവും കൂടുതൽ അവൾക്കാണത്രെ. പലപ്പോഴും അവൾതന്നെ അക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ടു്.

മോളിയുടെ അടുത്താണു് താനും ഇരിക്കുന്നതു്. ഇടയ്ക്കിടെ അദ്ദേഹം രണ്ടാളെയും മാറിമാറിനോക്കുന്നതുംകാണാം. അതിന്നെന്തെങ്കിലും കാരണം അവളുണ്ടാക്കും. അങ്ങിനെ ക്ലാസ്സിൽവന്നാലെല്ലാം അദ്ദേഹത്തിൻെറ കണ്ണുകൾ മോളിയുടെയും കനകത്തിൻെറയും ഭാഗത്തായിരിക്കും തത്തിക്കളിക്കുന്നതു്. ക്ലാസ്സിലെ കുസൃതിക്കുട്ടകളാണത്രെ രണ്ടാളും. അങ്ങിനെ ആക്ഷേപിക്കുന്നതു് കേൾക്കാനും രസമാണു്.

ഒരുപക്ഷെ, അവൾ പ്രതീക്ഷിച്ചതായിരിക്കാം. കാററു തിരിഞ്ഞടിച്ചുതുടങ്ങിയപ്പോഴാണു് ഈ അസൂയയുടെആരംഭം. അല്ലെങ്കിലും ആ കഴവേറിയെ ആരെങ്കിലും ഇഷ്ടപ്പെടുമോ? അഹംഭാവത്തിന്നുംവേണ്ടേ, ഒരതിരൊക്കേ? അവളെകഴിച്ചാലേ, ലോകത്തിൽ സുന്ദരികളുള്ളുവെന്നാണു് നാട്യം. അവളുടെ ഒരു നടപ്പും, ഇരിപ്പും, നോട്ടവും, ഭാവവും—ഓ! സൌന്ദര്യറാണിയല്ലേ? സൌന്ദര്യറാണി! സാക്ഷാൽ രാധയായി വിഭാവനംചെയ്യുകയാണെപ്പോഴും. വേഷം മാറിമാറിവരും. നാടകക്കാരിയെപ്പോലെ. ആ തലമുടികൊണ്ടു് എന്തെല്ലാമാണു് കാട്ടിക്കൂട്ടുന്നതു്. ഇടയ്ക്കു് പാമ്പുപിണഞ്ഞപോലെ മടഞ്ഞിടും. മററുചിലപ്പോൾ കുതിരവാൽപോലെ കെട്ടികൊള്ളും. വേറെ ചിലപ്പോൾ ഉഴുന്നുവടപോലെ ചുരുട്ടിവെയ്ക്കും. കണ്ണിന്നു് നീളംപോരാഞ്ഞിട്ടായിരിക്കാം, മഷിയും നീട്ടി വലിയ്ക്കും.

“മോളിയുടെ കൂട്ടുകെട്ടുകൊണ്ടാണ് കനകത്തിന്നും ആഡംബരഭ്രമം കൂടിയത്.”

പലരും പറയാറുണ്ട് – വിശേഷിച്ചും അച്ഛനമ്മമാർ. വാസ്തവം അതാണോ? ലാസ്സർ മാഷ് വന്നുചേൎന്നതോടുകൂടിയല്ലേ, മട്ടുമാറിയത്? മുമ്പും അതേ സ്കൂളിൽ പഠിച്ചതാണ്. അപ്പോഴൊന്നും ഇതായിരുന്നില്ല, നില.

ഇതെല്ലാം അദ്ദേഹം മനസ്സിലാക്കിയിരിക്കണം. വെറുതെയായിരിയ്ക്കില്ല രണ്ടുപേരെയും നിരീക്ഷിച്ചുകൊണ്ടിരുന്നത്. രണ്ടാളെയ്യും ശരിയ്ക്കു് മനസ്സിലാക്കാനായിരിക്കാം.

“അല്ലാ ദിവാസ്വപ്നം കാണുകയാണോ?”

അതുകേട്ടപ്പോൾ ദേഷ്യം സഹിക്കാൻ കഴിഞ്ഞില്ല. കയ്യുമോങ്ങി പിന്നാലെതന്നെ ഓടി. എങ്ങിനെ ഓടാതിരിക്കും? പരിഹാസം എത്രയെങ്കിലും സഹിക്കാനൊക്കുമോ?

ആ അസഹിഷ്ണുത ക്ലാസ്സിൽനിന്നും പലപ്പോഴും അനുഭവിച്ചതാണ്. ആ ചോദ്യം അവിടെ പല തവണയും പൊട്ടിച്ചിരി സൃഷ്ടിച്ചിട്ടുണ്ട്. ലാസ്സർ മാസ്റ്ററുടെ മാസ്റ്റർപീസാണത്. അപ്പോഴെല്ലാം നാണംകൊണ്ടു് തല താനേതാണുപോകും. ദേഷ്യം സഹിക്കവെയ്യാതാവും ചിലപ്പോൾ. പക്ഷെ, എന്തുചെയ്യും? ചോദിക്കുന്നത് ആ രസികശിരോമണിയല്ലേ? തനിരസഗോളംതന്നെ. വായനിറയെ തമാശയാണ്. ആ കണ്ണുകളിലും ചുണ്ടുകളിലും ഏതു സമയത്തും പുഞ്ചിരിതങ്ങിനില്ക്കുന്നുണ്ടാകും. മററു യാതൊരു ഭാവത്തിന്നും ആ മുഖത്തു്സ്ഥാനമില്ല. ജീവിതംതന്നെ ഒരു തമാശയാണദ്ദേഹത്തിന്നു്. അതുകൊണ്ടുതന്നെയായിരിയ്ക്കാം, എല്ലാവർക്കും ജീവനാണ് ലാസ്സർ മാഷ്. അദ്ദേഹം എന്തുപറഞ്ഞാലും ആൎക്കും അതിൽ പരാതിയില്ല.

പക്ഷെ, ഇവൾക്കതു് പറയാൻ എന്താണൊരു യോഗ്യത? അഹങ്കാരംതന്നെ. അതിന്നൊരു അടക്കംവെയ്ക്കണം. അല്ലാതെ പററുകയില്ല. അതുകൊണ്ടാണ് ഓടിയത്. പക്ഷെ, അവളോടൊപ്പം ഓടിയെത്താൻ സാധിച്ചില്ല. തളൎന്നു

പോയി. അങ്ങിനെ വഴിത്തിരിവിലെത്തി. മോളിയ്ക്ക് അങ്ങോട്ടാണ് പോകേണ്ടത്.

തനിയ്ക്ക് പിന്നെയും നാലഞ്ചു ഫർല്ലോങ്ങ് നടക്കണം. ആകട്ടെ. തല്ക്കാലത്തേയ്ക്കെങ്കിലും ശല്യം ഒഴിയുമല്ലോ. പിന്നെ സ്വൈരമായി നടക്കാം.

"എന്നാൽ ഞാൻ പോകട്ടേ?"

അവൾ തിരിഞ്ഞുനിന്ന് ചോദിക്കുകയാണ്. അതിന്നു താനെന്തുവേണം?

പലപ്പോഴും വീട്ടിലേയ്ക്ക് ക്ഷണിക്കാറുണ്ട്. ഇന്നെന്താണ് അതില്ലാത്തത്. താൻ തോററതുകൊണ്ടായിരിയ്ക്കുമോ? അല്ലാ, മററന്തെങ്കിലുമാണോ? ആനണക്കുഴി തെളിയുന്നുണ്ട്. എന്തോ കുസൃതിത്തരം പൊട്ടിക്കാനാണ് മാവം.

"ഇന്നിങ്ങോട്ടില്ലേ? കുറേക്കഴിഞ്ഞ് പോവാം. ദുഃഖമൊന്നു്തീരട്ടെ."

— വേണ്ട. ഞാൻ വരുന്നില്ല.

മുഖം താനറിയാതെ കൂടുതൽവീർത്തുപോയോ? എന്തോ!

"വരുന്നു്!"

കൈക്ക് പിടിച്ചുവലിച്ചു.

— ഇല്ല. ഞാൻ പിന്നെവരാം. നേരംവൈകി. ഉച്ചയാവാറായി. അമ്മ ദേഷ്യപ്പെട്ടും.

"ശരി. എന്നാൽ വൈകുന്നേരം."

— വരാം.

"പിന്നെ.......ഇതാ, ദിവസം നിശ്ചയിച്ചാൽ.......!"

— ഇദാ, മോളീ! വെറുതെ വേണ്ട. ഞാൻ പറഞ്ഞേയ്ക്കാം.

"വിലയ്ക്കുതന്നെ."

അവൾ പൊട്ടിച്ചിരിച്ചുകൊണ്ട് ഓടി. ഹാവൂ! പോയല്ലോ. സൈ്വരക്കേട്. അവളോടൊപ്പം പോകാമായിരുന്നു. പക്ഷെ, എങ്ങിനെപോകും? എല്ലാവരും പാസ്സായതുവകയിൽ ടീപ്പാർട്ടികഴിഞ്ഞു കാത്തിരിക്കുകയായിരിക്കും. വിശേഷിച്ചും മോളിയുടെ ചേട്ടൻ.

മോളിയുടെമാത്രം ചേട്ടനാണോ? താനും അങ്ങിനെതന്നെയല്ലേ, വിളിക്കുന്നത്? ജോണിക്കും എപ്പോഴും തന്റെമേലൊരു കണ്ണുണ്ട്. കണ്ടാലെല്ലാം കളിയാക്കും. അനുജത്തിയുടെ ചേട്ടൻതന്നെ. വലിയ ബി. എ.ക്കാരനാണത്രെ. അതുകൊണ്ട് തന്നെയെന്തിന്നു് കളിയാക്കണം? പലപ്പോഴും അത് ഇഷ്ടപ്പെടാറില്ല. എന്നാലും അതിന്നൊരു പ്രത്യേകതയുണ്ട്. ഹൃദയത്തിൽ എവിടെയൊക്കെയോ കൊളുത്തി വലിയ്ക്കും.

എന്നാലും ഇന്നങ്ങോട്ട് പോകാൻവയ്യ! തോററുവെന്നല്ലേ, പറയേണ്ടത്? അതെങ്ങിനെപറയും? അതാണ് പോകാതിരിയ്ക്കാൻ കാരണം. വാസ്തവത്തിൽ വീട്ടിലെത്താൻ ധൃതിയുണ്ടായിരുന്നില്ല. നേരെമറിച്ച് അവിടെ എത്തുന്നതിലാണ് സങ്കടം. അച്ഛന്റെയും അമ്മയുടെയും മുഖത്തെങ്ങിനെനോക്കും? അമ്മ കുത്തുവാക്കുകൾകൊണ്ട് വേദനിപ്പിക്കാതിരിക്കില്ല. അച്ഛൻ ശകാരിക്കുകതന്നെചെയ്യും. ഒരു പക്ഷെ, രണ്ടു പൊട്ടിച്ചെന്നുംവരും. അതെല്ലാം സഹിയ്ക്കാം. അനുജനും അനുജത്തിയും വിടുകയില്ല. ആ കുസൃതികൾ കളിയാക്കിത്തുടങ്ങും. അതാണ് സഹിയ്ക്കാൻ ഞെരുക്കം. ദേഷ്യപ്പെട്ടാലും കണ്ണുരുട്ടിയാലും ഒന്നും കൂട്ടാക്കുകയില്ല. അടിച്ചാലോ, ചോദിയ്ക്കാൻ അമ്മയായിരിക്കും.

"നീ പഠിക്കാത്തതിന്നു് അവരെവെച്ചുപൊയ്ക്കിട്ടെന്താ?",

അതായിരിക്കും അമ്മയുടെ ചോദ്യം. ശരിയല്ലേ? അങ്ങിനെ വിഷമിക്കും. എത്രദിവസം ഈ വിഷമം അനുഭവിയ്ക്കേണ്ടിവരുമോ? ആരോ! ആർക്കറിയാം?

കല്ലിച്ചുകുട്ടിയാണോ, പഠിയ്ക്കാതിരുന്നത്? താനാണോ അപരാധി? ആ സ്ഥാനത്ത് മററാരെങ്കിലുമായിരുന്നാലോ?

ഫലം മറിച്ചാവാനിടയുണ്ടോ? ഇല്ല. എങ്കിലും ഉദ്ദേശിച്ച പോലെ കാര്യം നടന്നിരുന്നെങ്കിൽ!

ക്ലാസ്സിലിരുന്ന് ദിവാസ്വപ്നം കാണുകയാണത്രെ. എത്ര പ്രാവശ്യമാണ് ആ കുസൃതികളുടെ കൂട്ടത്തിൽവെച്ച് പരിഹസിച്ചത്? മററാരുമില്ലാത്തപ്പോഴാണെങ്കിൽ അതുമൊരു രസമാണ്. പക്ഷെ, അവിടെവെച്ചായതുകൊണ്ട് ലജ്ജിച്ചുപോയി. പലപ്പോഴും സഹിക്കാനാവാത്ത സങ്കടംതന്നെ ഉണ്ടായിട്ടുണ്ട്.

ആരാണതിന്നു കാരണം? പരിഹസിച്ച ആൾതന്നെയല്ലേ? അല്ലെങ്കിൽ അതുവരെ തോററിരുന്നോ? ലാസ്സർമാഷ് സ്കൂളിൽ ചേർന്നതിന്നുശേഷമാണ് ഈ ആദ്യത്തെ തോൽവി. കാരണം ആ നോട്ടവും വാക്കുംതന്നെ. അവയിൽക്കൂടി ആകൃതിയും പ്രകൃതിയും മനസ്സിന്നിണങ്ങി. പിന്നെയും മുറുക്കം കൂടി, വീട്ടിൽവരാൻ തുടങ്ങിയപ്പോൾ. അതോ, അച്ഛനോടൊപ്പവും.

എത്ര സ്നേഹാദരങ്ങളോടെയാണ് രണ്ടുപേരും പെരുമാറുന്നത്? വളരെ വേഗത്തിൽ അച്ഛനെ വശീകരിച്ചുകളഞ്ഞു. സ്വതവേ ആരോടും അത്രവേഗത്തിൽ ഇണങ്ങാത്ത പ്രകൃതിയാണ് അച്ഛൻെറത്. നിഷ്പ്രയാസം അദ്ദേഹത്തെ പോക്കററിലാക്കിക്കഴിഞ്ഞു. അല്ലെങ്കിലും ലാസ്സർമാഷക്ക് അത് സാധിക്കും. ആരെയും എളുപ്പത്തിൽ സ്വാധീനിക്കാൻ പ്രത്യേകമായൊരു കഴിവുണ്ട്. ആ കഴിവ് അച്ഛൻെറ നേരെ പ്രയോഗിച്ചതും സോദ്ദേശമല്ലേ? തന്നെ പാട്ടിലാക്കാൻ അതാണ് ശരിയായ മാർഗ്ഗം. മററു വഴികളൊന്നും അദ്ദേഹം സ്വീകരിക്കുകയില്ല. മാനവും മര്യാദയും തികഞ്ഞകൂട്ടത്തിലാണ്. യോഗ്യനാണെന്നു് ആരും തലകുലുക്കിസമ്മതിക്കും.

വീട്ടിൽവന്നാൽ ചായയും പലഹാരവും കൊടുക്കാതിരിക്കുകയില്ല. അച്ഛൻതന്നെയാണതിന്നു് നിർബ്ബന്ധിക്കുക പതിവ്. അമ്മയ്ക്കും അതിൽ സന്തോഷമാണ്. തൻെറ ഓമന മകളുടെ ഭാവി വരനല്ലേ? ആ വിചാരംകൊണ്ടായിരിക്കാം.

മടങ്ങിപ്പോകുന്നതിലാണ് സങ്കടം. ആ മുഖത്തുനിന്നും കണ്ണെടുക്കാൻ തോന്നില്ല. പുസ്തകമെടുത്ത് ജനലിന്നരികിൽ ചെന്നിരിക്കും. വായനയാണെന്നാണ് വെയ്പ്. നോട്ടം മുഴവൻ അദ്ദേഹത്തിലാണ്. ചെവികൾ ആ ഫലിതങ്ങളിലും. ആ രസികൻ ഇതും മനസ്സിലാക്കിയിരിക്കണം.

"കനകം ഇവിടെനിന്നു് നല്ലവണ്ണം പഠിക്കും. അല്ലേ?"

ഒരു ദിവസം ലാസ്സർ മാഷ് അച്ഛനോട് ചോദിച്ചു.

"ഇപ്പോൾ വായിക്കുന്നത് കണക്കിലെടുക്കേണ്ട. മാഷെ കണ്ടതുകൊണ്ടാണ്. ഇല്ലെങ്കിൽ പുസ്തകവും അവളും തമ്മിൽ പിണക്കത്തിലാ, എപ്പോഴും. വിശേഷിച്ചും ഈയ്യിടെയായി മടികൂടിയിട്ടുണ്ട്."

അച്ഛൻെറ തമാശകേട്ട് അദ്ദേഹം പൊട്ടിച്ചിരിച്ചു.

"മാഷ് ഇവിടെ താമസിക്യാന്നു്ച്ചാൽ നല്ലവണ്ണം പഠിക്കും."

"പക്ഷെ. പഠിച്ച് പഠിച്ച് വല്ല സുഖക്കേടും ബാധിച്ചാലോ?"

ആ ചോദ്യം അച്ഛനേയും ചിരിപ്പിച്ചു.

സുഖക്കേട് ഇപ്പോൾത്തന്നെ ഇല്ലേ? അത് ഏറിവരും. അത്രതന്നെ — താൻ മനസ്സിൽ പറഞ്ഞു.

അങ്ങിനെ അദ്ദേഹം പലപ്പോഴും വീട്ടിൽവന്നു. വീട്ടിലായാലും സ്കൂളിലായാലും ശ്രദ്ധ ഇങ്ങോട്ടുതന്നെ. അല്ലെങ്കിലെന്തിന്നു് തന്നെപ്പററിയും പഠിപ്പിനെപ്പററിയും ഇടക്കിടെ അന്വേഷിക്കണം? തൻെറ മുഖത്തുനോക്കുമ്പോൾ ആ മുഖത്തും എന്തൊക്കെയോ വികാരങ്ങൾ പൊട്ടിപ്പുറപ്പെടാറില്ലേ? എന്തായിരിക്കാം, അതെല്ലാം? അവ്യക്തമെങ്കിലും കാണുന്നത് ഒരു രസമാണ്.

ഈ വെക്കേഷനിലായിരിക്കാം ഉദ്ദേശിച്ചിട്ടുണ്ടാവുക. ഉള്ളാലെ ഉറച്ചുകാണും. അതുമാത്രം മതിയോ? അച്ഛനും അ

മ്മയും സമ്മതിക്കേണ്ടേ? അവർ സമ്മതിച്ചാൽത്തന്നെ ബന്ധുക്കൾ വിടുമോ? ജാതിയും മതവുമൊക്കെ ഇപ്പോഴും വിവാഹത്തെ നിയന്ത്രിക്കുകയല്ലേ?

ഒരുപക്ഷെ, നടക്കുമെന്നമട്ടിലായിക്കാണും. അച്ഛനൊരു പുരോഗമനവാദിയാണല്ലോ. പോരാത്തതിന്നു ഒരു നാട്ടുപ്രമാണിയും. അച്ഛൻെറ ഹിതം എന്തുംനടക്കും. ലാസ്സർ മാഷുമായി വളരെ അടുപ്പത്തിലാണല്ലോ. അദ്ദേഹം പൊതുസമ്മതനാണുതാനും.

ഏതായാലും ആശകൾ സഫലമാവാൻപോവുകയാണ്. പാസ്സാവാത്തതുകൊണ്ട് അസുഖമുണ്ടാകുമോ? ഉണ്ടാവാൻ വഴിയില്ല. അടുത്ത സപ്തേമ്പറിൽ പരീക്ഷയുണ്ടായിരിക്കാം. രണ്ടാമതിരുന്നാൽ പാസ്സാവും. തീർച്ചയാണ്. മനസ്സൊന്നു ശാന്തമാവുമ്പോൾ ഏകാഗ്രതകിട്ടും.

അതൊക്കെ ശരിതന്നെ. പക്ഷെ, ഇപ്പോൾ എങ്ങിനെ വീട്ടിലേയ്ക്കുപോകും? അച്ഛൻെറയും അമ്മയുടെയും മററും മുഖത്തുനോക്കണ്ടേ? അതാണ് വിഷമം. ഇന്നത്തേതു കഴിഞ്ഞിട്ടല്ലേ, നാളത്തെകാര്യം?

ഏതായാലും കയറിച്ചെല്ലുകതന്നെ. മടിച്ചിട്ടെന്താണ് പ്രയോജനം? എങ്ങിനെയായാലും വഷളാവും. അപ്പോൾ പിന്നെ നേത്തേകഴിഞ്ഞാൽ സമാധാനമായി.

ഓ! അനുജനും അനുജത്തിയും വീട്ടിലില്ല. എവിടെയെങ്കിലുംചെന്നു് തകൎക്കുകയായിരിക്കും. അതുനന്നായി.

ങ്ങേ്? അച്ഛനുമില്ലേ? എവിടെയായിരിയ്ക്കും?—ആ, വല്ലേടത്തും പോയിരിക്കും. ഒരു പക്ഷെ, ലാസ്സർമാഷോടൊപ്പം തന്നെ. കുറച്ചു ദിവസങ്ങൾക്കുമുമ്പ് അനവധി നേരം സ്വകാര്യ സംഭാഷണം നടത്തിയല്ലോ.

അമ്മയും അടുക്കളയിലാണ്. അതുംനന്നായി. ഏതായാലും കുറച്ചുസമയം ആശ്വസിയ്ക്കാം. പൂമുഖത്തുചെന്നു് അല്പം വിശ്രമിക്കുകതന്നെ. വല്ലാത്തക്ഷീണമുണ്ട്.

ചെന്നു് കസാലയിലേയ്ക്കു് ചാഞ്ഞു — ഒരു നെടുവീർപ്പോടെ.

പെട്ടെന്നാണ് മേശപ്പുറത്തു ഒരു ക്ഷണക്കത്തു് കണ്ടതു് വിവാഹത്തിൻെറതുതന്നെ. ഒററ നോട്ടത്തിൽ മനസ്സിലായി. അപ്പോൾ നിശ്ചയിച്ചുകഴിഞ്ഞു. ക്ഷണക്കത്തുംഅടിച്ചു

അത്ഭുതം! ഇതേപ്പററിത്തന്നെയായിരിയ്ക്കാം, ഈയ്യിടെ ദീർഘമായ ആലോചന നടത്തിയതു്. എന്നിട്ടും ഒററവാക്കു പോലും പറഞ്ഞില്ലല്ലോ.

അതല്ലാ, മററാരുടെയെങ്കിലുമായിരിയ്ക്കുമോ?

നോക്കുകതന്നെ.

അതെടുത്തു് ഉലത്തിനോക്കി.

"...... ......മകൾ മോളിയും..........മകൻ ലാസ്സർ ബി. എ. ബി. എഡും തമ്മിലുള്ള വിവാഹം.............!"

ങ്ഹേ്? എന്തു്!!

തരിച്ചിരുന്നുപോയി!

അപ്പോൾ ഇതിന്നു് അച്ഛനെ കൂട്ടുപിടിക്കാനാണ് ഇടയ്ക്കിടെ അദ്ദേഹംവന്നതു്!

ആ കള്ളി ഇക്കാര്യം സൂചിപ്പിക്കുകപോലുംചെയ്യില്ല. അറിഞ്ഞുകൊണ്ടു തന്നെ കളിയാക്കിയതാണു്. അല്ലേ?— ധിക്കാരി!

അപ്പോൾ എല്ലാം തതന്നു. ആശകളും പ്രതീക്ഷകളും മുഴുവൻ!

കണ്ണിരുട്ടടയ്ക്കുന്നതായിതോന്നി. ചുററുപാടും തിരിയുകയാണ്.

കനകം കസാലയിലേയ്ക്കു് മറിഞ്ഞുവീണുപോയി!

~~~
~~~

# അനുഗമിക്കുന്ന സംശയം.

ഈ പോക്കിൽ എന്തോ പന്തികേടുണ്ട്. സാധാരണ ഇങ്ങനെ പതിവില്ല. ഈ മഴയത്ത് ആരെങ്കിലും അണിഞ്ഞൊരുങ്ങുമോ? പോരാത്തതിന്നു് രാത്രി സമയവും.

കാര്യം അടിയന്തിരമാണ്. പെട്ടെന്നാണ് ഓമ്മവന്നത്. ഇപ്പോൾത്തന്നെ കണ്ടേകഴിയൂ. തന്നെ കാണാതെ സ്ഥലംവിടുകയില്ല. കാത്തുനിന്നു് വിഷമിക്കുകയായിരിക്കും, ആ സുഹൃത്ത്. ഉടനെ പോകണം.

— ആണോ, പെണ്ണോ?

ഞാനൊരമ്പരന്നെ തൊട്ടുത്തുവിട്ടു.

"പെണ്ണുങ്ങളേയുള്ളൂ, ലോകത്തിൽ?"

വിട്ടുതരാനുള്ള ഭാവമല്ല.

— അതുകൊണ്ടാണല്ലോ, ചോദിച്ചത്?

"നിന്റെ അധികാരംചെലുത്തൽ കുറേകടന്നുപോകുന്നുണ്ട്, കെട്ടോ."

— അതിന്നു് ഞാനല്ല, ഉത്തരവാദി. ആദ്യമേ, ആലോചിക്കേണ്ടിയിരുന്നു.

“ഇദാ, വെറുതെ എൻെറ കൈച്ചൂടറിയേണ്ട.”

ആദ്യമായി കേൾക്കുകയാണത്. അതെനിയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഉള്ളിൽ വേദനതിങ്ങിവിങ്ങി. അതിൻെറ അണപൊട്ടി. ഞാൻ കിടക്കയിൽ കമിഴ്ന്നുകിടന്നു. തേങ്ങിത്തേങ്ങി കരഞ്ഞു.

അപ്പോഴേയ്ക്കും കുഞ്ഞിമോൻ ഞെട്ടിയുണന്നു. അവനും കരഞ്ഞുതുടങ്ങി. ഞാനവനെ വാരിയെടുത്തു മാറോട്ചേർത്തു കിടത്തി. കണ്ണീരിൽ കുളിപ്പിച്ചു.

അതിന്നിടയിൽ അദ്ദേഹം പുറപ്പെട്ടുകഴിഞ്ഞു. വാതിൽചാരി പുറത്തേക്കിറങ്ങി.

ഞാൻ മെല്ലെ എഴുന്നേററു. എല്ലാം നോക്കിക്കൊണ്ട് അല്പനേരം കട്ടിലിൽ ഇരുന്നു. കുഞ്ഞ് ഉറങ്ങിക്കഴിഞ്ഞിരുന്നു. കിടപ്പുമുറിയിൽ പൌഡറിൻെറയും ഹെയറോയിലിൻെറയും വാസന തങ്ങിനില്ക്കുന്നുണ്ട്.

മനസ്സിൽ ആയിരം ചോദ്യങ്ങൾ ഒരുമിച്ചുയന്നു. എല്ലാം ആശങ്കകളായിമാറി. ദൃഷ്ടികൾ ആ കാലടികളെ പിന്തുടന്നു. എന്നിൽ അമഷം ആളിക്കത്തി. ഹൃദയം ശക്തിയായിമിടിച്ചു. ഞാൻ അവിടെനിന്നും വേഗം എഴുന്നേററു. കുടയെടുത്തു. വാതിൽ മെല്ലെ ചാരി. അടുക്കളയിൽചെന്നു് വെട്ടുകത്തിയെടുത്തു് സാരിയ്ക്കുള്ളിൽ മറച്ചു. പുറത്തുകടന്നു. അടുക്കള വാതിലടച്ച് മുററത്തേയ്ക്കിറങ്ങി.

മഴ ഇടതടവില്ലാതെ പെയ്യുകയാണ്. വെള്ളം കുത്തിയൊലിയ്ക്കുന്ന ശബ്ദംകേൾക്കാം. മങ്ങിയ ചന്ദ്രികയാണുള്ളതു്. വിളക്കുകൂടാതെ നടക്കാമെന്നുമാത്രം. ഞാൻ കാലുകൾ വേഗംവേഗം പെറുക്കിവെച്ചു. ഒരു കുററാന്വേഷകൻെറ ഭാവമാണ്. കരുതലോടെയാണ് മുന്നോട്ടുനീങ്ങിയതു്.

അദ്ദേഹം ഇടവഴിയിൽക്കൂടി തെക്കോട്ടുതിരിഞ്ഞു. പിന്നാലെതന്നെ ഞാനും. ഇടയ്ക്ക്തിരിഞ്ഞുനോക്കുന്നുണ്ട്. ആ സമയത്തെല്ലാം ദൃഷ്ടിയിൽപെടാതെതന്നെ ഒളിഞ്ഞുനിന്നു് രക്ഷപ്പെട്ടു.

പുറമെ മഴയും തണുപ്പും. ഉള്ളിൽ ചിന്തയും ചൂടും!

അങ്ങോട്ടുതന്നെയാണ് യാത്ര. പറഞ്ഞൊത്തിട്ടുണ്ടാകും. എന്തൊരു വേഗതയാണ് നടത്തത്തിന്നു്! അവൾ അവിടെ കാത്തിരിക്കുന്നുണ്ടാകുമല്ലോ. ചിറകുണ്ടായിരുന്നെങ്കിൽ പറന്നെത്തിയേനേ! ഇടയ്ക്കു് രണ്ടു മൂന്നു തവണ തടഞ്ഞു വീഴാൻ ഭാവിച്ചു. എന്നിട്ടും വേഗത കുറച്ചില്ല. അല്ലെങ്കിലും കാമത്തിന്നു കണ്ണുണ്ടോ? പുരുഷന്മാരായാൽ വിശേഷിച്ചും! ആവേശമങ്ങുകയറിയാൽ സർവ്വവും മറക്കും. പിന്നെ രാവും പകലുമില്ല. ദൂരത്തിന്നു് നീളംചുരുങ്ങും. പരിതഃസ്ഥിതിയെത്തന്നെ മറന്നുകളയും.

അല്ലെങ്കിൽ ഇങ്ങനെ പുറപ്പെടുമോ? രണ്ടുപേരുംകൂടി ഒരേ കട്ടിലിൽ കിടന്നതാണ്. അങ്ങിനെയായാലേ എനിക്കു് ഉറക്കംവരികയുള്ളു. എന്നിട്ടോ? ഉറങ്ങിയപ്പോൾ കൈ ശരീരത്തിൽനിന്നും മെല്ലെനീക്കി. മറെറാന്നുമാലോചിക്കാതെ പുറപ്പെട്ടു. പുറപ്പാട് പകുതിയായപ്പോഴാണ് ഞാനറിഞ്ഞത്. അന്വേഷിച്ചപ്പോൾ പെട്ടെന്നൊന്നു് ചൂളിപ്പോയി.

ഉടനെ യുക്തികണ്ടുപിടിച്ചു. എന്നെ കബളിപ്പിക്കാനാണ് ഉദ്ദേശം. പക്ഷെ, അത് സാധിക്കുമോ? രഹസ്യങ്ങളിലേയ്ക്കു് ചുഴഞ്ഞിറങ്ങാനുള്ള കഴിവ് സ്ത്രീകൾക്ക് സഹജമല്ലേ? അപ്പോൾ എൻെറ അടുത്ത് അത്തരം അടവുകളൊക്കെ പററുമോ?

അവൾ വീട്ടിൽ കാലുകുത്തിയപ്പോഴേയുണ്ട്, എനിയ്ക്കു് സംശയം. എന്നെയുംകുഞ്ഞുമോനെയും കാണാനാണത്രെ, വന്നത്. എന്നിട്ടോ? കണ്ടതുമുഴുവൻ അദ്ദേഹത്തെയും. അണിഞ്ഞൊരുങ്ങിയാണ് വരവുതന്നെ. ഒരു തേവിടിശ്ശിയുടെ മട്ടുണ്ട്, കണ്ടാൽ! എപ്പോഴും കണ്ണുകൾ അദ്ദേഹത്തിൻെറ മുഖത്തുതന്നെ. കുത്തിപ്പൊട്ടിച്ചാലോ എന്നു് തോന്നിപ്പോയി!

അവളുടെ ആ നടത്തവും ആടിക്കുഴയലും! അടിച്ച് എല്ലൊടിയ്ക്കുകയാണ് വേണ്ടത്. കിലുകിലാന്നുള്ള ചിരി. അതുകേൾക്കുമ്പോൾ പാദം മുതൽ അരിച്ചുകയറും, ദേഷ്യം.

കുഞ്ഞുമോനെ എടുത്ത് ചുംബിച്ചതിന്ന് കയ്യുംകണക്കുമില്ല. അച്ഛൻെറ തനിപകർപ്പാണത്രെ! അവളുടെ ഒരു സർട്ടിഫിക്കററ്! ആൎക്കുവേണം? തനിപ്പകർപ്പായതുകൊണ്ടുതന്നെയല്ലേ, ഈ വാത്സല്യ പ്രകടനങ്ങളൊക്കെ? ചോദ്യം നാവിൻെറ തലയ്ക്കൽവരെ എത്തിയതാണ്. ആതിഥേയ മര്യാദയോർത്ത് പുറപ്പെടുവിച്ചില്ല.

കാര്യം വ്യക്തമാണ്. അങ്ങിനെ ചുംബിക്കുമ്പോഴും നോട്ടം അദ്ദേഹത്തിൻെറ നേരെതന്നെ. ആ അസത്തിനെ പടികയററിക്കൂടായിരുന്നു. പക്ഷെ, എന്തുചെയ്യാം?

അഭ്യസ്തവിദ്യയാണ്. സംസ്കാരസമ്പന്നയായിരിയ്ക്കും. അപകടമുണ്ടാവില്ല. എന്നൊക്കെയാണ് വിചാരിച്ചത്. അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ആദ്യംതന്നെ തടഞ്ഞേനേ!

അദ്ദേഹം അതിന്ന് വളംവെച്ചുകൊടുക്കുകയാണ്. അവളോട് ചിരിയ്ക്കുന്നതിന്നും പറയുന്നതിന്നും യാതൊരു സങ്കോചവുമില്ല. ഞാനീവീട്ടിൽ കയറിയ ആദ്യദിവസങ്ങളിൽ എന്നോട് കാണിച്ച രീതിയിൽത്തന്നെ. അതോ, എൻെറ മുമ്പിൽവെച്ചും! ഒരു ഭാര്യ അതെങ്ങിനെ സഹിയ്ക്കും? വിശേഷിച്ചും ഭർത്താവിനെ സ്വന്തം ജീവനെപ്പോലെ കരുതുന്നവൾ. എനിക്കാണെങ്കിൽ അച്ഛനും അമ്മയും ദൈവവും എല്ലാം അദ്ദേഹമാണ്. അതേ ഭാവമായിരുന്നു, ഇങ്ങോട്ടും. എന്തും എന്നോട് ആലോചിച്ചേ ചെയ്യൂ. ഞാൻതന്നെ വിളമ്പിക്കൊടുക്കണം. എന്നാലേ വയറുനിറയൂ

ഉണ്ണുമ്പോൾ വെപ്പുകാരൻ ചെറുക്കനെ കാണാൻകൂടി വയ്യ. ഓഫീസ്സിലേയ്ക്കുപോകുമ്പോൾ അണിഞ്ഞൊരുങ്ങുന്നതിൽ ഞാൻ സഹായിക്കണം. അല്ലെങ്കിൽ തൃപ്തിയാവില്ല. ഞാൻ പടിയ്ക്കൽവരെ അനുഗമിക്കും. അദ്ദേഹം ഇടയ്ക്കിടേ തിരിഞ്ഞുനോക്കുന്നുണ്ടാവും. അപ്പോഴൊക്കെ എൻെറ ചിരിയ്ക്കുന്ന മുഖം കണ്ടേകഴിയൂ. അല്ലെങ്കിൽ അദ്ദേഹത്തിന്ന് വലിയ കുണ്ഠിതമാണ്. അങ്ങിനെയല്ലാത്ത ദിവസം ഓഫീസ്സു ജോലി ശരിയ്ക്കു നടക്കില്ലത്രെ.

ആ മനുഷ്യനാണോ ഇത്?

കണ്ണിൽനിന്നു് മറയുമ്പോഴേയ്ക്കും എൻെറ മുഖംവാട്ടം. പിന്നെ ഒരു ഉന്മേഷവുമുണ്ടാവില്ല. ജോലിയൊക്കെ വെപ്പുകാരൻതന്നെ ചെയ്യണം. ഞാൻ എന്തെങ്കിലും വായിച്ചുകൊണ്ടിരിയ്ക്കും. അല്ലെങ്കിൽ കുഞ്ഞുമോനുമായികൊഞ്ചും. വെപ്പുകാരൻെറനേരെ ദേഷ്യംവരും. അദ്ദേഹം വീട്ടിലുള്ളപ്പോൾ ആക്കും എന്തുംചെയ്യാം. ഞാനറിയുകയേ ഇല്ല. എൻെറ മുഖം പ്രസന്നമായിട്ടേ അദ്ദേഹം കണ്ടിരിയ്ക്കുയുള്ളൂ

എന്നാൽ അവളുടെ സാന്നിദ്ധ്യത്തിൽ നിലമാറി. ഭാവം മാറാതിരിയ്ക്കാൻ നന്നേവിഷമിച്ചു. വിവാഹം കഴിഞ്ഞശേഷമുണ്ടായ പുതിയൊരനുഭവമാണത്.

കുറച്ചുദിവസമായി അദ്ദേഹത്തിൽ ആകെയൊരു മാററം കണ്ടുതുടങ്ങിയിട്ടു്. ഇതുവരെ കാരണം മനസ്സിലായില്ല. ഇപ്പോഴല്ലേ, പൂച്ച്‌വെളിയിൽ ചാടിയുള്ളൂ?

(ആരോ ധൃതിയിൽ നടന്നുവരുന്നുണ്ട്. വെളിച്ചമില്ല. അയാൾ രണ്ടുപേരെയും അത്ര കാര്യമാക്കാതെ നടന്നുപോയി.

അതേതായാലും നല്ലകാര്യംതന്നെ.

അതാ, അദ്ദേഹം കിഴക്കോട്ടുതിരിയുകയാണ്. തിരിയട്ടെ. തനിയ്ക്കും അറിയുന്നവഴിതന്നെയാണത്.)

സിനിമാ തിയേററ റിൽവെച്ചാണ് താനവളെ ആദ്യമായികണ്ടതു്. അദ്ദേഹവുമായി പരിചയം നടിക്കുന്നതുകണ്ടു

"നമസ്തേ, സാർ!"

അതുംപറഞ്ഞുകൊണ്ടാണവൾ അടുത്തത്. അദ്ദേഹം തല ഒരു ഭാഗത്തേയ്ക്കു് ചെരിച്ചുകൊണ്ടു് ഒന്നു ചിരിച്ചു.

അവളുടെ കുപ്പുകൈ കുഞ്ഞുമോൻെറനേരെ വിടന്നു. പക്ഷെ, അവൻ അച്ഛൻെറ മാറോട് കൂടുതൽ ചേർന്നു്കിടന്നുകളഞ്ഞു.

ഒരു അന്യപുരുഷന്റെ കയ്യിൽനിന്നു് കുട്ടിയെ വാങ്ങുക. അതോ, യാതൊരു ബന്ധവുമില്ലാത്ത പുരുഷനും. കുറച്ചെങ്കിലും നാണംവേണ്ടേ, പെണ്ണുങ്ങളായാൽ? ഇല്ല. അല്പംപോലുമില്ല. സ്വന്തം ഭർത്താവിന്റെ കയ്യിൽനിന്നു് വാങ്ങുന്ന ഭാവമാണ്.

ആ ശ്രമം പരാജയപ്പെട്ടു. അതിന്നുശേഷമാണ് തന്റെ നേരെ തിരിഞ്ഞതു്. അദ്ദേഹം രണ്ടുപേരെയും അന്യോന്യം പരിചയപ്പെടുത്തി.

അദ്ദേഹംജോലിചെയ്യുന്നഓഫീസ്സിലെലേഡീക്ലാർക്കാണത്രെ. രാഗിണിയെന്നാണ് പേരു്. (പററിയ പേരു്. തികച്ചും രാഗിണിതന്നെ!) ഈയ്യിടെ മാറിവന്നതാണത്രെ. അങ്ങു് തെക്കാണ് സ്വദേശം. ഓഫീസ്സിന്നടുത്തുതന്നെ ഒരൊഴിഞ്ഞ വീട്ടിൽ താമസിക്കുകയാണിപ്പോൾ. കൂടെ അമ്മയാണുള്ളതു്. ബി. എസ്സ്. സി. പാസ്സായിട്ടുണ്ട്. ഇത്രയും വിവരങ്ങൾ രണ്ടുപേരുംകൂടി തന്റെ മുമ്പിൽ നിരത്തിവെച്ചു.

ഞങ്ങൾ തിയേററററിന്നുള്ളിലേയ്ക്കു് പോയി. അദ്ദേഹം മനമില്ലാ മനസ്സോടെയാണ് തന്റെ പിന്നാലെവന്നതു്.

അകത്തേയ്ക്കു കടക്കുമ്പോൾ താനൊന്നു വെറുതെ തിരിഞ്ഞുനോക്കി. എന്തായാലും ഒരു പെണ്ണല്ലേ? കുറച്ചൊക്കെ കുസൃതിയില്ലാതിരിയ്ക്കുമോ? പ്രതീക്ഷിച്ചതുതന്നെകാര്യം. അവൾ മറെറാരു ചെറുപ്പക്കാരനുമായി സംസാരിയ്ക്കുകയാണ്.

(ഓ! റോഡെത്തിക്കഴിഞ്ഞു. അങ്ങോട്ടുതന്നെയാണല്ലോ. ആട്ടെ. സൌകര്യത്തിൽ നടക്കാം. ഏതായാലും ഊഹിച്ചേടത്തേയ്ക്കുതന്നെ. ആ പറഞ്ഞുതന്ന വഴിയ്ക്കാണ് പോകുന്നതു്.)

അധികദിവസം കഴിഞ്ഞില്ല. രാഗിണി വീട്ടിലേയ്ക്കു് വരുന്നുണ്ടെന്ന വാർത്തകിട്ടി. അദ്ദേഹം തന്നെയാണ് പറഞ്ഞതു്. അങ്ങിനെ പലരും വരാറുണ്ട്, പക്ഷെ, എന്തെങ്കിലും ആവശ്യത്തിന്നായിരിയ്ക്കും. എന്നാൽ അവൾ വന്നതിന്നു് പ്രത്യേകാവശ്യമൊന്നും കണ്ടില്ല.

ഓഫീസ്സറുടെ കുടുംബവുമായി ബന്ധം പുലത്തുന്നത് ചില പെണ്ണുങ്ങളുടെ തന്ത്രമാണ്. ഉദ്യോഗക്കയററത്തിന്നും മററും അത് ഉപകരിക്കുമായിരിയ്ക്കും. അതോടൊപ്പംതന്നെ സമ്പാദ്യത്തിന്നും.

അവളുടെ വരവും പോക്കും പെരുമാററവും! ഒരു ഭാര്യയ്ക്ക് ഇഷ്ടപ്പെടില്ല. താനായിരുന്നു ഓഫീസ്സറെങ്കിൽ തീർച്ചയായും ഫലം വിപരീതമാകുമായിരുന്നു, അപ്പോൾതന്നെ.

അദ്ദേഹം വളരെ കരുതിയാണ് പെരുമാറിയത്. എന്നിട്ടും ഒതുക്കിയാലൊതുങ്ങാത്ത ഒരു ഭാവമാററം അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടു. താനത് പ്രത്യേകം ശ്രദ്ധിയ്ക്കുന്നുണ്ടായിരുന്നു.

പക്ഷെ, കേവലം അപ്രതീക്ഷിതമായാണ് ഇതു സംഭവിച്ചത്. ഈ സമയത്ത് ഇങ്ങനെ പുറപ്പെട്ടമെന്ന് വിചാരിച്ചതേയില്ല. അതിനെപ്പററി അന്വേഷിച്ചപ്പോൾ ത്തന്നെ ചാടിക്കയറുകയുംചെയ്തു.

ഈ നിലയ്ക്ക് എങ്ങിനെ ജീവിയ്ക്കും? അങ്ങിനെ ജീവിച്ചിട്ടെന്തുകാര്യം?

ഒരു പക്ഷെ, ഇവിടെ സൌകര്യമുണ്ടോയെന്ന് നോക്കാനായിരിക്കും അവൾ വന്നത്. തൻെറ കണ്ണിൽ പൊടിയിടാൻവേണ്ടി കുഞ്ഞുമോന്ന് ബിസ്കററും ബലൂസഞ്ചറും മററും കൊണ്ടുവന്നുവെന്നുമാത്രം.

താൻ മുമ്പിലുള്ളപ്പോൾ അദ്ദേഹം അവളുമായി അധികം സംസാരിച്ചില്ല. അടുക്കളയിലായിരുന്നപ്പോൾ വാതോരാതെ സംസാരിക്കുന്നതുംകേട്ടു. ശ്രദ്ധിച്ചെങ്കിലും മനസ്സിലായില്ല. എന്താണ് ഇത്രയൊക്കെ പറയാനുള്ളത്? അതോ, സ്വകാര്യവും.

അങ്ങോട്ട് ക്ഷണിച്ചാണ് പോയത്. ആ ക്ഷണം സ്വീകരിയ്ക്കാൻ പുറപ്പെട്ടതായിരിയ്ക്കാം, ഇപ്പോൾ. അതിന്നു കണ്ടുപിടിച്ചൊരു സമയം.

ഏതായാലും ഇനിയിത് ആവൎത്തിക്കരുത്. അവളെന്നല്ല, ഒരുവളും. ഇവിടെ മാത്രമല്ല, അസൌകൎയ്യം. എവിടെയും ഇത്തരം തെമ്മാടിത്തങ്ങൾക്ക് അസൌകൎയ്യമാണ്. അതെല്ലാവരും അറിയട്ടെ. വിശേഷിച്ചും അവളുടെ കൂട്ടകാർ.

താനതു് അറിയിക്കും. അതുകൊണ്ടു് വരുന്നതെല്ലാം വരട്ടെ. അനുഭവിക്കാൻ തയ്യാറാണ്.

ശക്തിയായൊരു കാററടിച്ചു. മഴയ്ക്കും ശക്തികൂടി. നിരത്തായതുകൊണ്ടു് വിഷമം കൂടാതെ നടക്കാം. അർദ്ധരാത്രിയായതുകൊണ്ടു് ജനസഞ്ചാരമില്ലതാനും.

അദ്ദേഹത്തിൻെറ നടത്തത്തിന്നു് വേഗതകൂടി. താനും വേഗംനടക്കണം. എന്നാലേ ഒപ്പമെത്തുകയുള്ളു.

അവളുടെ ക്ഷണം ഇപ്പോൾതന്നെ സ്വീകരിച്ചുകളയാം. ഇനിയൊരിക്കൽ അവളിതുപോലെ ക്ഷണിക്കരുത്.

അദ്ദേഹം വീണ്ടും ഒരു ഇടവഴിയിലേയ്ക്കു് തിരിഞ്ഞു. പിന്നാലെതന്നെ താനും. ഇപ്പോൾ തിരിഞ്ഞുനോക്കുന്നുകൂടിയില്ല. മനസ്സു മുഴുവൻ അവളുടെ അടുത്തെത്തിക്കഴിഞ്ഞിരിയ്ക്കും. ഉം. എത്തട്ടെ. അവസാനത്തെ എത്തലാണല്ലോ.

ഒരു പറമ്പിലേയ്ക്കുകയറി. താനും വിടാൻ ഭാവമില്ല. ഒരു ചെറിയ പറമ്പ്. അതിന്നു് നടുവിൽ ചെറിയൊരു വീടും. രണ്ടോ മൂന്നോ മുറികൾകാണും. അതുതന്നെ വീട്. അവൾ പറഞ്ഞ ലക്ഷണങ്ങളെല്ലാം ഒത്തിട്ടുണ്ട്.

അദ്ദേഹം കുടയുംപൂട്ടി കോലായിലേയ്ക്കു കയറി. കോലായിൽ മുഴുവൻ ടോർച്ചടിച്ചുനോക്കി. മൂന്നു വാതിലുകളുണ്ട്. എല്ലാം അകത്തുനിന്നു് അടച്ചിട്ടിരിക്കുകയാണ്.

ഒരു ഭാഗത്തേയ്ക്കുനീങ്ങി. ജനലിന്നരികിൽചെന്നു് മെല്ലെ മുട്ടിത്തുടങ്ങി. അകത്ത് നേരിയ വെളിച്ചംപരന്നു. അവർ തമ്മിൽ എന്തോ കുശുകുശുക്കുകയാണ്.

ഇളം നീലസ്സാരിയാണ് താൻ ഉടുത്തിട്ടുള്ളതു്. അതിൻെറ ഒരു ഭാഗംകൊണ്ടു് തലയും മൂടിയിട്ടുണ്ട്. പോരാത്ത

തിന്നു് കോലായിൽ നല്ല ഇരുട്ടമാണ്. ആളെ അറിയില്ല.

ഞാനും കോലായിലേയ്ക്കു കയറി. വാതിലിൻെറ അടുത്തു് മുമ്പിൽത്തന്നെ നിന്നു.

വാതിലിൻെറ തഴുത് മെല്ലെപ്പൊങ്ങുന്ന ശബ്ദംകേൾക്കുകയാണ്. എൻെറ ഹൃദയം ശക്തിയിൽ മിടിച്ചുതുടങ്ങി.

അദ്ദേഹം വാതില്ക്കലേയ്ക്കു് മെല്ലെ നീങ്ങുകയാണ്.

വാതിൽ തുറന്നു! അവൾ പുറമേയ്ക്കു്വന്നു.

പെട്ടെന്നു് ഓങ്ങിയ കത്തിയുമായി അവളുടെനേരെ ഒരു ചാട്ടം!

അദ്ദേഹം എന്നെ കടന്നുപിടിച്ചു.

ഞാൻ അലറി:

രാക്ഷസി!

പിടിമുറുകി. കണ്ണിരുട്ടടയുകയാണ്. എല്ലാം തിരിയുന്നു!

— അയ്യോ!

ഒരു നിലവിളിയോടെ ഞാൻ തളന്നു കുഴഞ്ഞ് ഊന്നു വീണുപോയി. കത്തിതെറിച്ചു!

''എന്താ? എന്താ? എന്തുപററി?''

അദ്ദേഹം ടോർച്ചടിച്ചുകൊണ്ടു് എന്നെ കുലുക്കിവിളിക്കുകയാണ്.

ഞാൻ മെല്ലെ കണ്ണുതുറന്നു് ചുററുംനോക്കി.

കട്ടിലിൽനിന്നു് താഴേയ്ക്കു് വീണുകിടക്കുകയാണ്!

''അല്ലാ! ഉരുണ്ടുവീണോ? വേദനപററിയോ?''

ചോദിച്ചുകൊണ്ടു് കുനിഞ്ഞു. പിടിച്ചെഴുന്നേല്പിച്ചു.

എന്റെ ശരീരം മുഴുവൻ വിറയ്ക്കുകയായിരുന്നു.

എന്താണുണ്ടായത്?''

ഒന്നുമില്ല!......ഒരു സ്വപ്നം!......ഒരു.......ദുസ്വപ്നം!

— ഞാൻ പറഞ്ഞു.

# തിരിച്ചുവരുന്ന

# വേദന.

പ്രതീക്ഷകൾ വെമ്പിക്കളിക്കുകയാണെങ്ങും. ഒരു നവോന്മേഷം എല്ലാവരിലും തെളിഞ്ഞുകാണാം. ഓരോ ചലനത്തിന്നുമുണ്ട്, പുതിയൊരാവേശം. എവിടെയും ആനന്ദത്തിൻെറ അലയൊലികൾതന്നെ!

വണ്ടി സ്റ്റേഷനിൽവന്നു നില്ക്കുന്നേയുള്ളു. അപ്പോഴേക്കും തുടങ്ങിക്കഴിഞ്ഞു, തിക്കും തിരക്കും. ഇറങ്ങുന്നവരും കയറുന്നവരും ധാരാളമുണ്ട്. പത്തുപേർ ഇറങ്ങുമ്പോഴേക്കും ഇരുപതുപേർ കയറിക്കഴിയും. ആളുകൾ മാത്രമാണെങ്കിൽ കുറേ ഭേദമായിരുന്നു. ഓരോ ആളുടെ കയ്യിലുമുണ്ട്, കെട്ടും പെട്ടിയും, കൊട്ടയും കുടയും, മററും. പുതിയ സാധനങ്ങളാണധികവും. പഴയവസ്തുക്കളുടിയുണ്ട്, പുതുമയുടെ മണം!

ഞെങ്ങിഞെരുങ്ങിയാണ് വണ്ടിയിൽ കയറിയത്. തിരക്കിൽ കയ്യിലുള്ള പെട്ടി താഴെവീണു. വളരെയധികം വിഷമിച്ചു, അത് വീണ്ടെടുക്കാൻ. ഒന്നു രണ്ടു പേരുടെ ശകാരവും കേൾക്കേണ്ടിവന്നു. പെട്ടിവീണ് അവരുടെ കയ്യും കാലും വേദനിച്ചുവത്രെ.

തനിയ്ക്കാരെയും വേദനിപ്പിക്കണമെന്നില്ല. സ്വയം വേണ്ടത്ര അനുഭവിച്ചിട്ടുണ്ട്. വേദനയെന്നത് ആർക്കും ഉണ്ടാകാതിരിയ്ക്കട്ടെ.

പക്ഷെ, പെട്ടെന്നാണ് ആ ഉന്തും തള്ളും. കാലൊന്നു ചതഞ്ഞു. ആരോടുപറയും? പറഞ്ഞിട്ടെന്തുകാര്യം?

പെട്ടി കഷ്ടിച്ച് ഒരിടത്തുവെച്ചു. ഇരിയ്ക്കാൻ സ്ഥലമില്ല. നില്ക്കുകതന്നെ വിഷമം. തിരിയാനും മറിയാനും കൂടി നോക്കേണ്ട. എങ്കിലും പോകാതൊക്കുമോ? ഓണമല്ലേ? തലേദിവസമെങ്കിലും നാട്ടിലെത്തേണ്ടേ? ഓരോ ആളുടെയും മനസ്സിൽ ഇതുതന്നെയായിരിയ്ക്കാം വിചാരം. നാട്ടിലെത്താനുള്ള വെമ്പലാണെല്ലാവക്കും.

ഒരാഴ്ചമുമ്പേയെങ്കിലും നാട്ടിലെത്തണം. അതായിരുന്നു ആഗ്രഹം. പക്ഷെ, സാധിച്ചില്ല. വെറുതെ കയ്യുംവീശി എങ്ങിനെപോവും? ശമ്പളംകിട്ടേണ്ടേ? അതിന്നു് താമസിക്കേണ്ടിവന്നു. മുതലാളി ഓരോ ഒഴിവുകഴിവുകൾ പറഞ്ഞു് നീട്ടിക്കൊണ്ടുപോയി, കിട്ടിയ ഉടനെ പുറപ്പെട്ടു.

വൃദ്ധരായ അച്ഛനമ്മമാക്ക് കോടിവസ്ത്രങ്ങൾ കൊടുക്കണം. ഓണമല്ലേ? ഈ ഓണത്തിന്നെങ്കിലും പുതിയ വസ്ത്രങ്ങൾ ധരിയ്ക്കട്ടെ. പുതുമയുടെ മണമറിയാതെ എത്രയോ കൊല്ലങ്ങൾ പിന്നിട്ടുകഴിഞ്ഞിട്ടുണ്ടാവും. മുണ്ടും ഷർട്ടും പുടവയും വേഷ്ടിയും ജാക്കററും എല്ലാം വാങ്ങിനിറച്ചിട്ടുണ്ട്, പെട്ടിയിൽ. രണ്ടുപേക്കും ഓരോ ശീലക്കുടയുമുണ്ട്.

ഇതെല്ലാംകൂടി, തന്നെ കാണുമ്പോൾ എന്തായിരിക്കും, അവരുടെ സന്തോഷം? തങ്ങളുടെ പൊന്നുമോനെ ഒരു നോക്കുകണ്ടാൽത്തന്നെമതി. മറെറാന്നും വേണ്ടിവരില്ല.

അതോത്തപ്പോൾ ആ കണ്ണുകളിൽ സന്തോഷാശ്രു നിറഞ്ഞു. അധികം താമസിച്ചില്ല. അത് സന്താപാശ്രുവായിമാറി.

ആ സന്തോഷത്തിൻെറ പശ്ചാത്തലത്തിലേയ്ക്കു് അവൻെറ ശ്രദ്ധതിരിഞ്ഞു.

അവിടെ കെട്ടുപിടിച്ചുകിടക്കുകയാണ് സന്താപം. കണ്ണീരിൽകുതിന്ന എത്രയെത്ര ദിവസങ്ങൾ അവർ പിന്നിട്ടിരിയ്ക്കണം? പൊട്ടിത്തെറിക്കാറായ അഗ്നിപർവ്വതങ്ങളായി മാറി

KOTTAYAM PUBLIC LIBRARY KOTTAYAM.

യിട്ടുണ്ടാവാം, രണ്ടുപേരും. ഒരു പക്ഷേ, തന്നെ കാണു മ്പോൾ പൊട്ടിക്കരഞ്ഞേയ്ക്കാം. കൂട്ടത്തിൽ താനും!

ആ രംഗം! — അതോർക്കാൻവയ്യ! താനെങ്ങിനെ അവ രുടെ മുഖത്തുനോക്കും? അതാണിപ്പോഴത്തെ പ്രശ്നം. അത ങ്ങിനെ പർവ്വതാകാരമായി മാറുകയാണ്!

പുറപ്പെടുന്നതുവരെ അതിനെക്കുറിച്ച് ഓർത്തില്ല. നാട്ടി ലെത്തണം, ആവുന്നത്ര വേഗത്തിൽ. അച്ഛനമ്മമാരെ കാണ ണം. നാട്ടിൻെറ നറുമണം എത്രനാളായി ആസ്വദിച്ചിട്ട്? സ്നേഹിതന്മാരും ബന്ധുക്കളും ശത്രുക്കളുമെല്ലാം തന്നെ ജിജ്ഞാ സയോടെ നോക്കും. ആയിരമായിരം ചോദ്യങ്ങൾ വലയം ചെയ്യും. താനവയ്ക്കിടയിൽക്കിടന്നു വീർപ്പുമുട്ടും.

എങ്കിലും അതിന്നൊരു വശ്യതയുണ്ടാകും. ഒരുതരം മധുരിക്കുന്ന വേദനതന്നെ. ഓർക്കുമ്പോൾതന്നെ അല്പാല്പം അനുഭവിച്ചുപോവുകയാണ്. വേർപാടിൻെറ ദുഃഖവും, സ മാഗമത്തിൻെറ സന്തോഷവും! രണ്ടും തമ്മിലുള്ള ഒരു സംഘ ട്ടനം. അതിൻെറ ആസ്വാദ്യത ഒന്നു വേറെതന്നെയാണ്. യഥേഷ്ടം അതൊന്നാസ്വദിക്കണം. അത്രയേ പ്രതീക്ഷിച്ചി രുന്നുള്ളു.

പക്ഷേ, ഇപ്പോൾ അതൊന്നും സാരമില്ല. അച്ഛനമ്മ മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുക. അതെങ്ങിനെ സാധി ക്കും? എത്രത്തോളം തീവ്രമായിരിക്കും, അപ്പോഴത്തെ അനു ഭവം? വികാരത്തള്ളിച്ച അപകടകരമാണത്രെ. ഹൃദയസ്തംഭ നവും മററും ഉണ്ടായേക്കാമെന്നു കേട്ടിട്ടുണ്ട്. അങ്ങിനെ തൻെറ സന്ദർശനം അച്ഛനമ്മമാരുടെ അകാല.........വയ്യ! അതിനപ്പുറം ഓർക്കാൻവയ്യ!

ഒരു പക്ഷേ, തനിയ്ക്കായിരിക്കുമോ അത് നേരിടുന്നത്? എങ്കിൽ എത്ര ഭേദമായിരുന്നു? അവരുടെ മുമ്പിൽവെച്ച്.. ... ആ ആനന്ദത്തള്ളിച്ചയ്ക്കിടയിൽ......! അതെ, അത് അഭികാ മ്യംതന്നെ! ഒരുതരം വീരസ്വർഗ്ഗംപ്രാപിയ്ക്കൽ!

പക്ഷെ, അതിന്നിടയാക്കിയ സാഹചര്യം! അതോക്കു മ്പോഴാണ് വിഷമം! ഓമ്മയുടെ ചുരുളുകൾ കൂട്ടത്തോടെ നിവരുകയാണ്.

അന്നു് എസ്സ്. എസ്സ്. എൽ. സി, പരീക്ഷയ്ക്ക് പാസ്സായപ്പോൾ വലിയ സന്തോഷമാണുണ്ടായതു്. കാരണം അതു പ്രതീക്ഷിച്ചതല്ല.

പരീക്ഷയുടെ തുടക്കത്തിൽത്തന്നെ ദുശ്ശകുനമായിരുന്നു. ആദ്യത്തെ ദിവസം എഴുതിക്കൊണ്ടിരിയ്ക്കുമ്പോൾ കൈകാലുകൾ തളന്നു. തലകറങ്ങി. കണ്ണിരുട്ടടഞ്ഞു. ഒരു ഭാഗത്തേയ്ക്ക് മറിഞ്ഞുപോയി!

മുഖത്ത് തണുപ്പുതട്ടിയപ്പോഴാണ' കണ്ണുതുറന്നത്. ആരോ താങ്ങിപ്പിടിച്ച് കിടത്തിയിരിയ്ക്കുകയാണ്, ബെഞ്ചിൽ. രണ്ടുപേരുണ്ട്. ഒരാൾ വീശുന്നുണ്ട്. മറെറാരാൾ വെള്ളം തളിക്കുകയാണ്. എന്തെന്നില്ലാത്ത കൃതജ്ഞതതോന്നി.

ബോധം വീണ്ടുകിട്ടിയപ്പോൾ പരീക്ഷയുടെകാര്യം ഓർമ്മവന്നു. ഉടനെചെന്നു് എഴുതിത്തുടങ്ങി.

തലേദിവസം തീരെ ആഹാരമുണ്ടായിരുന്നില്ല. അന്നു രാവിലെ കുറേ പച്ചവെള്ളവും കുടിച്ചാണ് പരീക്ഷയ്ക്കുപോയത്. അത് അപകടമാണെന്നു് ബോദ്ധ്യമായി.

അടുത്തദിവസം മുതൽ ചിട്ടയൊന്നുമാററി. രാവിലെ ഹോട്ടലിൽചെന്നു് ഒരു ഇഡ്ഢലിയും കുറേ പച്ചവെള്ളവും വാങ്ങിക്കഴിക്കും. അതിന്നുശേഷമേ സ്കൂളിലേയ്ക്ക്പോവൂ. അങ്ങിനെ കഴിയ്ക്കുന്നതുതന്നെ കടമായിട്ടായിരുന്നു. വീട്ടിൽ നിന്നു് യഥേഷ്ടം ഭക്ഷണം കഴിച്ച ദിവസംതന്നെ ഓമ്മയില്ല. പഠിക്കാനുള്ള അത്യാഗ്രഹംകൊണ്ടു് സ്കൂളിൽ പോയിക്കൊണ്ടിരുന്നുവെന്നുമാത്രം.

അങ്ങിനെ പരീക്ഷ പാസ്സായി. കഷ്ടിച്ച് പാസ്സാവേണ്ട മാക്കേയുള്ളു. എങ്കിലും രണ്ടാമത് പരീക്ഷയ്ക്കിരിക്കാതെ കഴിക്കാമല്ലോ. വലിയ ആശ്വാസംതന്നെ. അത്തവണ ജയിച്ചില്ലെങ്കിൽപ്പിന്നെ അക്കാര്യം ചിന്തിക്കുകയേവേണ്ട.

കാരണം പരീക്ഷയ്ക്കിരിയ്ക്കാൻ പണമില്ലാത്തതുതന്നെ. പല രോട്ടും ഒന്നും രണ്ടും കടംവാങ്ങിയാണ് തല്ക്കാലം രക്ഷപ്പെട്ടത്.

ഏററവും അടുത്ത കടക്കാരിയാണ് അയൽവീട്ടിലെ കുഞ്ഞിപ്പാത്തുമ്മ. ആ വൃദ്ധയാണ് പരീക്ഷയ്ക്കുള്ള പണം തികച്ചത്. ഒന്നര ഉറുപ്പികയുടെ കുറവുണ്ടായിരുന്നു. മുട്ടിയ കൈയ്ക്ക് അവസാനമായി അവരെ ശരണംപ്രാപിച്ചതാണ്.

"ഉമ്മാ, രക്ഷിക്കണം. ഒന്നര ഉറുപ്പികയുടെ കുറവുണ്ട്. പരീക്ഷയ്ക്ക് പണമടക്കാനാണ്. പലരോട്ടും കടമായി ഇത്രയും ഇരന്നുവാങ്ങി. എങ്ങിനെയെങ്കിലും ഇതൊന്നു് തികയ്ക്കണം."

ഒററവീർപ്പിന്നു് ഇത്രയും പറഞ്ഞൊപ്പിച്ചു. അതുതന്നെ അവരുടെ മുഖംനോക്കാതെയാണ്. കാരണമുണ്ട്, തന്നതെല്ലാം തിരിച്ചുതരാതെ ഇനി കടംതരില്ലെന്നു പറഞ്ഞതാണ്.

"എടാ, ശെയ്ത്താനേ, നിന്നോടല്ലേ പറഞ്ഞത്, എനി കടംതരൂല്ലാന്നു്?"

"അങ്ങിനെ പറഞ്ഞാൽ പററില്ല, ഉമ്മാ. എൻെറ ഇതുവരേയുള്ള അദ്ധ്വാനം മുഴവൻ വെള്ളത്തിലാവും"

അതുപറഞ്ഞപ്പോൾ താനറിയാതെ തൊണ്ടയിടറി. കണ്ണിൽ വെള്ളംനിറഞ്ഞു.

കുഞ്ഞിപ്പാത്തുമ്മ അല്പനേരം നോക്കിനിന്നു. പെട്ടെന്നു അകത്തേയ്ക്കുപോയി. കരിപിടിച്ച ഒരു കുടുക്കയുമായാണ് തിരിച്ചുവന്നത്. അതങ്ങിനെതന്നെ കോലായിൽ കമിഴ്ത്തി. ഒന്നര രൂപയെടുത്തു് എണ്ണിത്തന്നു. ബാക്കിയതിൽ മൂന്നോ നാലോ പൈസയേ ഉണ്ടായിരുന്നുള്ളൂ.

പണവുംവാങ്ങി തിരിയുമ്പോൾ അവർ പറഞ്ഞു.

"എടാ, രാമൂട്ടി! കാര്യോല്ലും ശര്യന്നെ. പത്രുക്ഷേം പാസ്സായി ഉദ്യോഗംകിട്ടുമ്പൊ ഞമ്മളെങ്ങ് മറന്നൂടാ. മറന്നാ, നെനക്ക് കര്ത്തംക്കൂട്ടൂല്ലാട്ടോ!"

"ഇല്ലാ ഉമ്മാ. ചത്താലും മറക്കില്ല, ഈ ഉപകാരം!"

കൃതജ്ഞതാ നിർഭരമായിരുന്നു, മറുപടി.

പാസ്സായെന്നറിഞ്ഞപ്പോൾ സമാധാനമായി. വീണ്ടും ആരെയും ബുദ്ധിമുട്ടിക്കാതെ കഴിയ്ക്കാമല്ലോ.

ആദ്യമെല്ലാം വലിയ ഉത്സാഹമായിരുന്നു, പഠിയ്ക്കാൻ. ഓരോ പരീക്ഷയിലും ധാരാളം മാർക്കുകിട്ടും. ഒരു ക്ലാസ്സിലും തോററിരുന്നില്ല. മാർക്കുകൂടുന്നതിന്നനുസരിച്ച് ഉത്സാഹവും കൂടി. അങ്ങിനെയാണ് പഠിപ്പുതുടന്നത്.

ഇടയ്ക്കുവെച്ച് നിർത്തേണ്ടതായിരുന്നു, അഞ്ചാതരം പാസ്സായപ്പോൾ. അടുത്ത വീടുകളിലെ കന്നുകാലികളെ മേയ്ച്ച് ഉപജീവനം കഴിക്കാം. അച്ഛനമ്മമാർക്ക് അതൊരു സഹായമായിത്തീരും. അവർ അതിന്നുവേണ്ടി നിർബ്ബന്ധിച്ചു. കുട്ടികൾക്കുപററിയ മററു ജോലികളൊന്നും ആ ഉൾനാട്ടിലില്ല. ഉണ്ടെങ്കിൽ മറെറന്തെങ്കിലുമായാലും മതിയായിരുന്നു. അവർക്കൊരു സഹായമായാൽ ഉത്തമം. ഇല്ലെങ്കിൽ ഭാരമാവാതിരിക്കുകയെങ്കിലുംചെയ്യണം. അത്രയേ ഉദ്ദേശമുള്ളു. പ്രായമായാൽ കൂലിപ്പണിയ്ക്ക് പോവുകയുമാവാം. അതാണവരുടെ ആലോചന.

പക്ഷെ, തനിയ്ക്ക് പിന്നെയും പഠിക്കണം. ഒരു നല്ല ഉദ്യോഗസ്ഥനാവണം. ഒന്നുമില്ലെങ്കിൽ സ്കൂൾ മാഷെങ്കിലുമായേപററൂ. അതാണ് ആഗ്രഹം. വാത്സല്യനിധികളായ മാതാപിതാക്കന്മാർ അതിന്നുമുമ്പിൽ മുട്ടുകുത്തി.

അങ്ങിനെ പഠിപ്പിക്കുവാൻതന്നെ തീർച്ചയാക്കി. ആണായിട്ട് ഒന്നേയുള്ളു. അവൻെറ ഇഷ്ടാനിഷ്ടങ്ങളാണ്, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ. അതുകൊണ്ടുമാത്രമാണ് പഠിക്കാനയച്ചതും.

ഒരു സ്ഥിരം രോഗിയാണമ്മ. തടിയിളകുന്ന ഒരു ജോലിയും എടുക്കാൻ പററില്ല. അത്തരം കൂലിക്കാരെ ആർക്കുവേണം? കൊടുക്കുന്നതിലിരട്ടി കിട്ടണം. അതിന്നനുസരിച്ച് പണിയെടുക്കുന്നവരെയാണ് എല്ലാവർക്കും ആവശ്യം.

അതുകൊണ്ടു് ന്യായമായ കൂലികിട്ടുന്ന പണിയൊന്നും അമ്മ ക്കില്ല. അച്ഛന്റെ അദ്ധ്വാനമാണ് ഒരേയൊരു വരുമാനമാർ ഗ്ഗം. കൊത്തും കിളയുമാണ് പ്രധാന ജോലികൾ. അതിൽ നിന്നുകിട്ടുന്ന ഒന്നേകാലോ ഒന്നരയോ രൂപകൊണ്ടുവേണം എല്ലാ ചിലവുകളും.

ഒരു ചെറിയ പറമ്പുണ്ടു്. അതിലൊരു മൺകൂരയും. കുടിയിരിക്കാനൊരിടം. അത്രതന്നെ. അല്ലാതെ വരുമാന മൊന്നും അതിൽനിന്നില്ല. ചമയങ്ങളൊന്നും ഉണ്ടാവാത്ത സ്ഥലവുമാണ്.

രണ്ടു സഹോദരിമാരുണ്ടു്. അവരും കൂലിപ്പണിക്കാരാ ണ്. ഭർത്താക്കന്മാരോടൊപ്പം പണിയെടുത്തു ഞെങ്ങി ഞെ രുങ്ങിക്കഴിഞ്ഞുകൂടും. അവർക്കുമുണ്ടു്, മക്കളും പ്രാരബ്ധങ്ങളും.

മുണ്ടും കുപ്പായവുംവേണം. പുസ്തകങ്ങളും പെന്നും പെൻസിലും കൂടിയേകഴിയൂ. അവയെല്ലാം കിട്ടാവുന്നേട ത്തോളം പഴയവതന്നെ ഉപയോഗിച്ചു. അച്ഛൻ കൂലിപ്പണി യെടുക്കുന്ന വീടുകളാണ് ആശ്രയകേന്ദ്രങ്ങൾ. അവിടങ്ങളി ലെ കുട്ടികൾ ഉപയോഗിച്ച് മുഷിഞ്ഞതു് അച്ഛൻ വാങ്ങി ക്കൊണ്ടുവരും. അവയുമായി സ്കൂളിലേയ്ക്കു് പോകും.

"ഈ ഷർട്ടു് എന്റെതാ!"

"ആ മുണ്ടു് എന്റെതും"

"പുസ്തകത്തിൽ എന്റെ പേരുണ്ടു്."

"ആ പെന്നു് ഇന്നലെ സരളയുടെ കയ്യിൽകണ്ടതാ."

"പെൻസിൽ മേരിയുടെതാണ്."

അങ്ങിനെ ഓരോന്നിന്നും ഓരോ അവകാശികൾ. വഴി യ്ക്കുവെച്ചും സ്കൂളിൽവെച്ചും ഈ അവകാശവാദങ്ങൾ പല പ്പോഴും കേൾക്കേണ്ടിവന്നിട്ടുണ്ടു്. അപ്പോഴെല്ലാം താനാ കെ ചൂളിഞ്ഞുപോകും. ഉള്ളിൽ എവിടെയൊക്കെയോ പോറൽ ഏല്ക്കുംപോലെതോന്നും.

ഒരിയ്ക്കൽ താനറിയാതെ പറഞ്ഞുപോയി—

"നിൻെറതാണെങ്കിലെന്താ? വെറുതെയൊന്നും തന്ന തല്ലല്ലോ."

ഗോപീനാഥൻ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു—

"അല്ലല്ല. കാശുതന്നിട്ടാ എൻെറ ഈ പഴയ ഷർട്ടു് ഇരന്നുവാങ്ങ്യതു്!"

എല്ലാവരും കൈകൊട്ടിച്ചിരിച്ചാർത്തു. താൻ ലജ്ജിച്ചു് തലതാഴ്ത്തി.

വീട്ടിൽചെന്നു് അച്ഛനോടു് വിവരം പറഞ്ഞു. ഒന്നും മിണ്ടാതെ തൻെറ ആവലാതികൾകേട്ടു.

ആറാംതരത്തിലോ ഏഴാംതരത്തിലോ പഠിക്കുമ്പോഴാണു് ആ സംഭവം. അതിൽപ്പിന്നെ അച്ഛനൊന്നും ഇരന്നുവാങ്ങാറില്ല. ആരെങ്കിലും അറിഞ്ഞുകൊടുത്താൽ വാങ്ങുമെന്നു് മാത്രം. പഴയ പുസ്തകങ്ങൾ വിലകൊടുത്തുതന്നെ വാങ്ങും. നോട്ടുപുസ്തകങ്ങൾമാത്രം അധികവും പുതിയവതന്നെ.

മുണ്ടും ഷർട്ടും സ്വന്തമേ ഉപയോഗിക്കൂ എന്നനിലയായി. ഒരു മുണ്ടും ഒരു ഷർട്ടുംകൊണ്ടു് കൊല്ലംതികയ്ക്കും. മുഷിഞ്ഞാൽ വൈകുന്നേരം നനച്ചിടും. രാവിലെ എടുത്തണിഞ്ഞു്പോവും. വർഷക്കാലത്തു് പലപ്പോഴും ശരിയ്ക്കു് ഉണങ്ങാറില്ല. എന്നാലും ഉപയോഗിക്കും. ഒരേ കുടകൊണ്ടു് വിദ്യാഭ്യാസകാലം മുഴുവൻ കഴിച്ചുകൂട്ടി.

ഹൈസ്കൂൾ ക്ലാസ്സുകളിലെത്തിയപ്പോൾ വിഷമങ്ങൾ വർദ്ധിച്ചു. പലപ്പോഴും ഫീസ്സടക്കാൻ സാധിക്കാത്തതുകൊണ്ടു് ക്ലാസ്സിൽനിന്നു് പുറത്തുപോകേണ്ടിവന്നു. പിഴയടച്ചതിന്നു് കണക്കില്ല. അതോ, തന്നേക്കാൾ എത്രയോ സമ്പന്നരായ വിദ്യാർത്ഥികൾ ഫീസ്സുകൊടുക്കാതെ ക്ലാസ്സിലിരിക്കുമ്പോഴും. അവർ പട്ടിലും പൊന്നിലുംമൂടി ഉന്മേഷത്തോടെ ക്ലാസ്സിലിരിക്കുന്നുണ്ടാകും. കീറി മുഷിഞ്ഞ കുപ്പായവുമായി താൻ പുറത്തും!

കാരണമോ, ജാതിയുടെ മാഹാത്മ്യവും! താൻ സവർണ്ണനാണ്. ഒന്നാംതരം നായർ. അവിടെയാണപകടം.

പലപ്പോഴും ഒരു ഹരിജനായി ജനിക്കാഞ്ഞതിൽ കുണ്ഠിതപ്പെടേണ്ടിവന്നിട്ടുണ്ട്. പിന്നോക്ക സമുദായക്കാരനെങ്കിലും ആയാൽ മതിയായിരുന്നു. എങ്കിൽ ഇതല്ല, ഇന്നത്തെ നില. മാർക്കുകുറഞ്ഞാലും ഉദ്യോഗംകിട്ടും. സാമാന്യം നല്ല നിലയിൽ ജീവിക്കുകയുംചെയ്യാം.

താനറിയാതെതന്നെ അസൂയാലുവായിപ്പോകയാണ്!

എസ്സ്. എസ്സ്. എൽ. സി. ക്ലാസ്സിൽപഠിക്കുമ്പോൾ അച്ഛൻ കിടപ്പിലായി. അതിന്നും മുമ്പെതന്നെ തുടങ്ങിയിരുന്നു രോഗം. ചുമയും പനിയുമാണ്. ഇടയ്ക്കിടെ അത് കുടുംബത്തെ വിഷമിപ്പിച്ചു. ചുരുങ്ങിയ തോതിലുള്ള നാടൻ ചികിത്സകളെല്ലാംനോക്കി. വലിയ പ്രയോജനമുണ്ടായില്ല. പഴയ ആരോഗ്യം എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുക തന്നെചെയ്തു.

അച്ഛൻെറ ചികിത്സയും മകൻെറ പഠിപ്പുംകൂടി കുടിയിടം പണയത്തിലാക്കി.

അല്പം ഭേദമുണ്ടാവുമ്പോൾ ആ വൃദ്ധൻ പുല്ലരിഞ്ഞുകൊണ്ടുചെന്നു് വില്ക്കും. അമ്മയും എന്തെങ്കിലും ചില്ലറ ജോലികൾ ചെയ്യും. അധികദിവസവും രണ്ടുപേരും കിടപ്പിലായിരിയ്ക്കും. അടുപ്പിൽ തീകൂട്ടാത്ത പല ദിവസങ്ങളും ഉണ്ടായിട്ടുണ്ട്. പലപ്പോഴും സമ്പന്നകുടുംബങ്ങളിലെ കഞ്ഞിവെള്ളംകൊണ്ടാണ് മൂന്നുപേരും കഴിച്ചുകൂട്ടിയത്. ഈ പരിതഃസ്ഥിതിയിലായിരുന്നു, പരീക്ഷ. തലചുററി വീണില്ലെങ്കിലല്ലേ, അത്ഭുതം?

പരീക്ഷ പാസ്സായെന്നറിഞ്ഞപ്പോൾ അച്ഛനമ്മമാർക്കും വലിയ സന്തോഷമായി. അതോടൊപ്പംതന്നെ സഹോദരിമാർക്കും. അയൽവീട്ടിലെ കുഞ്ഞിപ്പാത്തുമ്മയ്ക്കാണ് കൂടുതൽ സന്തോഷമുണ്ടായത്.

അവർ സന്തോഷത്തള്ളിച്ചയോടെ പറഞ്ഞു.

“നന്നായി രാമുട്ട്യേ, നന്നായി. എനിബേം ഉദ്യോം മേങ്ങിക്കോ. നീ ബെല്യൊരാളായി കണ്ടിററ്ബേണം ഞമ്മക്ക് കണ്ണടക്കാൻ!”

ആ ഉമ്മയുടെ മോഹം ഇന്നും ജലരേഖയാണ്. ഉമ്മയുടെ മാത്രമോ?

എന്തെല്ലാമായിരുന്നു, അച്ഛനമ്മമാരുടെ പ്രതീക്ഷകൾ? തങ്ങളുടെ ഓമന മകൻ പാസ്സായില്ലേ? എത്ര കഷ്ടപ്പെട്ടാലെന്താണ്? ഇനി ഒന്നിനും വിഷമിക്കേണ്ട. അവന്നു് നല്ലൊരു ഉദ്യോഗംകിട്ടും. വീടും പുരയിടവും വീണ്ടെടുക്കും. ഒരു കല്യാണവും കഴിച്ച് കുടുംബം പുലത്തും. രണ്ടുപേരെയും ചികിത്സിപ്പിച്ച് രോഗങ്ങൾ മാററും. എല്ലാവക്കുംകൂടി സുഖമായി ജീവിയ്ക്കാം. അങ്ങിനെ പല മധുരപ്രതീക്ഷകളും അവരിൽ മൊട്ടിട്ടു. അതോടൊപ്പം തന്നിലും.

അധികം താമസിക്കേണ്ടിവന്നില്ല, അതെല്ലാം കരിഞ്ഞു തുടങ്ങാൻ. പലേടത്തും ജോലി തിരക്കിനടന്നു. പല ജോലിക്കും ഹരജി അയച്ചുനോക്കി. യാതൊരു ഫലവുമുണ്ടായില്ല. അതിന്നുവാങ്ങിയ കടംമാത്രം മിച്ചമായി — പഴയകടം വർദ്ധിച്ചു.

വെറും എസ്സ്. എസ്സ്. എൽ. സി.ക്കാരനെ ഒരിടത്തും ആവശ്യമില്ലത്രെ. ആവശ്യമുള്ള തുറകളിലേയ്ക്കു് മാക്കുപോരതാനും. ശുപാർശയ്ക്കു് ആളില്ല. കൈക്കൂലികൊടുക്കാൻ പണവും.

കൂലിപ്പണിയെടുക്കാമായിരുന്നു, മുമ്പേ ശീലിച്ചിരുന്നെങ്കിൽ. ഇപ്പോഴാകട്ടെ, അതിന്നും പരിചയമില്ല. അഭിമാനവും എതിരാണ്. വിദ്യാഭ്യാസത്തിൽക്കൂടി അഭിമാനമാണ്, തന്നേക്കാൾ വളന്നത്.

അച്ഛനമ്മമാരുടെ തുച്ഛമായ വരുമാനംകൊണ്ടുവേണം കഴിഞ്ഞുകൂടാൻ. പലപ്പോഴും പട്ടിണിയാണ്. അതെത്ര ദിവസംനടക്കും?

എവിടെയെങ്കിലും പോകാം. എന്തെങ്കിലും ജോലിയെടുക്കണം. സ്വന്തം അദ്ധ്വാനംകൊണ്ടു് ജീവിയ്ക്കാമല്ലോ. നാട്ടവിട്ടാൽ എന്തു ജോലിയുംചെയ്യാം. അവിടെ മററാരാളായി ജീവിതംകൊണ്ടുപോകാം. ആരും അറിയുകയില്ലല്ലോ.

അച്ഛനമ്മമാരുടെ സമ്മതംവാങ്ങി നാട്ടവിടുന്നകാര്യം സംഭാവ്യമല്ല. അവർ തടയുകയേ ഉള്ളൂ. പട്ടിണികിടന്നാലും മുമ്പിൽ കണ്ടാൽമതി. യോഗംവരുമ്പോൾ ഉദ്യോഗം കിട്ടും. അതിന്നു് ആരുടെയും ആശ്രയംവേണ്ട. ആ വാത്സല്യനിധികളുടെ സമാധാനമാണതു്. അങ്ങിനെ സമാധാനിക്കാൻ തനിയ്ക്കു് സാദ്ധ്യമല്ല.

മനസ്സാക്ഷിയുടെകുത്തു് വർദ്ധിച്ചുതുടങ്ങി. ഒടുവിൽ ഒരു ദിവസം നാട്ടവിട്ടു, ആരോടും ഒന്നും പറയാതെ. പട്ടണങ്ങൾ പലതും പിന്നിട്ടു. വണ്ടിയ്ക്കു് ടിക്കററുവാങ്ങാതെയും അപമാനങ്ങൾ സഹിച്ചുകൊണ്ടും. പല ദിക്കിലും ചുററിത്തിരിഞ്ഞു. ജോലിയന്വേഷിച്ചു. എവിടെയും തനിയ്ക്കു പററിയ ഒഴിവില്ല. അപൂർവ്വം ചിലദിക്കിൽ ഒഴിവുണ്ടു്. അവിടെയൊന്നും തൻെറ പരീക്ഷായോഗ്യതപോര. അവക്കാവശ്യമുള്ള ജോലിയൊന്നും പരിചയമില്ലതാനും.

അനുഭവങ്ങളുടെ കാഠിന്യത്തിൽ അഭിമാനം വെന്തു ചാമ്പലായിത്തീൎന്നു!

എന്തു ജോലിയുംചെയ്യാമെന്ന നിലയിലെത്തി. പക്ഷെ, പരിചയമില്ല. രാവുപകലില്ലാതെ അലഞ്ഞു. പലപ്പോഴും പൈപ്പിലെ വെള്ളംകുടിച്ചു് ദാഹവും ക്ഷീണവും ഒതുക്കി. രാത്രി സമയങ്ങളിൽ പീടികത്തിണ്ണകളിൽ കഴിച്ചുകൂട്ടി.

ഒടുവിൽ ഒരിടത്തരം ചായക്കടക്കാരൻെറ അടുത്തെത്തി. അയാളാണു് ആദ്യമായി തന്നോടു് അനുഭാവം കാണിച്ചതു്. അവിടെ പാത്രം മോറാനും അടിച്ചുവാരാനും ഒരാൾവേണം. അതെല്ലാം ചെയ്യാമെന്നേററു. ജോലിക്കനുസരിച്ച ശമ്പളം. അതായിരുന്നു, നിശ്ചയം. കേൾക്കേണ്ട താമസം, അതും സമ്മതിച്ചു. രണ്ടുനേരം ആഹാരംമാത്രം കിട്ടുകയാണെങ്കിലും ഒരുക്കമായിരുന്നു. അപ്പോൾ, കിട്ടുന്ന ശമ്പളം അധികപ്പ

ററാണല്ലോ?-അങ്ങിനെയാണ് സമാധാനിച്ചത്.

പാത്രംവടിക്കലും, അടിച്ചുവാരലും, അരിയരവും മററുമായി ജോലി വർദ്ധിച്ചു. കൂടാതെ ചായയും ഊണും പലേടത്തും കൊണ്ടുകൊടുക്കുകയുംവേണം. എല്ലാംചെയ്തു. പ്രവൃത്തിക്കനുസരിച്ച് ശമ്പളം കൂട്ടുമല്ലോ. അതായിരുന്നു, സമാധാനം. പക്ഷെ, പ്രവൃത്തികൾ കൂടിയെങ്കിലും ശമ്പളം കൂടിയില്ല. വേറെ ജോലിയ്ക്കുള്ള ശ്രമങ്ങൾ നിഷ്ഫലമാവുകയും ചെയ്തു.

അങ്ങിനെ മാസം പത്തും പിന്നിട്ടു. ഓരോന്നും ഓരോ കൊല്ലങ്ങളായയാണ് അനുഭവപ്പെട്ടത്.

എങ്കിലും തൻെറ സ്ഥിതിഗതികൾ അച്ഛനമ്മമാരെ അറിയിച്ചില്ല. അറിഞ്ഞാൽ അതവരെ കൂടുതൽ വേദനിപ്പിക്കുകയേയുള്ളു. ഇപ്പോൾ ഏതെങ്കിലും നല്ല നിലയിലാണെന്നുകരുതി ആശ്വസിക്കുകയായിരിക്കും.

അച്ഛനമ്മമാരെ ഒന്നുകാണണം. കണ്ടേകഴിയൂ. എത്ര നാളായി ആ വാത്സല്യം നുകന്നിട്ട്? എന്നാൽ ഉള്ളുകള്ളി അറിയിക്കുകയുമരുത്.

ഓണക്കാലവും അടുത്തു. അച്ഛനമ്മമാരെ കാണാനെന്നു പറയുന്നത് അത്ര പന്തിയല്ല. അതുകൊണ്ട് ഓണത്തിൻെറ കാര്യംപറഞ്ഞു. കടയുടമ സമ്മതിയ്ക്കുകയുംചെയ്തു.

പക്ഷെ, ഓണത്തിന്നു് രണ്ടുദിവസം മുമ്പുമാത്രമേ പുറപ്പെടാനൊത്തുള്ളു. കുറച്ചു പണം അച്ഛനമ്മമാരുടെ കയ്യിൽ കൊടുക്കണം. തൻെറ യഥാർത്ഥസ്ഥിതി അവരെ അറിയിക്കേണ്ട. ഒരു കമ്പനിയിൽ ക്ലാക്കാണെന്നുപറയാം. പട്ടണത്തിൽ ചിലവ് കൂടുതലാണല്ലോ. അതുകൊണ്ടാണ് ഇതുവരെ പണമയക്കാൻ സാധിക്കാഞ്ഞത്. കൂടാതെ കുറേശ്ശക്കുറേശ്ശയായി ബേങ്കിൽ നിക്ഷേപിക്കുന്നുണ്ട്. വീടും പുരയിടയും വീണ്ടെടുക്കണമല്ലോ. അതിന്നുള്ള കരുതലാണ്. അങ്ങിനെ ഉപായത്തിൽ തടിതപ്പാം. അല്ലാതിരുന്നാൽ അവർ

കൂടുതൽ ദുഃഖിക്കും. ഇപ്പോൾ മകനെ ഇതുവരെ കണ്ടില്ലെ ന്ന ദുഃഖമേ ഉണ്ടാവുകയുള്ളു, ഒരു ഉദ്യോഗസ്ഥനായെന്നറി ഞ്ഞാൽ അത് അലിഞ്ഞുപോകും.

നേരെമറിച്ച്, എസ്സ്. എസ്സ്. എൽ. സി.വരെ തങ്ങൾ ഞെങ്ങിഞെരുങ്ങി പഠിപ്പിച്ച മകൻ ഹോട്ടൽപ്പണിക്കാര നായെന്നറിഞ്ഞാലോ? അത് ആ അച്ഛനമ്മമാക്ക് പൊറു ക്കുമോ?

നാട്ടുകാക്കും സന്തോഷമാവും.

"അവൻ നന്നാവാൻ പോയതാണ്."

— അവർ അഭിപ്രായം പാസ്സാക്കും. അതുകേൾക്കുമ്പോ ൾ അച്ഛനും അമ്മയും ആനന്ദബാഷ്പംപൊഴിക്കും. അതുകണ്ട് തനിയ്ക്കു് നിർവൃതികൊള്ളാം.

അങ്ങിനെ പലതരത്തിലുള്ള വിചാരധാരയിൽ മുഴുകി യിരിക്കുകയായിരുന്നു, രാമു.

പെട്ടെന്നു് തൻെറ നാട്ടിലെ സ്റ്റേഷൻെറ പേര് കാതി ൽപതിഞ്ഞതേ, അവനറിഞ്ഞുള്ളു. കേട്ടഉടനെ ഞെട്ടിയെഴു നേററു. വണ്ടി സ്റ്റേഷനിൽ നില്ക്കുകയായിരുന്നു. എത്ര സമയമായെന്നറിഞ്ഞുകൂടാ. അടുത്തുകണ്ട ഒരാളോട് ചോദി ച്ച് സംശയംതീർത്തു. അവിടെത്തന്നെയാണ് ഇറങ്ങേണ്ട ത്. ധൃതിയിൽ പെട്ടിയും കുടയുമെടുത്തു ചാടിയിറങ്ങി.

ബദ്ധപ്പാടിൽ കാലൊന്നുളുക്കി. അതത്ര സാരമാക്കി യില്ല. സ്വന്തം നാട്ടിലെത്തിയിരിയ്ക്കുകയല്ലോ? വേച്ചു വേ ച്ചാണെങ്കിലും, ഉത്സാഹത്തള്ളിച്ചയോടെ നടന്നു.

പല പരിചിത മുഖങ്ങളും അവനെ ശ്രദ്ധിക്കുന്നുണ്ട്. ഒന്നും വ്യക്തമല്ല. ചിലരോടൊക്കെ പരിചയംനടിച്ചു. ഒന്നു രണ്ടു പഴയ ചങ്ങാതിമാരെകണ്ടു. അവർ കുശലപ്രശ്നങ്ങൾ നടത്തി. എന്തൊക്കെയോ മറുപടി പറഞ്ഞു. എവിടെയും അധികംനിന്നില്ല.

ശബ്ദായമാനമാണ് ആ ചെറുപട്ടണം. അത് സ്വാഗതംചെയ്യുന്നതായിതോന്നി. എല്ലാ ദിക്കിലേയ്ക്കും കണ്ണോടിച്ചുകൊണ്ട് നടന്നു.

പലതും സംശയദൃഷ്ടികളൊടെ നോക്കുകയാണ്. കീറി മുഷിഞ്ഞ വേഷത്തിലേ അവർ തൻെറ പേക്കോലം കണ്ടിട്ടുള്ളൂ. ഇപ്പോൾ ആളാകെ മാറിയിരിക്കുകയാണത്രെ. തടിച്ചുകൊഴുത്ത ശരീരം. നേരിയ മീശയും വാരിയൊതുക്കിയ മുടിയും. അലക്കിത്തേച്ച സ്ലേക്ക് ഷർട്ടും ഡബൾമുണ്ടും ഇതെല്ലാം കാണുമ്പോൾ മകളുടെ ഭർത്താവായിക്കിട്ടാൻ ആശിക്കുന്നവരുമുണ്ടാകും, കൂട്ടത്തിൽ.

ആരുടെയും മുഖത്ത് നോക്കിയിരുന്നില്ല. കാലുകൾ കുതിയ്ക്കുകയാണ് വീട്ടിലേയ്ക്ക്. അവിടെ എത്തിയേ, അവ വിശ്രമിക്കുകയുള്ളൂ. അതിനേക്കാൾ വേഗതയുണ്ട് മനസ്സിന്. അതവിടെ എത്തിക്കഴിഞ്ഞു. ദൂരെനിന്നും മകൻ വരുന്നതുകണ്ട് ഉററുനോക്കുന്ന മാതാപിതാക്കന്മാരാണ് മുമ്പിൽ! ആ സന്തോഷത്തള്ളിച്ചയുടെ ആവേശം സിരകൾക്ക് ചൂട് പിടിപ്പിക്കുകയാണ്.

ഊടുവഴിയും ഇടവഴിയും പിന്നിട്ടു. വിശാലമായ വയലിലേയ്ക്കിറങ്ങി. ആ നാട്ടിൻപുറത്തെ മന്ദമാരുതൻവന്ന് വാത്സല്യപൂർവ്വം തലോടുകയാണ്. സ്വന്തം അമ്മയുടെ കരസ്പർശം അതിൽകൂടി ആസ്വദിച്ചു. ആ കൈത്തോട്ടിലെ അലകളിൽക്കൂടി സന്തോഷാധിക്യത്താൽ എന്തൊക്കെയോ പുലമ്പുന്ന പിതാവിൻെറ ശബ്ദം കാതുകളിൽ മുഴങ്ങി. പുഞ്ചിരിതൂകുന്ന നെൽപ്പാടം അഭിനന്ദനഭാവത്തിൽ തല കുലുക്കുകയാണ്.

ആ തോട്ടുവരമ്പിൽക്കൂടി രാമു വേഗത്തിൽനടന്നു. പുഴക്കരയിലെത്തി. രണ്ടു ഫർല്ലോങ്ങുകൂടി പോയാൽമതി. കുന്നിൻചെരുവിലാണ് വീട്. പുഴയിലെ വെള്ളത്തിന്നു് കലക്കുണ്ട്. ആ ഒഴുക്കിന്നു് ഒരു തേങ്ങിക്കരച്ചിലിൻെറ പ്രതീതിയാണ്.

വീട് അടുക്കുന്തോറും എന്തെന്നില്ലാത്ത ഒരസ്വസ്ഥത യാണ് മനസ്സിന്നു്. പൊട്ടിത്തെറിക്കാറായ ഒരഗ്നിപർവ്വത മായി മാറുകയാണ്. എങ്കിലും ഹൃദയഭാരംഒതുക്കി. മുന്നോട്ടുനടന്നു.

അല്പം ദൂരെനിന്നുതന്നെ പറമ്പും പുരയിടവുംകാണാം. പക്ഷെ, അങ്ങോട്ടുനോക്കിയാൽപോരാ. അവിടെ പാറി വീഴുകയാണ്‌വേണ്ടത്. കാലുകൾ ഇടറിത്തുടങ്ങുകയാണ്. പല ഭയാശങ്കകളും മനസ്സിൽ ഉയർന്നു. ഹൃദയം ശക്തിയിൽ മിടിച്ചു!

രാമു വിറയ്ക്കുന്ന പാദങ്ങളോടെ പറമ്പിലേയ്ക്കുകയറി· ആരെയും കാണാനില്ല. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുകയാണ്, വീട്. കത്തിക്കരിഞ്ഞ ശ്മശാനത്തിന്റെ മൂകത തടം കെട്ടിനില്ക്കുകയാണ്. അവനവിടെ തരിച്ചുനിന്നുപോയി!

"ന്റെ ബദരീങ്ങളേ! രാമൂട്ട്യല്ലേത്!"

അവൻ തിരിഞ്ഞുനോക്കി. അടുത്ത വീട്ടിലെ കുഞ്ഞി പ്പാത്തുമ്മ! വടിയുംകുത്തി കൂനിപ്പിടിച്ച് തലയുയർത്തി തറച്ചു നോക്കുകയാണ്. മുമ്പ് പരീക്ഷയ്ക്കു് പണമടക്കാൻ സഹാ യിച്ച ദയാലുവാണവർ! ആദരവും കൃതജ്ഞതയും വെളിയ്ക്കു ചാടാൻ ഉള്ളിൽനിന്നും തിരക്കിത്തുടങ്ങി.

"ബര്ന്നബര്ത്താ?"

"അതേ, ഉമ്മ."

അവൻ യാന്ത്രികമായാണ് പ്രതിവചിച്ചത്.

അവർ കണ്ണുകൊണ്ട് അവനെ ആകെയൊന്നുഴിഞ്ഞു. എന്നിട്ട് ഇടറുന്ന സ്വരത്തിൽ പറയുകയാണ്:

"അബരൊക്കെ പോയിമോനേ!"

വ്യസനംതുളുമ്പിനില്ക്കുന്ന ആ സ്വരം കേട്ടപ്പോൾ രാമു ഞെട്ടിപ്പോയി!

"ഇന്നകാണായിററ് ആതിപ്പുടിച്ച് കെടക്കാന്നു."

ആ വൃദ്ധ കണ്ണൊന്നുതുടച്ചു. ഇടറുന്ന ശബ്ദത്തിൽ വിങ്ങിക്കൊണ്ട് തുടന്നു—

"കയ്ഞ്ഞമാസത്തിലെ.......കാററും.......മയേം!...... അത്തപ്പാതിരക്കല്ലേ, ചൊമര്ടിഞ്ഞ് ബീണേ!............ ൻെറ ബദ്‌രീങ്ങളേ!......രണ്ടാളും.......ഒരുമിച്ച്.........!"

"ങ്ങേ്!!"

രാമുവിൻെറ തല കറങ്ങി. കണ്ണിരുട്ടടഞ്ഞു. പെട്ടിയും കുടയും മററും താഴെവീണു. പിന്നാലെ അവനും! അതു് കണ്ട് ഉമ്മ പരിഭ്രമിച്ച് പിടിയ്ക്കാൻ മുന്നോട്ടാഞ്ഞു. ആ വൃദ്ധയും കമിഴ്ന്നടിച്ച് വീണുപോയി!

# പരാജയമല്ല,

# വിജയമാണ്!

ഇതെന്തത്ഭുതം! എന്തുപററി? ഇതെങ്ങിനെ വിശ്വസിക്കും?

അടുത്ത നിമിഷംവരെ പരിപൂർണ്ണ നിയന്ത്രണത്തിലായിരുന്നു, ജവാന്മാർ. ഓരോ വാക്കും അക്ഷരം പ്രതി പാലിച്ചു. പെട്ടെന്നാണ് ഈ മാററം. കേവലം അപ്രതീക്ഷിതമായിട്ട്. കാണേണ്ട താമസം. അമ്പരന്നുപോയി!

ഒരു മേജർ ഇതെങ്ങിനെ സഹിക്കും? ഛായ്! ലജ്ജാവഹം!

(ങ്ങേ്? കുറച്ച് ഉച്ചത്തിലായിപ്പോയോ; പറഞ്ഞത്? ആരെങ്കിലും കേട്ടോ? കേൾക്കട്ടെ!)

അതിഭയങ്കരമായ യുദ്ധം നടക്കുകയായിരുന്നു. തിരമാലകൾപോലെ ഇരച്ചുവരികയാണ് ചെയ്തത്, ചൈനപ്പട. എന്നിട്ടും ഇന്ത്യൻ ജവാന്മാർ ഉശിരോടെ പൊരുതി. അനവധി എതിരാളികളെ വെടിവെച്ചുവീഴ്ത്തി. അവരുടെ നാശനഷ്ടങ്ങൾക്ക് കണക്കില്ലായിരുന്നു. എന്നിട്ടും ശത്രുക്കൾ കൂട്ടത്തോടെ മുന്നേറി.

നമ്മുടെ ഭാഗത്തും കുറേ നാശനഷ്ടങ്ങൾ നേരിട്ടു. കുറെയൊക്കെ ആൾനാശവും ഉണ്ടായി. എങ്കിലും ജവാന്മാരുടെ

മനോവീര്യത്തിന്നു് യാതൊരു കുറവുമുണ്ടായില്ല. അതേനില തുടന്നാൽ ജയിക്കാം സംശയമില്ല.

പെട്ടെന്നു് രണ്ടു് വശങ്ങളിൽനിന്നും ചൈനപ്പട കൂട്ടത്തോടെ നുഴഞ്ഞുകയറി. അങ്ങിനെ മൂന്നുഭാഗങ്ങളിൽകൂടിയായി, ആക്രമണം. ജവാന്മാർ അല്പം പരിഭ്രമിക്കാതിരുന്നില്ല. എന്നാൽ നേതൃത്വം അവരെ ഉശിരു പിടിപ്പിച്ചു.

ശത്രുക്കളുടെ എണ്ണം കൂടിക്കൂടി വരികയാണ്. നമ്മുടെ ഭാഗത്തു് വേണ്ടത്ര ആളുകളില്ല. പോഷക സൈന്യങ്ങൾ ഉണ്ടായിരുന്നില്ലതാനും.

പരിതസ്ഥിതികൂടി നമുക്കെതിരാണ്. ചെങ്കുത്തായ പർവ്വത പ്രദേശമാണ്, ചുററും. ഇന്ത്യൻ ജവാന്മാർ മേല്പോട്ടു് കയറിക്കൊണ്ടാണ് യുദ്ധം ചെയ്യുന്നതു്. ചീനക്കാർ കീഴ്പ്പോട്ടിറങ്ങിക്കൊണ്ടും. കുററിക്കാടുകളും മലയിടുക്കുകളും അവക്കനുകൂലമാണ്. ഈ യുദ്ധത്തിൽ ജയിക്കുകയെന്നതു് എളുപ്പമല്ല.

(എന്താണ് വാർഡർ ഇങ്ങോട്ടു് നോക്കിയതു്? ശബ്ദം കേട്ടിട്ടാണോ? താൻ ശബ്ദമുണ്ടാക്കിയോ? ആലോചിച്ചതല്ലേയുള്ളു? അല്ലാ, ഓത്തുപോയി. അതല്ല, പറയുകയും ചെയ്തോ?)

എത്രനേരമായി, കണ്ണും കാതും കരളും തലയും നാവും ഒരുപോലെ പ്രവത്തിച്ചുതുടങ്ങിയിട്ടു്? അതോ, സർവ്വശക്തിയും കേന്ദ്രീകരിച്ചും. ഒരുപക്ഷെ, അവസ്ഥതന്നെ നിയന്ത്രണം വിട്ടുപോയിരിയ്ക്കുമോ? അവ മനസ്സാക്ഷിയെ വഞ്ചിച്ചെന്നോ? അല്ലെങ്കിലെന്തേ, ഇങ്ങനെ വരാൻ?

ഇല്ല — ആലോചിയ്ക്കാൻ സമയമില്ല. ശത്രുക്കൾ കുതിച്ചെത്തും. തന്നെയും പിടികൂടും. പരാജയം സഹിക്കാം. അടിമത്തം — അതോക്കാൻകൂടി വയ്യ. ഉടനെ രക്ഷപ്പെടണം. തിരിഞ്ഞോടുകതന്നെ.

വളഞ്ഞ് പുളഞ്ഞ് ഓടി. അതിന്നിടയിൽ പിന്നിൽനിന്നു് വെടികൾ മുഴങ്ങി. അതൊന്നും ശരീരത്തിൽ സ്പർശിച്ചില്ല. ഓടിച്ചെന്നു് ഒരു മലയിടുക്കിൽ മറഞ്ഞു.

അങ്ങകലെ സൂര്യൻ കൊടുമുടിയിലേയ്ക്കുനീങ്ങി. ഇനിയിങ്ങനെ നില്ക്കുന്നതു് ശരിയല്ലെന്നു് കരുതിയിരിക്കാം. എങ്കിലും അവിടെ മറഞ്ഞിരുന്നു് ചൈനക്കാരുടെ നേരെ തീപ്പൊരികൾ ചൊരിയുകയാണു്!

(താനെന്താണു് ചെയ്തതു്? ഒരുസേനാനായകൻ ഓടിയൊളിയ്ക്കുകയോ? ലജ്ജാവഹം!)

പക്ഷെ, അല്ലാതെന്തുചെയ്യും? അതിന്നല്ലേ, വിവേകം? സന്ദർഭത്തിന്നനുസരിച്ച് പ്രവത്തിക്കേണ്ടേ? വിശേഷിച്ചും ചീനക്കാരോടുള്ള ആക്രമണത്തിൽ? ചതിയും നീചത്വവും അവരുടെ കൂടപ്പിറപ്പുകളല്ലേ! ഈ യുഗംതന്നെ വഞ്ചനയുടേതാണു്. അതിനെ ബുദ്ധിപൂർവ്വം നേരിടുകയേ നിവത്തിയുള്ളു.

എങ്കിലും ജിജ്ഞാസ അടങ്ങിനിന്നില്ല. മെല്ലെ ആ മലയിലേയ്ക്കു് കയറി. മൈക്രോസ്കോപ്പിലൂടെ നോക്കി.

അങ്ങകലെ ചീനക്കാർ കൂട്ടുകാരെ വളഞ്ഞിരിയ്ക്കുകയാണു്. ആ മദോന്മത്തന്മാർ തന്നത്താൻ മറന്നുകഴിഞ്ഞു. ജവാന്മാരെ മർദ്ദനംതുടങ്ങി. ചവിട്ടു്, അടി, ഇടി, ഉന്തൽ അങ്ങിനെ പലതും നടക്കുന്നുണ്ടു്. എന്നിട്ടോ, ആത്തു ചിരിയ്ക്കുകയാണു്. ശത്രുക്കളെ അനുസരിയ്ക്കാൻ ആത്മാഭിമാനം അനുവദിച്ചില്ലായിരിയ്ക്കാം.

സ്വന്തം സഹോദരന്മാരോടാണു് ഈ കടുംകൈകൾ. അതോക്കാൻകൂടി വയ്യ. ഹൃദയം ശക്തിയിൽ മിടിച്ചുതുടങ്ങി ഓടിച്ചെന്നാലോ? ഓങ്ങുന്ന കൈകൾ വെട്ടിവീഴ്ത്തണം. ചവിട്ടാനോങ്ങുമ്പോഴേയ്ക്കും വെടിയേററു് മറിഞ്ഞുവീഴട്ടെ. തോക്കുമായി അങ്ങോട്ടു് ഒരൊററക്കുതി!

പക്ഷെ, തോക്കില്ല! അതു് നഷ്ടപ്പെട്ടു. ഉണ്ടായാൽത്തന്നെ താനൊററയ്ക്കു് എന്തുചെയ്യും? ശത്രുക്കളാണെങ്കിൽ അവിടെ ആയിരക്കണക്കിലുണ്ടു്. കൂട്ടുകാർ എത്രയോ കുറവാണു്. ആ കൂട്ടത്തിൽനിന്നു് വിചാരിച്ചാൽ ഒന്നും

ചെയ്യാൻ സാദ്ധ്യമല്ല. പോരാത്തതിന്നു് ആയുധങ്ങളും മററു സാമഗ്രികളും ഒന്നുമില്ലതാനും. ഇത്രയും നേരം ഇന്ത്യൻ ജവാന്മാർ എതിർത്തുനിന്നതല്ലേ, അത്ഭുതം!

ഓ! ഉന്തിത്തള്ളിക്കൊണ്ടു്പോവുകയാണു് നമ്മുടെ ജവാന്മാരെ. ഗത്യന്തരമില്ലാതെ ആ സിംഹങ്ങൾ മുമ്പോട്ടു് നീങ്ങുന്നുവെന്നു് മാത്രം. അവർ മറഞ്ഞുകഴിഞ്ഞു. ഇനി അവരെ കാണുവാൻ സാദ്ധ്യമല്ല. ഒരുപക്ഷെ, എന്നെന്നേയ്ക്കുമായിത്തന്നെ.

(അങ്ങിനെ സംഭവിക്കാതിരിക്കട്ടെ!)

എന്നാലും വീണ്ടും ആ ഭാഗത്തേയ്ക്കൊന്നുനോക്കിപ്പോയി!

പ്രകൃതി ഇരുളിൻെറ തിരശ്ശീലയിട്ടു് ആ രംഗം മറച്ചുകളഞ്ഞു. അല്ല, ശത്രുക്കളിൽനിന്നു് രക്ഷപ്പെടാൻ തന്നെ സഹായിച്ചതാണു്. ഇറങ്ങി നടക്കുകതന്നെ.

മങ്ങിയ നാട്ടുവെട്ടമുണ്ടു്. അതിനെ ആശ്രയിച്ചു് മുന്നോട്ടു്നീങ്ങി.

ചെറിയ വിശ്രമവും നീണ്ട യാത്രയും. അതു് മാറിമാറി തുടൎന്നുകൊണ്ടേയിരുന്നു.

ഇനിയും സ്വൈരമായി വിശ്രമിക്കാറായില്ല. വിശ്രമം ആപത്താണു്. ശത്രുക്കൾ വേട്ടയാടിപ്പിടിച്ചേയ്ക്കും. അവരുടെ അധീനത്തിലാണു്, ഈ പ്രദേശം മുഴവൻ. ആവുന്നത്ര വേഗത്തിൽ രക്ഷപ്പെടണം. ഇന്ത്യൻ പാളയത്തിൽ എത്തിച്ചേൎന്നേ പററൂ. കൂടുതൽ സജ്ജീകരണങ്ങളോടെ അവരെ എതിരിടണം. എന്നാൽ വിജയിക്കാം. തീർച്ച തന്നെ. ആദ്യത്തെ ആക്രമണത്തിൽക്കൂടി അവരെ കുറേയേറെ പഠിച്ചു.

അകലെനിന്നും ആളുകളുടെ ശബ്ദം കേട്ടുതുടങ്ങി. ഉടനെ കുററിക്കാട്ടിലേയ്ക്കുമറഞ്ഞു.

മോംപകളാണോ? സൂക്ഷിച്ചുനോക്കി: എല്ലാം ഏകദേശം ഒരേ പ്രായക്കാർതന്നെ. മോംപകൾ ഇങ്ങനെ നടക്കുമോ? അതിൻെറ ആവശ്യം? എല്ലാ, ചൈനപ്പടതന്നെ. എളുപ്പത്തിൽ ഊഹിച്ചു. മോംപകളുടെ വേഷത്തിൽ നടക്കുകയാണ്. ഭൂസ്ഥിതികളും എളുപ്പവഴികളും മനസ്സിലാക്കുവാനായിരിയ്ക്കാം.

[അങ്ങിനെ വരട്ടെ. അതിർത്തി പ്രദേശങ്ങളുമായി അവർ പരിചയപ്പെട്ടതിങ്ങനെയാണ്.]

അവർ മോംപകളുടെ ഭാഷയും സംസാരിക്കുന്നുണ്ടല്ലോ. ആവശ്യംതന്നെ. മോംപകളോട് പലതുംചോദിയ്ക്കും. ആ ശുദ്ധഹൃദയന്മാർ സ്വന്തം വർഗ്ഗമാണെന്നു കരുതി എല്ലാം തുറന്നുപറയുകയും ചെയ്യും. അങ്ങിനെയായിരിക്കാം, പല കുറുക്കുവഴികളും ഇന്ത്യൻ താവളങ്ങളും അവർ കണ്ടുപിടിച്ചത്.

ഓ! ഇങ്ങനെ ആലോചിച്ചുനിന്നാൽ പോരാ. ആത്മരക്ഷയാണിപ്പോൾ പ്രധാനം. ഈ സ്ഥലം സുരക്ഷിതമാണോ? അവരുടെ ദൃഷ്ടിയിൽപെട്ടാലോ? പെട്ടാൽ കുടുങ്ങിപ്പോകും. മെല്ലെ ആ പാറക്കെട്ടിൽ ചെന്നുമറയാം. അതാണ് നല്ലത്. നീങ്ങുകതന്നെ.

ആ മോംപാവേഷക്കാർ ഒരിടത്ത് വട്ടമിട്ടിരുന്നു. അതാ, ആയുധങ്ങൾ. വേഷത്തിന്നുള്ളിൽ മറച്ചുപിടിച്ചതാണ്. തനി പട്ടാളക്കാർതന്നെ. ഊഹം ശരിയായി. അവർ പുക വലിയ്ക്കുകയും, കുടിയ്ക്കുകയും ചെയ്തുതുടങ്ങി. കൂട്ടത്തിൽ കൂടിയാലോചനകളും നടത്തുണ്ടാകാം.

മെല്ലെ തടി തപ്പുകതന്നെ. അല്ലാതെ എത്രനേരം ഇങ്ങനെ ഇരിയ്ക്കും.? അവർ അകലെയാണല്ലോ. കാടിൻെറ മറപററി നടക്കാം.

ഹാവൂ! ശത്രുക്കളുടെ കണ്ണിൽപെടാതെതന്നെ അകന്നു കഴിഞ്ഞു. ഇനി പേടിക്കാനില്ല. വേഗം നടക്കാം.

ഇന്ത്യൻ ജവാന്മാരെ കാണുന്നതുതന്നെ ആ ഗിരിവർഗ്ഗക്കാർക്ക് ഒരു ഉത്സവമാണ്. അതു് ഈ വഞ്ചകന്മാർ മനസ്സി

ലാക്കിയിട്ടുണ്ട്. അതുകൊണ്ട് പലപ്പോഴും അവരുടെ വേഷത്തിൽ സമീപിയ്ക്കും. അടുത്തെത്തിക്കഴിഞ്ഞാലേ കള്ളി വെളിച്ചത്താവൂ. ജവാന്മാർ ആക്രമണം പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. വെടി പൊട്ടിത്തുടങ്ങുമ്പോഴേ തങ്ങൾ വഞ്ചിതരായെന്നു് മനസ്സിലാവുകയുള്ളൂ.

[അങ്ങിനെയാണു് ചില ഔട്ട്പോസ്റ്റുകൾ അവർ എളുപ്പത്തിൽ തട്ടിയെടുത്തതു്.]

ഹും! കടുത്ത വഞ്ചന! അതോർക്കുമ്പോൾ അറിയാതെ തന്നെ പല്ലു് ഞെരിച്ചുപോവുകയാണു്. ഇത്തരം വഞ്ചനയുടെ അടവുകൾ ഇന്ത്യക്കാർ സ്വീകരിച്ചിരുന്നെങ്കിൽ! എങ്കിൽ ഏതാനും മണിക്കൂറുകൾകൊണ്ടു് അവരെ അതിർത്തിയിൽനിന്നും പറപ്പിക്കാം. പക്ഷെ, ഇന്ത്യയുടെ നയം വഞ്ചയുടേതല്ല.

ചുററും കണ്ണോടിച്ചുകൊണ്ടാണു് നടത്തം. എപ്പോഴാണു് ശത്രുക്കൾ മുമ്പിൽ ചാടിവീഴുകയെന്നു് അറിഞ്ഞുകൂടല്ലോ. കരുതി നടക്കണം. ഈ വഴിയ്ക്കു് അവർ പതുങ്ങി നടക്കുന്നുണ്ടെങ്കിലോ? നടത്തത്തിന്നു വേഗത കൂട്ടുകതന്നെ. നിർദ്ദയം സഞ്ചരിയ്ക്കാവുന്നിടത്തു് എത്തട്ടെ. എന്നിട്ടുമതു് വിശ്രമം. അല്ലെങ്കിൽ ആപത്താണു്.

രാവും പകലും അങ്ങിനെ മാറിമാറി വരുന്നുണ്ടു്. പക്ഷെ, എത്തേണ്ട ദിക്കിൽ മാത്രം എത്തിയില്ല. ദൂരം കൂടുകയാണോ? അല്ലാ, വഴിമാറിപ്പോയോ? ആർക്കറിയാം? ആപത്തിൻെറ വക്കിൽക്കൂടിയാണു് യാത്ര. അതു് മാത്രമറിയാം.

ഓ! വലിയ കാടാണല്ലോ. ചെറിയ ഒരു വഴിയുണ്ടു്. ഇതിൽക്കൂടി നടക്കാം.

ങേ്? എന്താണൊരു ബഹളം?

ആളുകളുടെ ശബ്ദമാണു്. ശത്രുക്കൾ! സർവ്വത്ര ശത്രുക്കൾ! അടുത്തടുത്തു് വരികയാണു്. ഈ കാട്ടിൽ മറഞ്ഞു നില്ക്കാം. ആരാണു്? എന്താണു് ബഹളം? അറിയണമല്ലോ?

ഹോ! അഞ്ചെട്ടു ചൈനപ്പട്ടാളക്കാർ! മൂന്നു് മോംപക ളുമുണ്ടു് നടുവിൽ. അവരെ വലിച്ചിഴച്ചുകൊണ്ടുവരികയാണു്. ഇടയ്ക്കിടെ അവരെ മർദ്ദിക്കുന്നുമുണ്ടു്. അപ്പോഴുള്ള നിലവി ളിയാണു് കേട്ടതു്. വേദനകൊണ്ടു് പിടയ്ക്കുന്നുണ്ടു്, ആ പാവങ്ങൾ. ദീനരോദനങ്ങൾ ചെകിട്ടിൽവന്നലയ്ക്കുകയാണു്. ആ സംഘം അടുത്തെത്തിക്കഴിഞ്ഞു. ആ പാറക്കെട്ടിനുലക്കാ ണല്ലോ, യാത്ര. ഒന്നു രണ്ടു് ചൈനക്കാർ അവരോടു് എന്തൊക്കെയോ ചോദിക്കുന്നുണ്ടു്. മോംപകളുടെ ഭാഷ യിൽതന്നെ. മററുള്ളവർ അതു് ശ്രദ്ധിക്കുകയാണു്. മോം പകൾ പല ചോദ്യങ്ങൾക്കും ഉത്തരം പറയുന്നില്ല. അപ്പോ ഴാണു് മർദ്ദനം. ഒരാൾ ബൂട്സ്സുകൊണ്ടുള്ള ചവിട്ടേററു മറി ഞ്ഞുവീണു. വേറൊരാൾ തോക്കിൻെറ ചട്ടകൊണ്ടുള്ള ഇടി യേററു പുളഞ്ഞു. മൂന്നാമത്തെ ആളുടെ കഴുത്തു് ഞെരിച്ചു കൊണ്ടാണു് വിചാരണ. യാതൊരു ഫലവുമുണ്ടായില്ല. അയ്യോ! എന്തൊരു കഷ്ടംകയ്യാണിതു്! അയാളുടെ കൈവെട്ടി. പാവം! പ്രാണവേദനകൊണ്ടു് പിടയ്ക്കുകയാണു്. മറെറാ രാളുടെ കാലും! ഹൊ! ഭയങ്കരം! ചോദ്യങ്ങൾ പിന്നേയും വൃഥാവിൽതന്നെ. ചൈനക്കാരുടെ അമർഷം കൂടിക്കൂടി വരി കയാണു്.

(പ്രിയപ്പെട്ട സഹോദരന്മാരേ!— മോംപകളേ! നിങ്ങ ളുടെ ചങ്കൂററം! മാതൃഭൂമിയോടുള്ള കൂറു്! എത്രതന്നെ അഭി നന്ദിച്ചാലും അധികമാവില്ല!)

തല!— തലയും വെട്ടി! തലയും ഉടലും പിടഞ്ഞുതുള്ളുക യാണു്. അറുത്തിട്ട കോഴിയെപ്പോലെ. അതുകണ്ടു് ആർത്തു ചിരിക്കുകയാണു്. രാക്ഷസന്മാർ! പിന്നെയും വിചാരണ തന്നെ.

മററു് രണ്ടുപേരെയുമാണു് വിചാരണ ചെയ്യുന്നതു്. അതും നിഷ്ഫലം! അയ്യോ! അതാ, ആ രണ്ടുതലകളും ഒരു മിച്ചു് തെറിച്ചു.

(ദുഷ്ടന്മാരേ! ആ പാവങ്ങൾ എന്തുചെയ്തു? എന്തു ക്രൂരതയാണിതു്!

ഛായ്! ഒരു തോക്കുണ്ടായിരുന്നെങ്കിൽ! ഇപ്പോൾ കാണിച്ചുതന്നേനേ! എന്തുചെയ്യാം! കഷ്ടം!)

നീചന്മാർ! ചവിട്ടി ഉരുട്ടിക്കൊണ്ട് മുമ്പോട്ട് നീങ്ങുകയാണ്. അതോ, ആർത്തുചിരിച്ചുംകൊണ്ടും. ഇതെങ്ങിനെ കണ്ടുസഹിക്കും? കണ്ണിൽ ചോരയില്ലാത്ത വർഗ്ഗം! മേലാകെ കോരിത്തരിക്കുകയാണ്!

പിടിക്കപ്പെട്ട കൂട്ടുകാർ! അവക്കും ഇതുതന്നെയായിരിക്കുമോ, ഗതി? എങ്കിൽ! എങ്കിൽ... ...! താൻമാത്രം എന്തിന്നു ജീവിക്കണം? സപ്തനാഡികളും തളരുകയാണ്.

പക്ഷെ, ...! വേണം. ജീവിക്കണം. അതുകൊണ്ട് പ്രയോജനമുണ്ട്. ചൈനക്കാർ ഇതും ഇതിലപ്പുറവും ചെയ്യും. മനുഷ്യത്വം തൊട്ടുതെറിപ്പിച്ചിട്ടുപോലുമില്ല. വെറും ചെന്നാക്കൾ ഇതിലും ഭേദമാണ്. സ്വന്തം കൂട്ടുകാരോടുപോലും അവക്ക് കൂറില്ല. ആട്ടിൻപററത്തെ അറുക്കാൻ കൊണ്ടുപോകുംപോലെയല്ലേ, സൈന്യങ്ങളെ നയിക്കുന്നത്?

ആയുധങ്ങളും ആഹാര സാധനങ്ങളും അവർതന്നെ ചുമക്കണം. തഴക്കവും പഴക്കവും ചെന്നവർ ചുരുക്കമേയുള്ളൂ. മുക്കാൽഭാഗവും പുതിയവരാണ്. അവക്ക് യുദ്ധരംഗവുമായി യാതൊരു പരിചയവുമില്ല. യുദ്ധമെന്നുകേട്ടാൽതന്നെ പേടിസ്വപ്നമാണവക്ക്. ചിലപ്പോൾ ആ പാവങ്ങൾ പിന്തിരിഞ്ഞോടും. ഉടനെതന്നെ പിന്നിൽനിന്നു് വെടിയുണ്ടകൾ തുരുതുരെ ചീറിയടുക്കും. വീണുപിടഞ്ഞ് മരിക്കുക തന്നെ. യുദ്ധത്തിൽ മരിച്ചവരുടെ ആയുധങ്ങളും മററും കൈവശപ്പെടുത്തി മററുള്ളവർ മുന്നേറും. പരിക്കേററ് വീണാൽ അവിടെതന്നെ പിടഞ്ഞുമരിക്കുകയേഉള്ളൂ. പുഴുത്തു ചീഞ്ഞുനാറിയ ശവങ്ങൾ എത്രയാണ് വഴിനീളെ! ഒക്കെ ചൈനക്കാർ! ഒരു ഇന്ത്യക്കാരന്നു് പുത്തരിയാണിതൊക്കെ.

(അത്തരം കാഴ്ചകൾ പലപ്പോഴും തന്നെ അമ്പരപ്പിച്ചിട്ടുണ്ട്.)

ഓ! എത്ര നേരമായി ഇവിടെ നില്ക്കാൻ തുടങ്ങിയിട്ട്? ഇങ്ങനെ തന്നത്താൻ മറന്നുനിന്നുകൂടാ. ഓരോ നിമിഷവും ആപത്തു് തന്നെ തുറിച്ചുനോക്കുകയാണ്.

എന്തു്? ഇവിടെയും കരച്ചിലോ? സ്ത്രീകളുടെ ശബ്ദം. എന്താണവിടെ നടക്കുന്നത്? രണ്ടുമൂന്നു് മോംപാസ്ത്രീകൾ. ചുററും പത്തുപന്ത്രണ്ടു് ചൈനക്കാർ. സ്ത്രീകളുടെ വസ്ത്രങ്ങൾ വലിച്ചുഴിക്കുകയാണ്! കാമാത്തരായ ചെന്നായ്ക്കൾ! ആ മാൻകിടാങ്ങളുടെ രോദനമാണ് കേട്ടത്!

(നീചന്മാരേ! നിങ്ങൾക്കു് അമ്മ പെങ്ങന്മാരില്ലേ?)

ആ രംഗം കാണുകതന്നെ വയ്യ! വേഗം സ്ഥലം വിടുകയാണ് ഭേദം.

എത്ര ദിവസമായി നടക്കാൻ തുടങ്ങിയിട്ട്? ഓർമ്മ വരുന്നില്ല. മേലും കയ്യുമൊക്കെ തളർന്നു. നീരുമുണ്ട്. തട്ടിയും മുട്ടിയും ചോരയൊലിക്കുകയാണ്. പലേടത്തും മുള്ളുതറച്ചിട്ടുണ്ട്. എന്നാലും നടക്കുകയേ നിവൃത്തിയുള്ളൂ.

ങേ? എന്താണ് ഈ മലയിടുക്കിൽ? റോന്തുസംഘമോ?

എങ്ങിനെ രക്ഷപ്പെടും? ങ്ഹാ! ആ ഗുഹയിൽ അഭയം തേടാം.

ഇവർ പല ഭാഷകളും സംസാരിക്കുന്നുണ്ടല്ലോ. ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി, മലയാളം! ങേ്? എന്തൊരു കഥയാണിത്! പല ഭാഷകളിലുമുള്ള ശബ്ദങ്ങൾ! അതേ രൂപത്തിൽ! ഇന്ത്യൻ സൈന്യം ഉപയോഗിക്കുന്ന വാക്കുകളാണവ! അതേ, നിർദ്ദേശങ്ങളും കല്പനകളും! അതെല്ലാം അവർ പഠിച്ചിട്ടുണ്ട്. ഉരുവിടുകയാണ് ഓരോന്നും. പരസ്പരം തെററുതിരുത്തുന്നുമുണ്ട്. പഠിക്കലും പഠിപ്പിക്കലും ഒരുമിച്ച്!

ഇതിലുമുണ്ടല്ലോ, പല മോംപാവേഷക്കാരും. ഇവരെന്തിനാണ് വേഷം മാറിയത്? ങ്ഹാ! ആ വേഷക്കാരാണ് പഠിപ്പിക്കുന്നത്. മററവർ അതേററുപറയുന്നതു കേൾക്കാം.

എങ്ങിനെയാണ് ഇവർ ഇന്ത്യൻ നിർദ്ദേശങ്ങളും കല്പനകളും പഠിച്ചത്? വേഷംമാറി സഞ്ചരിക്കുന്ന കൂട്ടത്തിൽ കേട്ടുപഠിച്ചതായിരിക്കുമോ? അഥവാ, അതെല്ലാം പഠിക്കാനാണോ, ഈ വേഷവും സഞ്ചാരവുമെല്ലാം? എന്തിനാണ് പഠിക്കുന്നത്? അതുകൊണ്ടുള്ള പ്രയോജനം?

ങേ്?? ങേ്???

ങ്ഹാ! ശരി!

അത് പ്രയോഗിക്കാൻ!

(കൂട്ടത്തോടെ വളഞ്ഞുമിരട്ടുക. ഉടനെ പിൻവാങ്ങാൻ കല്പനകൊടുക്കുകയാണ് അടുത്ത പരിപാടി. അല്ലെങ്കിൽ കീഴടങ്ങാൻ! എളുപ്പത്തിലുള്ള വിജയം! അതും ഒരു തന്ത്രം!)

ഈ തന്ത്രമാണ് തന്നെ പററിച്ചത്. സംശയമില്ല! അവരിൽ ഒരാൾ ഇന്ത്യൻരീതിയിൽ കല്പനകൊടുത്തു. അതു കേട്ട് ജവാന്മാർ കീഴടങ്ങി! താൻ വടിപിടിച്ചുപോയി! വഞ്ചനയുടെ മറെറാരു തന്ത്രം!

ഓ! അടുത്തുപോയി. ഇന്ത്യൻ പ്രദേശമായി! ഇനി ഭയപ്പെടാനില്ല!

(ങേ്? കാലുകൾക്ക് വേഗത കൂടിയെന്നോ? എവിടെ നിന്നാണ് ഈ പുതിയ ചൈതന്യം? തളന്ന് വീഴാറായതാണല്ലോ!)

ഏതായാലും ജീവിച്ചതു് നന്നായി. ഇതെല്ലാം മനസ്സിലാക്കാൻ സാധിച്ചല്ലോ!

(ജവാന്മാക്ക് പുതിയ പാഠങ്ങൾ! ശത്രുവിനെ അറിഞ്ഞുകൊണ്ടുള്ള നീക്കങ്ങൾ! വിജയത്തിൻെറ പാതകൾ! ഭേഷ്! ബലേ– ഭേഷ്!)

പരാജയമല്ല നേരിട്ടതു്. വിജയമാണ്! വിജയം! തീർച്ച!!!

KOTTAYAM PUBLIC LIBRARY KOTTAYAM.

ഇതാ, എത്തിപ്പോയി! വിശാലമായ പ്രദേശം! തുറന്നു കിടക്കുന്ന പരന്ന സമതലം!

ങ്ങേ്? എന്താണൊരു ശബ്ദം?

ഹെലികോപ്ടർ! ഇന്ത്യൻ വിമാനം!

അതിറങ്ങുകയാണ്! ഇങ്ങോട്ട്!

കയറാം! അതിൽ കയറാം!! പറക്കാം!!!

ജവാന്മാരേ! ഹ ഹ ഹ! വിജയം! നമ്മുടെ വിജയം! നമ്മുടെ മാതൃഭൂമിയുടെ വിജയം!!

"എന്താ, മേജർ? എന്താണിങ്ങനെ ബഹളം കൂട്ടുന്നത്?"

ങ്ങേ്? ആരാണത് ഡോക്ടരോ! K. T. Mpubs

ഇത് ആസ്പത്രിയാണോ?

തന്നെന്തിനാണ് ഇവിടെ വന്നത്? സുഖക്കേടൊന്നുമില്ലല്ലോ!

ഓ! ശരി. ക്ഷീണമുണ്ട്. ശരീരം മുഴുവൻ തളരുകയാണ്! അതിന്നു് ആസ്പത്രിയിൽ എഡ്മിററ് ചെയ്യാറുണ്ടോ?

ടോർച്ച്മായാണ് ഡോക്ടരുടെ വരവ്. വീണ്ടും അതേ ചോദ്യംതന്നെ.

എന്താണ് ബഹളം കൂട്ടുന്നതു്?

ബഹളമോ? ഇവിടെ ആരെങ്കിലും ബഹളം കൂട്ടിയോ?

"മിണ്ടാതെ കിടന്നുറങ്ങാനല്ലേ, പറഞ്ഞത്? പിന്നേയും ഈ അർദ്ധരാത്രിക്കു് ഇങ്ങനെ ബഹളം കൂട്ടിയാലോ?"

ഇപ്പോൾ അർദ്ധരാത്രിയാണെന്നോ? അർദ്ധരാത്രിയിൽ ഹെലികോപ്ടർ വരുമോ?

ഇപ്പോൾ ആരാണ് ബഹളം കൂട്ടുന്നത്? താനാണോ? ഡോക്ടരല്ലേ? ഇയാൾക്ക് ഭ്രാന്താണ്!

(അല്ലാ, തനിയ്ക്കോ? ഒരുപക്ഷെ എല്ലാവൎക്കും!)

ചൈനക്കാൎക്കുണ്ട്. തീൎച്ച! ആ ഭ്രാന്തന്മാരെ ഓടിയ്ക്കണം! അല്ല. വെടിവെച്ചുകൊല്ലുകയാണ് വേണ്ടത്—കൂട്ടത്തോടെ.

ഡോക്ടർ പോയിക്കളഞ്ഞോ?

ആരാണ് അപ്പുറത്തുനിന്നും ബഹളം കൂട്ടുന്നത്?

ചൈനക്കാരോ? അല്ലാ, ഇന്ത്യൻ ജവാന്മാരോ?

ഹേ, മനുഷ്യാ! എന്റെ തോക്കിങ്ങുതരൂ. ഈ ഭ്രാന്തന്മാരെ കാച്ചിയിട്ടു കാര്യം!!

അതാ, നോക്കൂ!

പാറക്കെട്ടുകൾ നിറഞ്ഞ മലയിടുക്കുകൾ.........ചെങ്കുത്തായ പൎവ്വതങ്ങൾ......കല്ലും മുള്ളും നിറഞ്ഞ കാടുകൾ......മരം കോച്ചുന്ന മഞ്ഞു്......അടൎന്നു വീഴുന്ന മഞ്ഞിൻ കട്ടികൾ!

അതിന്നിടയിൽ ചൈനക്കാർ! ഡോക്ടർ!......തോക്ക്!......വിജയം!......

നമ്മുടെ വിജയം!......

ഇന്ത്യയുടെ വിജയം......!

മാതൃഭൂമിയുടെ വിജയം.........!!

# ഒരു കമ്പിയും,

# ചില മരണങ്ങളും.

പടിഞ്ഞാറോട്ട് തിരിഞ്ഞു് കാലുംനീട്ടിയിരിക്കുകയാണ്. കൈകൾ പിറകിൽ കുത്തിയിട്ടുണ്ട്. തേട്ടിതേട്ടി വരികയാണ്, എന്തെന്നില്ലാത്ത ഒരു വിഷാദം.

നിരത്തിന്മേൽ കണ്ണും നട്ടാണിരിപ്പ്. ആരെയോ പ്രതീക്ഷിച്ചുള്ള ഇരിപ്പാണ്. മനസ്സുപോലെത്തന്നെ അന്തരീക്ഷവും. മൂടിക്കെട്ടിനില്ക്കുകയാണ്. സമയം അഞ്ചുമണിയായിട്ടേയുള്ളു. എങ്കിലും സന്ധ്യയായെന്നു തോന്നും.

ഒരിളംകാററു് ആരേയോ തിരയുകയാണ്. ഓടിക്കിതച്ചുകൊണ്ടാണ് തിരച്ചിൽ. പരക്കം പാച്ചിൽ തന്നെ. എന്തെന്നില്ലാത്ത് വെപ്രാളത്തോടെ!

നിരത്തിൽക്കൂടി പലരും സഞ്ചരിക്കുന്നുണ്ട്. സൈക്കിളുകൾ, കാറുകൾ, ജീപ്പുകൾ, ലോറികൾ, ബസ്സുകൾ എല്ലാം തിരക്കിട്ടു് ഓടുകയാണ്. എന്തോ അത്യാഹിതം പിണഞ്ഞേടത്തേക്കു് കുതിക്കുംപോലെ. ചുററും പൊടിപടലങ്ങൾ പരത്തികൊണ്ടാണ് സഞ്ചാരം.

ആ കാത്തിരിപ്പ് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ദിവസങ്ങൾ പലതായി. വൈകുന്നേരത്തെ തപാൽ വരാറായാൽ മതി. ഇങ്ങനെ ഇരിക്കും. ആ ഇരിപ്പ് പലപ്പോഴും സന്ധ്യവരെ നീണ്ടുനില്ക്കാറുണ്ട്. തപാൽ ശിപായി

യെയും പ്രതീക്ഷിച്ചുള്ള ഇരിപ്പാണ്. എത്രയെങ്കിലും നേരം അങ്ങിനെ ഇരുന്നുപോകും.

"ഇന്നും വന്നില്ലല്ലോ തപാൽ ശിപായി!"

—സ്വയം പറഞ്ഞുകൊണ്ട് എഴുന്നേല്ക്കും. അപ്പോഴേക്കും ചുററുംഇരുൾ വ്യാപിച്ചിട്ടുണ്ടാവും. അങ്ങിനെ ഇരിക്കുമ്പോൾ ശരീരം മാത്രമേ ഇവിടെ ഉണ്ടാവുകയുള്ളൂ. മനസ്സ് അങ്ങകലെ ആയിരമായിരം നാഴികകൾക്കപ്പുറമായിരിക്കും.

അവിടെ എന്തൊക്കെയൊ നടക്കുന്നുണ്ട്. എന്താണെന്ന് ശരിയായ രൂപമില്ല. എങ്കിലും ഭയങ്കരമാണ്, ആ കാഴ്ചകൾ. ഭയവും, പരിഭ്രമവും സങ്കടവും മനസ്സിലേക്ക് മാറി മാറി ഇരച്ചുകയറും. നീണ്ട നെടുവീർപ്പുകൾ താനറിയാതെ തന്നെ പുറത്തേക്കു് കുതിച്ചുചാടും.

രാവിലെയാണെങ്കിൽ അടുക്കളയിലായിരിക്കും. ജോലിത്തിരക്ക് പിടിപ്പതുണ്ട്. ഒരു കുടുംബമായാൽ അങ്ങിനെയാണ്. ഗൃഹനായികയായാൽപിന്നെ പറയാനുമില്ല. എങ്കിലും വിദൂരതയിലായിരിക്കും കണ്ണുകൾ. പലപ്പോഴും നടവഴിയിലേക്കു് കുതിക്കാറുണ്ട്. വിശേഷിച്ചും തപാൽ വരേണ്ട സമയമായാൽ പക്ഷെ, നിരാശയോടെ മടങ്ങും.

രാവിലെ മക്കളെ സ്കൂളിലേക്കയക്കണം. അതിനുള്ള ഒരുക്കം കൂട്ടലിൽ സമയം പോകുന്നതറിയില്ല. പിന്നെ ഫാക്ടറിയിലേക്കു പോകും. അവിടെ എത്തിയാൽ ജോലിയും കൂട്ടുകാരുമായി കഴിയാം. വൈകുന്നേരമായാൽ കുഞ്ഞുങ്ങളുടെ വരവും ബഹളവുമായി.

രാത്രിയായയാലാണ് കൂടുതൽ വിഷമം. കിടന്നാൽ ഉറക്കം വരില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കും. പല ആലോചനകളും മനസ്സിൽ കടന്നുവരും. കുറേ കഴിയുമ്പോൾ അറിയാതെ കണ്ണുചിമ്മിപ്പോകും. പിന്നെ സ്വപ്നങ്ങളാണ്. അതോ ഭയപ്പെടുത്തുന്നവയും.

എലിക്കുട്ടി ഇടയ്ക്കിടെ പേടിച്ചു നിലവിളിക്കാറുണ്ട്.

രണ്ടാഴ്ചയായി പണിക്കു പോകാതായിട്ട്, സാധാരണ

പ്രസവിക്കുന്നതുവരെയും അവൾ ജോലിക്കു പോറുണ്ടായിരുന്നു. എന്നാൽ ഇത്തവണ ഒൻപതാം മാസം തികയുന്നതിനു മുമ്പെ നിറുത്തി. ഓട്ടും മണ്ണും മററും ചുമക്കാൻ സാധിക്കുന്നില്ല. തലയ്ക്കുള്ളിലും, ഉദരത്തിലും, പുറമേയും ഭാരം–എല്ലാംകൂടി ചുമക്കാനൊക്കുമോ? കയ്യും കാലും തളരുകയാണ്. നടന്നുപോകാൻ തന്നെ വിഷമം. അപ്പോൾ ചുമട് എടുക്കേണ്ട കാര്യം പറയാനുണ്ടോ?

ശരീരത്തിന്നോ തളർച്ച കൂടുതൽ? അല്ല, മനസ്സിന്നോ? തീർത്തു പറയാൻ വയ്യ. രണ്ടിനുമുണ്ട്, ഒരുപോലെ.

കൂട്ടുകാർ ഇടയ്ക്കിടെ ചോദിക്കും. എന്തുപററിയെന്നു് അവർക്കറിയണം. എങ്ങിനെ അറിയിക്കുനൊണ്?അറിയിച്ചാൽ അറിയുമോ? ഒരാളുടെ വേദന വേറൊരാൾ എങ്ങിനെ ശരിക്കറിയും? ആരെങ്കിലും ചോദിക്കുമ്പോൾ അതു് കൂടുകയാണ്. അതുകൊണ്ടാണ് ഏലിക്കുട്ടി ഫാക്ടറിയിൽ പോക്കു നിർത്തിയതു്.

ഇപ്പോൾ അധികസമയവും ഇരിപ്പുതന്നെ. ഇരുന്നുതളർന്നാൽ കിടക്കും. എന്നാലും എന്തൊക്കെയോ ആലോചനകൾ മനസ്സിലേക്കു് നുഴഞ്ഞുകയറും. പിന്നെ ഭയാശങ്കകളായി!

അങ്ങിനെയല്ലാതെവരുമോ? വിശേഷിച്ചും ഒരു ഗർഭിണിയായാൽ?

ആ ഒരുപണക്കാരൻെറ മകനായസിറിയൻക്രസ്ത്യാനിയാണ് മത്തായി. ഈ കൂലിക്കാരുടെ കുടുംബത്തിലേക്കു് ഇറങ്ങിവന്നതാണ്. അതു നിമിത്തം കുടുംബത്തിൽനിന്നും പുറംതള്ളപ്പെട്ടു.

ഉപജീവനത്തിന്നുവേണ്ടി അയാൾ പട്ടാളത്തിൽചേന്നു.

ഈരാണ്ടാഴ്ച കൂടുംമ്പോൾ കെട്ടിയോൻെറ എഴുത്തുവരും. അവൾ അത്യാർത്തിയോടെ വായിക്കും. മാസംതോറും മണിയോർഡറുമുണ്ടാവും.

ഒഴിവുകാലം അടുത്തെന്നറിഞ്ഞാൽ മതി,പിന്നെ ഉത്സാഹത്തിൻെറ വേലിയേററമാണ്.

വന്നാൽ ഒരുമാസം വീട്ടിലുണ്ടാകും. ആ ഒരു മാസക്കാലം ഉത്സവകാലം തന്നെ. നിമിഷങ്ങളങ്ങിനെ പറന്നുപോവുകയാണ് പതിവ്. അപ്പോൾ അവൾക്കും ലീവാണ്. ജോലിക്കുപോകാൻ അ സ്നേഹസമ്പന്നൻ വിടില്ല. സ്വന്തം ഭാര്യ—പ്രേമഭാജനം ജോലിയെടുത്തു ജീവിക്കുക. അതും താൻ പൂർണ്ണമായ ആരോഗ്യത്തോടെ ഇരിക്കുമ്പോൾ. അതയാൾക്ക് ഇഷ്ടമല്ല. അതിന്നല്ല മത്തായി ജോലിയെടുക്കുന്നത്. ആയിരമായിരം നാഴികയകലെ തോക്കുകൾക്കുംപീരങ്കികൾക്കുമിടയിൽ കഴിച്ചുകൂട്ടുന്നതു് വെറുതെയല്ല. അഭിമാനത്തോടെ കുടുംബം പുലർത്താനാണ്. അങ്ങിനെ നീണ്ടുപോകുംഅയാളുടെ പ്രസംഗങ്ങൾ.

ഏലിക്കുട്ടി അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ മൂളിക്കേൾക്കും.

പക്ഷെ, അവൾക്കറിയാം അതെല്ലാം പറയാനേകൊള്ളൂ എന്നു്. തങ്ങളുടെ കുടുംബം പുലർത്താൻ പിന്നേയും വേണം പണം. ഭർത്താവിനോട് തർക്കിച്ചിട്ട് കാര്യമില്ല. കൊല്ലത്തിൽ ഒരു മാസമല്ലേ? അതങ്ങിനെ കഴിയട്ടെ.

കഴിഞ്ഞാൽ — അവൾ ജോലിക്കുപോകും.

വയസ്സായി, അവളുടെ അമ്മയ്ക്കും അപ്പനും. എപ്പോഴും വീട്ടിൽത്തന്നെ.

അപ്പനൊരു കാസരോഗിയാണ്. ശുശ്രൂഷിച്ചുകൊണ്ടു അടുത്തുതന്നെ ഇരിക്കണം, അമ്മ.

നാലുപെൺമക്കളും, മൂന്നാൺമക്കളുമുണ്ട്. അവരെല്ലാം പഠിക്കുകയാണ്. മൂത്തകുട്ടികളെ കെട്ടിച്ചുകൊടുക്കാറായി. എട്ടാമത്തേതാണ്, വയററിൽ. അതിന്നും പണം വേണമല്ലൊ. അങ്ങിനെ പലതുമുണ്ട്, അവളെ അലട്ടുന്ന പ്രശ്നങ്ങൾ.

പക്ഷെ, ഇപ്പോൾ അതൊന്നും സാരമില്ല. അവയെക്കാളൊക്കെ വമ്പിച്ച മറെറാരു പ്രശ്നമാണ്, മുമ്പിൽ. മൂന്നാഴ്ചയായി കെട്ടിയോൻെറ കത്തുവരാതെ.

കുറച്ചുമുമ്പ് ഒരു കത്തുണ്ടായിരുന്നു. അതിലൊരു വാർത്ത അവളെ ഞെട്ടിച്ചുകളഞ്ഞു. സ്വന്തം ജീവൻെറ ജീവൻ യുദ്ധത്തിന്നുപോവുകയാണത്രെ. അതിർത്തിയിൽ പാക്കിസ്ഥാനികൾ നമ്മുടെ രാജ്യത്തെ ആക്രമിച്ചിട്ടുണ്ട്. അവരെ എതിർത്ത് ഓടിക്കണം. അടുത്ത ദിവസംതന്നെ അയാളുടെ സംഘവും പുറപ്പെടും. കൂട്ടത്തിൽ കെട്ടിയോനും പോകും.

യുദ്ധമെന്നുകേട്ടാൽത്തന്നെ ഭയമാണ്. അക്കാര്യത്തിൽ ഒരു പട്ടാളക്കാരൻെറ ഭാര്യയാവാൻ പററിയവളല്ല ഏലിക്കുട്ടി. പലപ്പോഴും അയാൾ അവളോടതു പറയാറുണ്ട്. അവളത് സമ്മതിക്കുകയും ചെയ്യും. ഭയപ്പെടാനില്ല. നേരെമറിച്ച് അഭിമാനിക്കാനാണുള്ളത്. അതാണ് മത്തായിയുടെ തുടർച്ചയായ ഉപദേശം. എന്നിട്ടും ഭയം വിട്ടുമാറിയില്ല. അന്നുതന്നെ അവൾ കവർവരുത്തി. സ്വന്തം കൈപ്പടയിൻ മറുപടിയെഴുതി.

"എൻെറ പൊന്നേ, എന്തുവന്നാലും ശരി, യുദ്ധത്തിന്ന് പോകരുത്. എന്നാണേ പോകരുതേ!"

അങ്ങിനെയൊരപേക്ഷയാണതിൽ പ്രധാനം. അതുകൊണ്ട് ഫലമുണ്ടോ? എന്തോ അവൾക്കറിഞ്ഞുകൂടാ. ആ കത്ത് അവിടെ കിട്ടിയോ? കിട്ടാതെ വരുമോ? ആക്കറിയാം? സാധാരണ കിട്ടാറുണ്ട്. അതവൾക്കറിയാം. അത്രതന്നെ.

പിന്നീട് ഇങ്ങോട്ട് കത്തൊന്നുമുണ്ടായില്ല, ആഴ്ച രണ്ടുമൂന്നു കഴിഞ്ഞു, എന്നിട്ടും വന്നില്ല മറുപടികത്ത്.

തൻെറ കത്ത് അവിടെ കിട്ടിയില്ലെന്നു വരുമോ? യുദ്ധത്തിന്ന് പോയ്ക്കളഞ്ഞോ? എങ്കിൽ!

"എൻെറ ഈശോയേ!......"

അതിനപ്പുറം ഓക്കാൻ അവൾക്കു കഴിഞ്ഞില്ല. കണ്ണുകൾ ഇറുകെ അടച്ചുകളഞ്ഞു.

എന്തെല്ലാം ആപത്തുകൾ സംഭവിക്കാം?

പലതും സംഭവിക്കാനിടയുണ്ട്. അത്രമാത്രമേ അറി

ഞ്ഞുകൂട്ട. വ്യക്തമായ ധാരണയില്ല.

യുദ്ധത്തെപ്പററി അന്നൊരിയ്ക്കൽ ചോദിക്കുകയുണ്ടായി. തൻെറ പ്രിയപ്പെട്ടവനോട്. ചൈനായുദ്ധം കഴിഞ്ഞു് ലീവിൽ വന്നപ്പോഴാണ്.

"യുദ്ധം എന്നു പറഞ്ഞാലെന്താണ്?"

ആദ്യമൊക്കെ ഒഴിഞ്ഞുമാറി.

ചൈനായുദ്ധം!

ഹൌ!

ഓക്കമ്പോൾ ഇപ്പോഴും പേടിയാണ്!

എത്ര ദിവസമാണ് ഉറക്കമില്ലാതെ കഴിച്ചു കൂട്ടേണ്ടി വന്നതു്? കെട്ടിയോൻ യുദ്ധത്തിന്നു് പോവുകയാണെന്നറിഞ്ഞതുമുതൽ മനസ്സമാധാനമില്ലാതായി. ആശ്വാസത്തിന്നുവേണ്ടി പലരോടും ചോദിച്ചു, യുദ്ധത്തെപ്പററി.

ഓരോ ആളും ഭയപ്പെടുത്തുന്ന കാര്യങ്ങളാണ് പറഞ്ഞതു്. അപൂർവ്വം ചിലർ പരിഭ്രമിക്കാനില്ലെന്നു പറഞ്ഞു.

ഏതാണ് വിശ്വസിക്കേണ്ടത്?

എന്തായാലും യുദ്ധം നല്ലതിനല്ല. അക്കാര്യം തീർച്ചയാണ്!

അങ്ങിനെയൊരു ബോധം, ഉള്ളിൻെറ ഉള്ളിൽ.

ആപത്തിൻെറ നടുവിലാണ് പട്ടാളക്കാർ. ഏതു നിമിഷവും അപകടം സംഭവിച്ചേയ്ക്കാം. അതിന്നു് യാതൊരു സംശയവുമില്ല, ആരെന്തു പറഞ്ഞാലും. ഈ ബോധം മനസ്സിൽ വേരുറച്ചു. പല ആശങ്കകളും അതിൽനിന്നു്പൊട്ടിത്തെഴുത്തു് പടൎന്നു് പന്തലിച്ചു തുടങ്ങി. അതോടെ മനസ്സിൻെറ സമനിലതെററി. എപ്പോഴും വിചാരങ്ങളും ആശങ്കകളും തന്നെ. ഊണിലും ഉറക്കത്തിലും ഒരുപോലെ. ഒരോ ദിവസവും ഒരോ കൊല്ലമായി മാറി.

ഏതാനും ദിവസങ്ങൾകൊണ്ടു് തടി പകുതിയായി. പലരും അതിനെപ്പററി ചോദിച്ചു. നല്ല സുഖമില്ലെന്നു്മാത്രം പറഞ്ഞു് ഒഴിഞ്ഞുമാറി.

"കെട്ടിയോനെപ്പററിയുള്ള വിചാരാ എപ്പൊ നോക്യാലും!"

പലക്കും അതു് മനസ്സിലാവുന്നുണ്ടു്.

എന്നാലും ചോദിച്ചു പോകും.

"എന്താ ഏലിക്കുട്ടീടെ തടിയിങ്ങനെ ചുരുങ്ങിച്ചുരുങ്ങിവരുന്നതു്?"

"അറിഞ്ഞുകൊണ്ടെന്തിനാ, ഈ ചോദ്യം?"

അങ്ങിനെ ചോദ്യങ്ങൾകൊണ്ടൊരു യുദ്ധം?"

ദിവസങ്ങളെന്നല്ല, നിമിഷങ്ങൾ തന്നെ ഇഴഞ്ഞുനീങ്ങുകയാണുണ്ടായതു്, അക്കാലത്തു്!

അവസാനം, യുദ്ധം കഴിഞ്ഞുവെന്നും അടുത്തുതന്നെ ലീവിൽ വരുന്നുണ്ടെന്നും കാണിച്ചുകൊണ്ടുള്ള കത്തുകിട്ടി. അപ്പോൾ മാത്രമേ ശരിയ്ക്കു് ശ്വാസം വീണുള്ളു.

അന്നൊരു മഹോത്സവമായിരുന്നു, വീട്ടിൽ. യുദ്ധം കഴിഞ്ഞു് തിരിച്ചെത്തിയ ദിവസം! അത്രയധികം സന്തോഷവും ഉത്സാഹവും അതിന്നു് മുമ്പു് വന്നപ്പോഴൊന്നും ഉണ്ടായിട്ടില്ല. ഒരൊററ നിമിഷംകൊണ്ടു് അതുവരെ നഷ്ടപ്പെട്ട ആരോഗ്യം മുഴുവൻ ഒന്നായി വീണ്ടുകിട്ടിയതായി തോന്നി!

ദിവസങ്ങൾ പറന്നുപോവുകയാണുണ്ടായതു്.

യുദ്ധത്തെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ അറിയാനുള്ള വെമ്പൽ ഇടയ്ക്കിടെ തലപൊന്തിച്ചുകൊണ്ടിരുന്നു. സന്തോഷം അതിനെ തള്ളിമാററി നിർത്തി.

ഒരു ദിവസം സന്തോഷം പരാജയപ്പെട്ടു. വെമ്പൽപൂർവ്വാധികം ശക്തിയോടെ പുറത്തുചാടി. യുദ്ധത്തെക്കുറിച്ചു് അറിഞ്ഞേ കഴിയൂ.

"മററുവല്ലതും ചോദിച്ചോ."

—പ്രിയപ്പെട്ടവൻ പറഞ്ഞു.

"ഇപ്പോൾ ഇതാണറിയേണ്ടതു്."

—താൻ വിട്ടില്ല.

"എന്തിന്നാണതൊക്കെ അറിയുന്നത്? വീട്ടുകാരിക്കെന്തിനു് നാട്ടുകാര്യം? അതു് വേണ്ടുന്നവർ അറിഞ്ഞാൽ പോരെ? എൻെറ ഏലിക്കുട്ടി യുദ്ധം ചെയ്യാൻ പോകുന്നില്ലല്ലോ."

—വിഷാദസ്വരത്തിലായിരുന്നു, ഉത്തരം;

ആ സ്വരഭേദം ജിജ്ഞാസ വർദ്ധിപ്പിക്കുകയാണുണ്ടായതു്.

"ഏലിക്കുട്ടി യുദ്ധം ചെയ്യാൻ പോകുന്നില്ലേലും, ഏലിക്കുട്ടീടെ കെട്ടിയോൻ പോകുന്നൊണ്ടല്ലോ."

അതിന്നു മുമ്പിൽ മത്തായി മുട്ടുകുത്തി.

പറയാതിരിക്കാനൊക്കുമോ? പറഞ്ഞാലോ? അവിടത്തെ സ്ഥിതികളോർത്തു് വിഷമിക്കും. അതുകൊണ്ടാണു് ഒഴിഞ്ഞുമാറാൻ ശ്രമിച്ചതു്. പക്ഷെ, വിടാനുള്ളമട്ടല്ല.

ഭർത്താവ് പോകുന്നേടത്ത് എങ്ങിനെയാണ് കഴിച്ചുകൂട്ടുന്നത്? അവിടെ എന്തെല്ലാം നടക്കും? എന്തൊക്കെയാണവിടത്തെ സ്ഥിതിഗതികൾ? അതെല്ലാം എത്രത്തോളം തന്നെ ബാധിക്കും? അതിൻെറ ഫലമെന്താവും? ഇതെല്ലാം വേർപിരിഞ്ഞു കഴിഞ്ഞുകൂടേണ്ടിവരുന്ന ഭാര്യമാരെ അലട്ടുന്ന പ്രശ്നങ്ങളാണ്. പലപ്പോഴും അറിയുന്നേടത്തോളമായിരിക്കും മനസ്സമാധാനം. വിശേഷിച്ചും എലിക്കുട്ടിയുടെ കാര്യത്തിൽ. ഒന്നറിയണമെന്നു് തോന്നിയാൽ അറിഞ്ഞേ കഴിയൂ. കുട്ടികളെപ്പോലെയാണ് ജിജ്ഞാസയിൽ.

"എന്തായാലും എന്നോട് എല്ലാം തുറന്നു പറയണം."

—ഏലിക്കുട്ടി നിർബ്ബന്ധിച്ചു.

അപ്പോൾ ചെറിയൊരു വിവരണം നല്കി.

യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ പട്ടാളക്കാർക്ക് അസ്വാസ്ഥ്യമായി. ഏതു നിമിഷവും കല്പനവന്നേയ്ക്കും, യുദ്ധരംഗത്തേയ്ക്കു് മാർച്ച് ചെയ്യാൻ. എപ്പോഴും ഒരുങ്ങിയിരിക്കണം, രാവും പകലും ഒരുപോലെ.

കല്പന കിട്ടിയാൽ ഉടൻ പുറപ്പെടണം. പോകേണ്ട വഴിയെക്കുറിച്ചോ സ്ഥലത്തെക്കുറിച്ചൊ ചിന്തിച്ചിട്ടു കാര്യമില്ല. ചിലപ്പോൾ കപ്പൽ മറിച്ചിടാൻ പോരുന്ന ഭീമാകാരമായ തിരമാലയും കൊടുങ്കാറ്റും ശ്രദ്ധിക്കാതെകടലിൽക്കൂടിനീന്തേണ്ടിവരും. മററുചിലപ്പോൾ കൊടുങ്കാററും ചുഴലിക്കാററും നിറഞ്ഞ ആകാശ ത്തിലൂടെ പറക്കണം. കൊടുങ്കാടുകളും കൂററൻ മലകളും കയറിയിറങ്ങേണ്ടസന്ദർഭങ്ങളാണധികം. ചാലുകളും പുഴകളും ഇറങ്ങിയും നീന്തിയും കടക്കേണ്ട അവസരങ്ങളുമുണ്ടാവും. അതോ, ഭാരിച്ച ചുമടുകൾ ഭേസിക്കൊണ്ടും. വിശേഷിച്ചും ചൈനയുമായുള്ള യുദ്ധത്തിൽ. മഞ്ഞും തണുപ്പും കാററും മഴയും വെയിലും—ഒന്നും അവിടെ ഒരു പ്രശ്നമല്ല. പ്രതിരോധം, ആക്രമണം-ഇങ്ങനെ രണ്ടേ അവിടെ പ്രശ്നമുള്ളൂ. ഭക്ഷണവും വിശ്രമവും സൌകര്യംപോലെ. അത്രമാത്രം.

തോക്കുകളും പീരങ്കികളും കൊണ്ടാണ് യുദ്ധം. ഇടയ്ക്കു് ബോമ്പുകളും പ്രയോഗിക്കും. അങ്ങിനെ രണ്ടു ഭാഗക്കാരും തീകൊണ്ടാണ് കളിക്കുന്നത്.

അതിന്നിടയിൽ ആർക്കും എന്താപത്തും സംഭവിച്ചേയ്ക്കാം. ചിലരുടെ കണ്ണുകൾ നഷ്ടപ്പെടും. മററു ചിലരുടെ കാലുകൾ. വേറെ ചിലരുടെ കൈകൾ. വെടിയുണ്ടയേററു് പിടഞ്ഞു മരിക്കുന്നതും അസാധാരണമല്ല.

"അയ്യോ! എന്റെ കർത്താവേ! ..."

—മനസ്സിന്നുള്ളിൽ പിടഞ്ഞുകൊണ്ടിരുന്ന ശബ്ദം വെളിയിലേയ്ക്കു ചാടി.

"ഭയപ്പെടേണ്ട. എനിക്കങ്ങിനെയൊന്നും സംഭവിക്കി

ല്ല. ഇതെല്ലാം മററുള്ളവക്ക് സംഭവിക്കാവുന്ന കാര്യങ്ങളാണ്.''

—ചിരിച്ചുകൊണ്ടാണദ്ദേഹം അതു് പറഞ്ഞതു്.

പക്ഷെ, തനിയ്ക്കു് ചിരിവന്നില്ല.

പരിഭവസ്വരത്തിൽ പറഞ്ഞു—

''ഓ! പിന്നെ! പറയുന്നാള് ദേവനല്ല്യോ!''

ദേവന്മാക്ക് മരണമില്ലത്രെ. അങ്ങിനെ ആരോ പറഞ്ഞുകേട്ടിട്ടുണ്ട്. അതാണങ്ങ് പറഞ്ഞുപോയത്.

''ങ്ങാ്! പിന്നൃല്ലാതെ! ഞാനെൻെറ ഏലിക്കുട്ടിയുടെ ദേനല്ല്യോ?''

—ഈ കവിളിൽ നുള്ളിക്കൊണ്ടാണത് പറഞ്ഞത്.

''ഞാൻ മരിക്കുമെങ്കിൽ ഇതിന്നു് മുമ്പേ മരിക്കേണ്ടതാന്നു്. കഴിഞ്ഞ ഇന്ത്യാ ചൈനാ യുദ്ധത്തിൽ എത്ര തവണയാ മരണത്തിൻെറ വായിൽനിന്നു് രക്ഷപ്പെട്ടതെന്നറിയാമോ?

''ങ്ങേ?...എന്നിട്ടെന്തേ എന്നോടതൊന്നും ഇതുവരെ പറഞ്ഞില്ല?''

''എൻെറ ഏലിക്കുട്ടിയെ വേദനിപ്പിക്കേണ്ടെന്നു കരുതിയല്ലേ?

''ങ്ങ് ഹാ! എന്നാലേ, എനി പോവ്വേ, വേണ്ട. ആപ്പീസക്കൊരു കത്തയച്ചേര്, ഇനി അങ്ങോട്ട് വരുന്നില്ലെന്നു്.''

''അതൊക്കില്ല. പട്ടാളത്തിൽ ഒരിക്കൽ ചേന്നുപോയോ എന്നാൽ ചേന്നു തന്നെ. ഇഷ്ടംപോലെ ചേരാനും വിടാനും ഒക്കത്തില്ല, അവർ പോകാൻപറയുമ്പോഴേ പോരാനൊക്കുകയുള്ളു. അല്ലേൽ അറസ്റ്റ്ചെയ്തു കൊണ്ടുപോകും.''

''ഈശോയേ! ഇതു് മുമ്പേ അറിഞ്ഞുകൂടായിരുന്നോ?''

"ചേരുന്ന സമയത്തു് അറിഞ്ഞു. പക്ഷെ, അന്നു് വേറെ പോംവഴിയുണ്ടായിരുന്നില്ല."

"കഷ്ടം!"

താൻമൂക്കിന്മേൽ വിരൽവെച്ചിരുന്നു പോയികുറേനേരം!

ഒടുവിൽ അപേക്ഷാ ഭാവത്തിൽ പറഞ്ഞു—

"ഇദാ, സൂക്ഷിക്കണേ!"

സ്വപ്നത്തിൽനിന്നു് ഉണൎന്നിട്ടെന്നപോലെ അദ്ദേഹം ചോദിച്ചു—

"എന്തു സൂക്ഷിക്കാൻ?

"എന്തും! ഇങ്ങനെ യുദ്ധം ചെയ്യേണ്ടിവരുമെന്നു് അറിഞ്ഞിരുന്നെങ്കിൽ ഞാൻ വിടില്ലായിരുന്നു, പട്ടാളത്തിൽചേരാൻ!'

ചിരിച്ചുകൊണ്ടാണ് ഇങ്ങോട്ടുള്ള ചോദ്യം—

"വേഷം കെട്ടി ഞെളിഞ്ഞുനടന്നു് ശമ്പളം വാങ്ങാനാ പട്ടാളത്തിൽ ചേരുന്നതു്?"

"പട്ടാളത്തിൽ ചേൎന്നാൽ വേറൊന്നും ചെയ്യാനില്ലേ?

അതിന്നു് ഉത്തരമുണ്ടായില്ല.

എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ! വഴിക്കുവഴിയായി അങ്ങോർത്തുപോവുകയാണ്.

എന്തിനാണിങ്ങനെ കഴിഞ്ഞതെല്ലാം ഓർത്തു പോകുന്നതു്?

മറക്കാൻ കഴിയാത്തതുകൊണ്ടുതന്നെ. കഴിഞ്ഞിരുന്നെങ്കിൽ.........എങ്കിൽ എത്ര നന്നായേനേ!

മറന്നുപോവുന്നതു് പലപ്പോഴും ദോഷംതന്നെ. എന്നാൽ ചിലപ്പോൾ ഗുണമാണ്.

മറക്കണമെന്നു തോന്നുന്നതു് മറക്കാനും ഓർമ്മിക്കണമെന്നു് തോന്നുന്നതു് മാത്രം ഓർമ്മിക്കാനും കഴിഞ്ഞിരുന്നെങ്കിൽ!

പക്ഷെ, എന്തുചെയ്യാം? നാം വിചാരിക്കുന്നതുപോലെ യല്ലല്ലോ, ഇത്തരം കാര്യങ്ങൾ.

യുദ്ധകാലത്ത് കത്തയയ്ക്കാൻ പാടില്ലേ? അങ്ങിനെ വല്ല നിയമവുമുണ്ടോ? അക്കാര്യം ഇതേവരെ ചോദിച്ചതുമില്ല.

എന്താണ് വഴി? ഭർത്താവിന്റെ വിവരങ്ങൾ എങ്ങിനെ അറിയും? അറിഞ്ഞാൽത്തന്നെ എന്താണ് പ്രയോജനം? യുദ്ധത്തിന്നു പോയിട്ടുണ്ടെങ്കിൽ! എങ്കിൽ താൻ വിചാരിച്ചാൽ രക്ഷിക്കാൻ സാധിക്കുമോ? കരുണാനിധിയായ കർത്താവുതന്നെരക്ഷിക്കട്ടെ. മററന്തുചെയ്യാം.! അവൾ നിത്യേന മുട്ടുകുത്തി പ്രാർത്ഥിക്കും.

"കർത്താവേ, എന്റെ കെട്ടിയോന്റെ ജീവന്നു യാതൊരാപത്തും......" അതിന്നപ്പുറം ശബ്ദം പൊങ്ങാറില്ല.

എന്നിട്ടും വന്നില്ല, കത്ത്. പിന്നെയെങ്ങിനെ സമാധാനമാകും? തപാൽ വരുന്ന സമയമായാൽ അങ്ങോട്ട് നോക്കിപ്പോകും.

വൈകുന്നേരമായാൽ കത്തും പ്രതീക്ഷിച്ച് ഇരിക്കുക തന്നെ ചെയ്യും.

കുട്ടികൾ സ്കൂളിൽനിന്നുവന്നു. അവർ വിളിച്ചു.

ഏലിക്കുട്ടി അറിഞ്ഞതേയില്ല. വീണ്ടും അവരുടെ വിളി തന്നെ.

"ശല്യങ്ങൾ"!

അവളറിയാതെ ദേഷ്യപ്പെട്ടുപോയി.

അമ്മൂമ്മ അവരെ അകത്തേക്കു വിളിച്ചു. ആ വൃദ്ധക്കറിയാം മകളുടെ മനോവേദന.

കുട്ടികൾ അങ്ങോട്ടുപോയി.

പെട്ടെന്നു് ആ മുഖം വികസിച്ചു.

തപാൽ ശിപായി! കയ്യിൽ കത്തുകളും മററുമുണ്ട്.

ഹാവൂ! എത്രനാളായി കത്തുകണ്ടിട്ട്. അവൾ പിടഞ്ഞെഴുന്നേററു. മുററത്തേക്കിറങ്ങി.

ങ്ങേ? അയാളെന്താണ് റോഡിൽത്തന്നെ ശയിച്ചു നി ല്ക്കുന്നതു്? കത്തില്ലെന്നുവരുമോ?

മഹാപാപി! എന്നാൽപ്പിന്നെ ഈ വഴിക്കുവരണോ?

ആരെയെങ്കിലും കാത്തുനില്ക്കുകയായിരിക്കാം. അതേ, ആ വരുന്ന ആളോട് എന്തോ ചോദിക്കുന്നുണ്ടു്. അയാൾ ഇങ്ങോട്ടുതന്നെ തിരിഞ്ഞു. പുതിയ ആളാണല്ലോ. മാററമാ യി വന്നതായിരിക്കാം. മേൽവിലാസം അന്വേഷിച്ചറിയാ നാണ് അവിടെ നിന്നതു്. എന്തൊരു വിഷമമാണ്, മാററ മായി വന്നാൽ! ഏലിക്കുട്ടിക്കു് അയാളുടെ നേരെ സഹതാ പം തോന്നി.

ഏതായാലും ഇന്നു് കത്തുണ്ടു്; തീർച്ച. അവൾ സന്തോ ഷത്തോടെ മുമ്പോട്ടുനടന്നു.

"മാററപ്പള്ളിൽ ശോശാമ്മ മകൾ ഏലിക്കുട്ടി ആരാ?" അയാൾ ചോദിച്ചു.

"ഞാൻ തന്നെ" അവൾ പൂർവ്വാധികം സന്തോഷത്തോ ടെ പറഞ്ഞു.

"ഒരു കമ്പിയുണ്ട്"

"ങ്ങേ്? കമ്പിയൊ?"

അവളൊന്നു ഞെട്ടി. മനസ്സിലൂടെ ഭയാശങ്കകൾ കൂട്ട ത്തോടെ പറന്നുപോയി.

"ഇതിലൊരൊപ്പുവേണം"

നിമിഷങ്ങളോളം ഇടിവെട്ടേററതുപോലെ നിന്നുപോ യി.

അവൾ ചലിക്കുന്ന പ്രതിമപോലെ തിരിഞ്ഞുനടന്നു. അയാൾ കോലായിൽവെച്ചുകൊടുത്തു. പേന നീട്ടി. അവള തു വാങ്ങി ഒപ്പിട്ടു. എല്ലാം യാന്ത്രികമായാണ് നടന്നതു്.

ശോശാമ്മ കോലായിലേക്കു വന്നു.

"അതൊന്നു് വായിച്ചേരു്" അവർ പറഞ്ഞു.

പുറകെ മക്കളും എത്തി.

കമ്പിശിപായി തിരികെ വാങ്ങി വായിച്ചു

മത്തായി മരിച്ചു!

“ഹെയ്യോ”—

ഏലിക്കുട്ടി പുറകോട്ടു ചാഞ്ഞു!

ശിപായി പരിഭ്രമിച്ചു.

“ഹെയ്യോ! മോളേ!”

ശോശാമ്മ മുമ്പോട്ടു കുതിച്ചു.

ഏലിക്കുട്ടിയോടൊപ്പം ആ അമ്മൂമ്മയും ചവിട്ടുപടിയിൽക്കൂടി ഉരുണ്ടു വീണു.

മക്കളെല്ലാം പാഞ്ഞെത്തി! ഒരു കൂട്ടനിലവിളിതന്നെ.

ആളുകൾ ഓടിക്കൂടി. അയൽ വീടുകളിൽനിന്നും, നിരത്തിൽ നിന്നും ക്രിസ്ത്യാനികളും, ഹിന്ദുക്കളും, മുസ്ലീമിങ്ങളും അക്കൂട്ടത്തിലുണ്ട്. ആകപ്പാടെയൊരു ബഹളം.

ആ ഗർഭിണിയും തള്ളയും വീണുകിടക്കുകയാണ്. ചവിട്ടു കല്ലിൽ തലവെച്ചടിച്ചിട്ടുണ്ട്. അവിടെ ഒരു രക്തക്കളം രൂപംകൊണ്ടുകഴിഞ്ഞു.

കുട്ടികൾ തലയ്ക്കടിച്ചു നിലവിളിതന്നെ!

“അമ്മേ!”

“അമ്മൂമ്മേ!”

ആ കുഞ്ഞുങ്ങൾ മാറിമാറി ഉരുട്ടിവിളിച്ചു. യാതൊരനക്കവുമില്ല.

ആളുകൾ മുഴുവൻ പരിഭ്രാന്തരായി!

എന്താണ് വേണ്ടതു്?

ആർക്കും ഒരു രൂപവുമില്ല.

അതിന്നിടയിൽ, ബഹളം കേട്ടവന്ന ഒന്നുരണ്ടു സ്ത്രീകളും ബോധംകെട്ടു വീണു.

കമ്പി ശിപായി തരിച്ചുനിന്നുപോയി!

ഒരു സ്ത്രീ ധൈര്യമവലംബിച്ചു മുമ്പോട്ടുവന്നു. കമിഴ്ന്നടിച്ചാണ് ഗർഭിണിയായ ഏലിക്കുട്ടിയുടെ കിടപ്പ്. രക്തത്തിൽ മുങ്ങിക്കിടക്കുന്ന ഉടുതുണി അല്പം നീക്കി.

ഒരു ചോരക്കുഞ്ഞ്!

അതും ചലനമററു കിടക്കുകയാണ്.

ആ സ്ത്രീയിൽ ഭയവും പരിഭ്രമവും തള്ളിക്കയറി.

"അയ്യോ!"

—അവളും പുറംകാട്ടു ചാഞ്ഞു! അപ്പോഴേക്കും ആരോ താങ്ങിപ്പിടിച്ചു!

കുട്ടികൾ പൊട്ടിപ്പൊട്ടിക്കരഞ്ഞു തുടങ്ങി!

ആ കണ്ണുനീർക്കണങ്ങൾ ചോരക്കളത്തിന്നടുത്ത് തീക്കട്ടകളായി രൂപാന്തരപ്പെട്ടു!!

# വിവാഹാലോചന

"ങ്ഹാ! നിനക്കെന്നെത്തന്നെവേണം അല്ലേ?"

അങ്ങിനെ ചോദിച്ചേനെ, മററാരും ഉണ്ടായിരുന്നില്ലെങ്കിൽ! ചോദ്യം നാവിൻെറ തലയ്ക്കൽവരെഎത്തിയതാണ്. പുറത്തേക്ക് ചാടിയില്ലെന്നേയുള്ളു.

അതിൽ അത്ഭുതത്തിന്നവകാശമില്ല. ആ മുഖംകണ്ടാൽ അങ്ങിനെ ചോദിച്ചുപോകും.

ആശകളങ്ങിനെ ഇടതിങ്ങിനില്ക്കുകയാണ്, ആ കടാക്ഷങ്ങളിൽ! പ്രതീക്ഷകൾ അവയിലെല്ലാം മൊട്ടിട്ടുനില്ക്കുന്നുണ്ട്. അമളിപിണയാഞ്ഞതാണ് ആശ്ചര്യം!

അതിന്നിടയിൽ ഭാസ്കരൻ തുടയിന്മേലൊന്നു തട്ടി. താൻ ഞെട്ടിപ്പോയി! അമ്പരപ്പോടെ തിരിഞ്ഞുനോക്കി.

അപ്പോഴേക്കും അകത്തുനിന്നൊരു ചിരി. അത്കണ്ടിട്ടായിരിക്കുമോ? ആകെ തരിച്ചുപോയി! അമർത്തിയ സ്വരത്തിലാണ്. പോരത്തതിന്നു് വളകിലുക്കത്തിൻെറ മാധുര്യവുമുണ്ട്. അങ്ങിനെ സമാധാനിച്ചു, തല്ക്കാലം. മറെറന്തുചെയ്യാൻ? കഴിയേണ്ടതു കഴിഞ്ഞില്ലേ?

പക്ഷേ, ഒരു സംശയം. പരിഹാസത്തിൻെറ കൈപ്പില്ലേ, അതിൽ?

ആട്ടെ. എന്നാലും സാരമില്ല. അതിന്നുമുണ്ടൊരു മാധു

ര്യം! പെൺകൊടികളുടെ പരിഹാസമല്ലേ? അതു് കാതും കരളും കുളിർപ്പിക്കുകയേയുള്ളു. അഥവാ, തൻെറ അനുഭവം അതാണ്.

സ്നേഹിതൻെറ മുഖത്തും ഒരു കള്ളച്ചിരി പൊട്ടിവിടരുന്നുണ്ട്.

അതൊന്നും സാരമില്ല. കാരണവര് കണ്ടോ? അതാണ് പരിഭ്രമത്തിന്നു കാരണം. എങ്കിൽ മോശമല്ലേ? അദ്ദേഹത്തെ ഒന്നു സൂക്ഷിച്ചുനോക്കി.

ഇല്ല. മൂപ്പരുടെ ശ്രദ്ധമുഴവൻ പഞ്ചാംഗത്തിലാണ്. കണ്ണും, കാതും, കരളും എല്ലാം അതിൽത്തന്നെ. നല്ല മുഹൂർത്തം ആരായുകയാണ്, അദ്ദേഹം. അക്കാര്യത്തിൽ ജ്യോത്സ്യനൊന്നും ആവശ്യമില്ലെന്നാണ് മൂപ്പരുടെ ഭാവം.

വാസ്തവം പറയട്ടെ, അതുകണ്ടപ്പോൾ വലിയ ആശ്വാസമായി!

അതുവരെ, ഒരവിശ്വാസിയായിരുന്നു, താൻ. പഴഞ്ചൻ ആചാരങ്ങളെയെല്ലാം പുച്ഛിക്കുകയാണ് പതിവ്.

പക്ഷെ, ആ ഘട്ടത്തിൽ അഭിപ്രായംമാറി. മനുഷ്യനായാൽ ചില വിശ്വാസങ്ങളെല്ലാം വേണം. അന്ധവിശ്വാസങ്ങളായാലും തരക്കേടില്ല. കാരണം അതാണ് തന്നെ ആ അവസരത്തിൽ രക്ഷിച്ചത്. പഞ്ചാംഗത്തിലായിരുന്നില്ല, കുറുപ്പിൻെറ ശ്രദ്ധയെങ്കിൽ!

പക്ഷെ, തനിക്കറിയാം, ഈ കണ്ണുകൾ കുസൃതികളാണെന്നു്. എവിടെയെങ്കിലും പെണ്ണുങ്ങളുണ്ടോ എന്നു് സംശയം തോന്നിയാൽ മതി. ഉടനെത്തന്നെ അങ്ങോട്ടു് ചാടിവീഴും അവയുടെ സ്വഭാവമാണതു്. വിശേഷിച്ചും തൻെറ കണ്ണുകളുടെ! അവ, പെണ്ണുങ്ങളുള്ള സ്ഥലം മണത്തറിയും! അതുനിമിത്തം പലപ്പോഴും വഷളാവേണ്ടിവന്നിട്ടുണ്ടു്. അതിനാൽ മുമ്പേതന്നെ എടുത്തിരുന്നു, കരുതൽ നടപടികൾ.

എങ്കിലും ആ സൌഭാഗ്യവതിയെ ഒന്നു കാണണം. ആ

ദ്യം മുതലേയുള്ള ആഗ്രഹമാണത്.

പോരാത്തതിന്നു് സുധാകരൻ ഏല്പിച്ചിട്ടുമുണ്ടു്. അവൻ പഠിക്കുമ്പോൾ കണ്ടതേയുള്ളുവത്രേ. രണ്ടുമൂന്നു കൊല്ലമായി. ഇപ്പോൾ എങ്ങിനെയിരിക്കും? കുറേ തടിച്ചിരിക്കുമോ? ഈ പെണ്ണുങ്ങളെ വിശ്വസിക്കാൻ കൊള്ളില്ല. കല്യാണപ്രായമായാൽ വേഗം വേഗം വീർത്തുതുടങ്ങും. അതുകൊണ്ടു് അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

അതിന്നുള്ള അവസരവും പാർത്തിരിക്കയായിരുന്നു, താൻ. പെട്ടെന്നുണ്ടു് പറയാനൊക്കുമോ, കുട്ടിയെ തനിക്കൊന്നു കാണണമെന്നു്. ഒരു പക്ഷെ ഇഷ്ടപ്പെട്ടില്ലെങ്കിലോ? മോശമല്ലേ? കാര്യം നേടുകയുംവേണം. എന്താണു് വഴി?

ചായകൊണ്ടുവെച്ചതു് അവളായിരുന്നെങ്കിൽ. ആശിച്ചതാണതു്. പ്രത്യേകമൊരു രുചികൂടി അതിനു് ഉണ്ടാകുമായിരുന്നു. പഞ്ചസാര ചേർത്തില്ലെങ്കിൽപോലും!

പക്ഷെ, അതുണ്ടായില്ല. പകരം ആ വെപ്പുകാരൻ ചെറുക്കനെയാണു് കെട്ടിയെഴുന്നെള്ളിച്ചതു്! അതോ, വൃത്തികെട്ടൊരു ചെറുക്കനും!

അവിടെയുള്ളവരോടെല്ലാം വെറുപ്പാണുണ്ടായതു്. എല്ലാററിനേയും ശപിച്ചു ഭസ്മമാക്കിയേനേ! അതിനുള്ള കഴിവുണ്ടായിരുന്നെങ്കിൽ! മറെറന്തുചെയ്യും. ഔചിത്യബോധമില്ലാത്തവരായാൽ!

ആദ്യംമടിച്ചതാണു്. കഴിയില്ല, സൊല്ലയെന്നുവെച്ചു്. ഈ വകകാര്യങ്ങളിൽ പരിചയം തീരെയില്ല. ആദ്യമായി പുറപ്പെട്ടതാണു്. എങ്ങിനെയൊക്കെയാണു് വേണ്ടതെന്നു് അറിഞ്ഞുകൂടാ.

സ്വന്തം കാര്യം തന്നെ നടത്തിയതു് അമ്മാമനാണു്. കുട്ടിയെ താൻ കണ്ടിട്ടുപോലുമില്ല. അമ്മാമൻ നിശ്ചയിച്ചു. മരുമകൻ കഴിക്കുകയും ചെയ്തു. അത്രതന്നെ. പതിനാറാമത്തെ വയസ്സിലാണതു് നടന്നതു്, അതെ, സ്കൂളിൽ പഠിക്കുന്ന അവസരത്തിൽ.

താനൊരു നാണംകുണുങ്ങിയായിരുന്നു, അന്നൊക്കെപ്പെൺകുട്ടികളുടെ മുഖത്തു് നോക്കുകപോലുമില്ല!

പക്ഷെ, കോളേജിലെത്തിയപ്പോൾ മട്ടുമാറി. പെൺപിള്ളാരുടെ മുഖത്തുനിന്നു കണ്ണെടുക്കാതായി! പ്രത്യേകമായ ഉദ്ദേശമൊന്നും ഉണ്ടായിട്ടല്ല. ഒരു രസം—അത്രതന്നെ! സഹപാഠികളെ അനുകരിച്ചുവെന്നേയുള്ളൂ.

അവരുടെ സൌന്ദര്യം നേരിൽ കണ്ടാസ്വദിക്കും പകൽ മുഴുവൻ. രാത്രിയായാൽ ഭാവനയിലും! ഫലമോ, പരീക്ഷയിൽ തുടർച്ചയായ പരാജയവും.

കോളേജ്കുമാരികളുടെ കുസൃതിച്ചിരിയിലും കൌതുകമേ തനിക്കു് തോന്നിയിട്ടുള്ളൂ. എന്നിട്ടും ഒരു സഹതാപം പോലും അവർക്കുണ്ടായില്ല. അതല്ലേ, സങ്കടം?

വലിയ വലിയ കൊലകൊമ്പന്മാർ തങ്ങൾക്കുവേണ്ടി കാത്തിരിപ്പുണ്ടെന്നാണു് ഓരോന്നിന്റേയും ഭാവം! ധിക്കാരത്തിനും വേണ്ടേ, ഒരതിരൊക്കെ?

സ്വന്തം ജീവിതേശ്വരി തന്നെയായി വരിച്ചിട്ടുണ്ടു്, താൻ പലരേയും. പക്ഷെ, ഭാവനയിലാണെന്നുമാത്രം! അവരതു് ഗൌനിച്ചില്ല. കാര്യം ശരിതന്നെ. അതിനു് താനാണോ ഉത്തരവാദി?

അവരെ ആകർഷിക്കുവാൻ വേണ്ടി വളരെയധികം 'മെനക്കെട്ടിട്ടുണ്ടു്. അമ്മാമന്റെ പണം ധൂർത്തടിച്ചതിന്നു് കയ്യും കണക്കുമില്ല. അതോ സ്വയം ഒരു സുന്ദരക്കുട്ടനാവാൻ വേണ്ടിയും!

എന്നാൽ അതിലും പരാജയമാണുണ്ടായതു്. തന്റെ യോഗം! മറ്റെന്തു പറയട്ടെ!

ഒരു യാഥാർത്ഥ്യം തുറന്നു പറയാതിരിക്കാൻ വയ്യ. അന്നൊക്കെ കേവലം ബ്രഹ്മചാരിയായിരുന്നു. സ്വന്തം ശ്രീമതിയെ സംബന്ധിച്ചേടത്തോളം. വേണമെങ്കിൽ 'മനസാ വാചാ കർമ്മണാ' എന്നുകൂടി ചേർത്തോളൂ. വിരോധമില്ല.

പക്ഷെ, യോഗികളുടെ നിലയ്ക്കല്ലേ! താൻ മനസാവരിച്ച കോളേജുകുമാരികളായിരുന്നെങ്കിൽ—! പലപ്പോഴും അങ്ങിനെ ആശിച്ചിട്ടുണ്ട്. എന്തുചെയ്യാം? വരേണ്ടതു വന്നുകഴിഞ്ഞു. ഉപേക്ഷിക്കാനൊക്കുമോ? കാലംഇതല്ലേ?

അമ്മായിക്കൊരാളുവേണം, സഹായത്തിന്നു്. അതിന്നു അവർക്കിഷ്ടപ്പെട്ട ആൾതന്നെ ആയാലേ പററൂ. അമ്മാമന്റെ ആജ്ഞകൂടിയാണതു്. താൻ അനുസരിച്ചുവെന്നുമാത്രം!

തറവാട്ടുകാരി തന്നെയാണ് അവളും. പക്ഷെ, വിദ്യാഭ്യാസം കഷ്ടിയാണ്. പരിഷ്കാരം തൊട്ടുതെറിപ്പിച്ചിട്ടുകൂടിയില്ല. തനി 'കൺട്രി'യാണ്, പട്ടണപ്പിരട്ടുകളെന്താണെന്നറിഞ്ഞുകൂടാ. താനാണെങ്കിലോ, അവയുടെ മദ്ധ്യത്തിൽ കഴിഞ്ഞുകൂടുന്നവനും.

ഒരു പാവം പെണ്ണു്. അത്രതന്നെ.

അവസാനം അവളോട് ഒരുതരം സഹതാപം തോന്നിത്തുടങ്ങി.

അവളുടെ സ്നേഹം നിറഞ്ഞ പെരുമാററമാണതിന്നു് പ്രധാനകാരണം. അതുതന്നെ അമ്മാമന്റെ മരണത്തിനുശേഷമാണേ! അക്കാര്യത്തിൽ മൂപ്പക്ക് പശ്ചാത്താപംതന്നെ ഉണ്ടായിരുന്നുവത്രെ! കുടുംബഭാരം ചുമലിലായതോടുകൂടി താൻ അവളുമായി അടുത്തു. അഥവാ, കുടുംബകാര്യങ്ങൾ രണ്ടുപേരെയും അടുപ്പിച്ചു. പ്രസവിക്കാത്ത അമ്മായിക്കു് തങ്ങളായിരുന്നു മക്കൾ. ചെറുപ്പത്തിന്റെ ചോരത്തിളപ്പുള്ള കാലമാണതു്. അങ്ങിനെ എന്തൊക്കെയോ സംഭവിച്ചുവെന്നുമാത്രം!

ഇപ്പോൾ രണ്ടുമൂന്നു് കുട്ടികളുടെ അച്ഛനാണ്, ഈയുള്ളവൻ. എന്നാലും ചോരത്തിളപ്പിന്നു് യാതൊരു കുറവുമില്ല.

പക്ഷെ, ശ്രീമതി ഒരു സ്ഥിരം രോഗിണിയായി മാറിയിരിക്കുകയാണിപ്പോൾ. രണ്ടുമൂന്നു കൊല്ലത്തോളമായി. പല ചികിത്സകളും നോക്കി. പറയത്തക്ക പ്രയോജനമൊന്നുമുണ്ടായില്ല. പൂർണ്ണമായ ആരോഗ്യംകൈവന്നിട്ടേ ഗർഭധാരണം പാടുള്ളുവത്രെ. ഇടയ്ക്കൊരു ഡോക്ടർ അങ്ങിനെയും തട്ടിവി

ട്ടു. അതിനാൽ അക്കാര്യത്തിൽ വലിയ ഭയമാണവൾക്കു്.

മറെറാരുത്തിയെ കൊണ്ടുവന്നാലോ? ആലോചിക്കായ്ക യല്ല. മൂന്നെണ്ണത്തിന്റെ പിതാവായിപ്പോയില്ലേ, നിർഭാഗ്യവശാൽ! ആളുകൾ എന്തുപറയും!

അധികം പുറത്തിറങ്ങി നടക്കാൻതന്നെ പാടില്ല. അതാണവളുടെ ആശയം. ആരെങ്കിലും തട്ടിക്കളെയുമോയെന്ന ഭയമുണ്ടാവാം. അന്തസ്സിൽ നടക്കുന്നതുതന്നെ കണ്ടുകൂടാ. അപ്പോഴേക്കും അവളുടെ ഭാവം മാറും.

വെറുതെയല്ല. പെണ്ണുങ്ങൾക്കെല്ലാം വലിയ കാര്യമാണ്, തന്നെ. വീട്ടിൽ വരുന്ന പെണ്ണുങ്ങളുടെയെല്ലാം കണ്ണുകൾ തന്റെ നേരെ കുതിക്കുമത്രെ! അവളുടെ സ്ഥിതിയാണെങ്കിൽ ഭേദമാവുന്ന മട്ടുമില്ല. തന്റെ ആരോഗ്യത്തിനൊ യാതൊരു കുറവുമില്ലതാനും. തിരനീങ്ങിയിട്ടു് കടലിൽ കുളിക്കാമെന്നുവെച്ചു കാത്തിരിക്കുകയാണ്. പഴയസൗകുമാര്യവും നശിച്ചിട്ടില്ല. താനിന്നും ഒരുസുന്ദരക്കുട്ടൻതന്നെ. തന്റെ അചഞ്ചലമായ വിശ്വാസമാണതു്. അപ്പോൾ അങ്ങിനെയൊരു ഭയം അവൾക്കുണ്ടായതിൽ എന്താണത്ഭുതം? അവൾക്കും അരുമസന്താനങ്ങൾക്കും താൻ നഷ്ടപ്പെടുകയാണെങ്കിലോ? ആ പതിവ്രത അതെങ്ങിനെസഹിക്കും?

പക്ഷെ, സുധാകരന്റെ കാര്യത്തിൽ ഒഴിഞ്ഞുമാറാൻ പററില്ല. ആത്മമിത്രങ്ങളാണെന്നാണ് വെപ്പ്. പല കാര്യങ്ങളും അവനെക്കൊണ്ടു് നേടാറുണ്ടു്. അപ്പോൾ അവന്റെ ഈയ്യൊരാവശ്യം എങ്ങിനെ നിഷേധിക്കും?

മററാരും ഇക്കാര്യത്തിന്നു് പററുകയില്ലത്രെ. അവന്നു വിശ്വാസമില്ല. വിവാഹദല്ലാളികളുടെ പേരുകൂടി കേട്ടുകൂടാ. അവരൊക്കെ വഞ്ചകന്മാരും ചൂഴകന്മാരുമാണ്. അതാണ് അങ്ങോരുടെ അഭിപ്രായം.

തനിക്കാണെങ്കിൽ ഇതുവരെ ഒരു കല്യാണാലോചനയ്ക്കു പുറപ്പെടേണ്ടിവന്നിട്ടില്ല. പൊതുവെതാല്പര്യമില്ലാത്തവിഷയമാണതു്. സമയവും സൗകര്യവും കുറവാണുതാനും. ഗൃഹഭരണം പിരടിക്കുവീണാൽ നടക്കുമോ, മററുവല്ലതും?

എങ്കിലും ഒഴിപൊട്ട കണ്ടതുപ്രകാരംതന്നെ പുറപ്പെടേണ്ടി വന്നു. എന്നാൽ തനിക്കറിയുമോ, കുറുപ്പിൻെറ നാട്ടം വീട മൊക്കെ? അദ്ദേഹത്തെ കണ്ടിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. തറവാടിയായൊരു കൃഷ്ണക്കുറുപ്പ്. അതാണ് അദ്ദേഹത്തെക്കുറിച്ചുള്ള അറിവ്.

ഈയുള്ളവനും അങ്ങിനെയുള്ളൊരു വ്യക്തിയാണല്ലൊ. ചെറുപ്പമാണെങ്കിലെന്ത്? ചെറുപ്പമല്ലേ, വലുപ്പമാവുന്നതു്. ഏതായാലും 'ആലോചിക്കാൻ' പോകുന്നതിൽ ഔചിത്യക്കുറവില്ല. പക്ഷെ പരാശ്രയം കൂടാതെ വയ്യതാനും.

എന്താണ് പോംവഴി? ആലോചിച്ചു, കുറേനേരം. അപ്പോഴാണ് ഭാസ്കരനെക്കുറിച്ച് ഓർമ്മവന്നതു്. പഴയ ചങ്ങാതിയാണ്. ഒപ്പം പഠിച്ചിട്ടുമുണ്ട്. കൃഷ്ണക്കുറുപ്പിൻെറ അടുത്ത ബന്ധുവാണത്രെ. പിന്നെ താമസമുണ്ടായില്ല. ചെന്നു പിടികൂടി. ആദ്യംമൂപ്പരും മടിച്ചു. സാധാരണക്കാർ മടിക്കുന്നൊരു കാര്യമാണ് വിവാഹാലോചന. അതിന്നു് പുറപ്പെട്ടാൽ ആകാശം മുഴവൻ ഇടിഞ്ഞുവീഴുമെന്നു് തോന്നും, അവരുടെ ഭാവം കണ്ടാൽ. അക്കൂട്ടത്തിൽപെട്ടവനല്ല ഈയുള്ളവൻ. സൗകര്യക്കുറവുകൊണ്ട് ആദ്യം മടിച്ചുവെന്നേയുള്ളൂ. പുറപ്പെട്ടാൽ പുറപ്പെട്ടതുതന്നെ. കാര്യം നേടിയേമടങ്ങൂ. ഏതൊരു കാര്യത്തിലുമുള്ള വ്രതമാണത്.

ഒടുവിൽ ആ പെരുമടിയനേയും കുത്തിപുറപ്പെടുവിച്ചു.

അങ്ങിനെ, സുധാകരൻെറ ഭാവി വധൂഗൃഹത്തിലെത്തി. രാവിലെ പത്തുമണിക്കുമുമ്പുതന്നെ.

അവിടെത്തന്നെ ഉണ്ടായിരുന്നു കൃഷ്ണക്കുറുപ്പ്. എതിരേല്ക്കാൻ ഒരുങ്ങിനില്ക്കുന്നതുപോലെ.

അദ്ദേഹമാണത്രെ, അവിടുത്തെ തറവാട്ടുകാരണവരും, കൈകാര്യകർത്താവും, മററും മററും. കാഴ്ചയിൽത്തന്നെ ആളൊരു യോഗ്യനാണ്. അദ്ദേഹത്തിൻെറ മകളാണ് സുധാകരൻെറ ഭാവനാദൈമി. കോമളം അതാണത്രെ, പേരു്. ആ കോമളരൂപത്തെ സങ്കല്പത്തിൽആലിംഗനംചെയ്തുകൊണ്ട് കഴിയുകയാണ് പാവം. യഥാർത്ഥ്യമാവണം അവൻെറ

സങ്കല്പം. തന്നിലാണിതിന്റെ പിറവി. കാര്യം സാധിച്ചാൽ അതൊരു അഭിമാനമാണല്ലോ. പോരാത്തതിന്നു് അതിന്റെ "കേറോഫിൽ' സുധാകരനെക്കൊണ്ടു് പല കാര്യങ്ങളും നേടുകയും ചെയ്യാം. കുറുപ്പിന്റെ സാന്നിദ്ധ്യംതന്നെ ഒരു ശുഭലക്ഷണമായി കരുതി.

വലിയആമുഖമൊന്നും കൂടാതെതന്നെ വിഷയത്തിലേയ്ക്കു് പ്രവേശിച്ചു.

അപ്പോഴല്ലേ ഉള്ളുകള്ളികൾ ഓരോന്നായി വെളിക്കുചാടിയതു്! ഈ ആലോചന കുറേമുമ്പുതന്നെ തുടങ്ങിയതാണത്രെ. പക്ഷെ, ഫലിച്ചില്ലപോയി. കാരണം ഇടയ്ക്കുനിന്നതു് ഒരു ദല്ലാളിയാണ്.

സുധാകരന്റെ ബന്ധുവാണെന്നും പറഞ്ഞാണത്രെ വന്നതു്. എന്നാൽ ക്രമേണ ചെമ്പു പുറത്തായിത്തുടങ്ങി. അവരുടെ കാര്യമല്ല, അയാൾക്കു പ്രധാനം സ്വന്തംകാര്യമാണ്. കുറെ പരിശ്രമിച്ചുനോക്കി. കിട്ടാനൊന്നുമില്ലെന്നു കണ്ടപ്പോൾ ഒഴിഞ്ഞു. മുന്തിരിങ്ങായ്ക്കു ചാടിയ കുറുക്കനെപ്പോലെത്തന്നെ!

അപ്പോഴാണ് മനസ്സിലായതു്, വെറുതേയല്ല സുധാകരൻ ദല്ലാളിവിരുദ്ധനായതെന്നു്! അവനൊരു 'ദല്ലാളിവിരുദ്ധസംഘം' രൂപീകരിച്ചിരുന്നെങ്കിൽ കുറുപ്പും അതിലൊരു നേതാവായേനെ! എങ്കിൽവയററത്തടിച്ചു ചാവേണ്ടിവരുമായിരുന്നു, പാവങ്ങൾ. അതൊന്നും സംഭവിക്കാഞ്ഞതു്ദല്ലാളികളുടെ തറവാട്ടു് സുകൃതം തന്നെ!

സംഭാഷണത്തിനിടയ്ക്കുതന്നെ കാലിൽ തടഞ്ഞിരുന്നു തേടിയവള്ളി. സുധാകരന്റെ പ്രധാന നിർദ്ദേശം പാലിക്കാൻകിട്ടിയ സന്ദർഭം! കേവലം അപ്രതീക്ഷിതമാണതു്.

എന്തോ സംസാരിച്ചുനിർത്തിയ അവസരത്തിൽ ഒരു വളകിലുക്കംകേട്ടു. ആ ഭാഗത്തേയ്ക്കുനോക്കി. വാതില്ക്കൽ പ്രത്യക്ഷപ്പെട്ടിരിക്കയാണ്, ആ സൗന്ദര്യധാമം.

കോമളം തന്നെയായിരിക്കുമോ? അവൾക്കല്ലേ, ജിജ്ഞാസയ്ക്കവകാശം?

ഒരു കോമളംതന്നെയാണവൾ. അക്കാര്യത്തിൽ സംശയമില്ല. സുധാകരൻ പറഞ്ഞ ലക്ഷണങ്ങളെല്ലാം ഒത്തു നോക്കി. എല്ലാം ചേരുന്നുണ്ട് മിക്കവാറും. പോരാത്തതിന്ന് അവൾക്ക് രണ്ടുകൊല്ലത്തെ പഴക്കവുമുണ്ടല്ലോ. ശരി, സാക്ഷാൽ കോമളംതന്നെ. തടി വീർത്തിട്ടുണ്ടോ? അതാണ് പ്രധാന നിരീക്ഷണ വിഷയം. പ്രത്യേകം ശ്രദ്ധിച്ചു. ഇല്ല. സമാധാനമായി. അവിടെനിന്നും മുഖംതിരിച്ചുകളഞ്ഞു. ഒരു നിത്യബ്രഹ്മചാരിയുടെ ഭാവത്തോടെ! അങ്ങിനെ എത്രയെങ്കിലും നോക്കാമോ? മോശമല്ലേ? ശ്രദ്ധയെ സംഭാഷണത്തിലേക്കുതന്നെ തിരിച്ചുവിട്ടു.

കുറുപ്പ് കഴിഞ്ഞുപോയ കാര്യത്തിൻെറ ചുരുളുകൾ നിവർത്തുകയായിരുന്നു.

ഏതായാലും ഇനി ഇക്കാര്യം നടക്കുകയില്ലെന്ന് തീർച്ചപ്പെടുത്തി. എല്ലാവരും നിരാശരായി. കോമളവുംകൂടി അക്കൂട്ടത്തിൽപ്പെട്ടും.

അതെങ്ങിനെ മനസ്സിലാക്കി എന്നല്ലേ? വഴിയുണ്ട്!

സുധാകരൻെറ ആലോചനയുണ്ടെന്നറിഞ്ഞതുമുതൽ വലിയ സന്തോഷമായിരുന്നു, അവൾക്കെപ്പോഴും. പഠിക്കുന്ന കാലത്തുതന്നെ അവനിൽ കണ്ണുവെച്ചിട്ടുണ്ടായിരിക്കാം. ഈ പെൺകുട്ടികളുടെ കൺകോണുകൾ അടങ്ങിയിരിക്കുകയില്ലല്ലോ? പുസ്തകം വായിക്കുമ്പോൾകൂടി കണ്ണ് ആൺകുട്ടികളുടെ മുഖത്തായിരിക്കും.

ആ സംഭാഷണം തങ്ങളെ അത്യധികം രസിപ്പിച്ചു. ആ വയസ്സൻ പെറുപ്പക്കാരുടെ ജീവിതത്തിലേക്കൊന്ന് എത്തിനോക്കുകയാണ്. നിർമ്മലമായ നർമ്മബോധത്തോടെ. പിന്നെയെങ്ങിനെ രസം പിടിക്കാതിരിക്കും?

തങ്ങൾക്കു മാത്രമല്ല, അകത്തുള്ള ആളുകൾക്കും രസം പിടിച്ചു. അവിടെനിന്നും ഉയർന്നു, നേരിയ പൊട്ടിച്ചിരികൾ!

കണ്ണുകൾ വീണ്ടും അങ്ങോട്ടുകുതിച്ചു. തനിക്കവളെ ശരിക്കുകാണാം. മററുള്ളവർക്ക് കാണുകയുമില്ല. അവൾ നില്ക്കാൻകണ്ടൊരു സ്ഥലം! മനസാ അഭിനന്ദിച്ചു!

പക്ഷെ, മററൊരു തകരാറു്. തെളിഞ്ഞുമിന്നുന്ന രണ്ടു മുഖങ്ങളുണ്ടു്. സംശയമായി. രണ്ടുപേരും ഏകദേശം ഒരേ പ്രായക്കാരാണ്. ആൾ മാറിപ്പോയോ?

ആദ്യം കണ്ടമുഖത്താണ് കൂടുതൽ ജിജ്ഞാസയുള്ളതു്. അതുതന്നെയായിരിക്കില്ലേ? സംശയം തീരുന്നതിന്നുമുമ്പ് രണ്ടും അപ്രത്യക്ഷമായി.

വീണ്ടും സംഭാഷണത്തിലേക്കു തിരിഞ്ഞു. ആലോചനയ്ക്കു വന്ന ആൾ പെണ്ണുകാണൽ നടത്തിയാൽ പോരല്ലോ.

പിന്നെ തക്കതായ ആലോചനകളൊന്നും വന്നില്ല! വരുമ്പോൾ വരട്ടെ. എവിടെയെങ്കിലുമുണ്ടാകും ദൈവം കണ്ടിട്ട് അതായിരുന്നു കുറുപ്പിൻെറ സമാധാനം.

അങ്ങിനെയിരിക്കെയാണ് പുതിയ വെളിച്ചം കണ്ടതു്. നഷ്ടപ്പെട്ട മുതൽ വീണ്ടുകിട്ടി. എല്ലാവക്കും തൃപ്തിപ്പെട്ടതാണ് പ്രസ്തുതാലോചന. വീണ്ടും തുടർന്നതിൽ അതിരററസന്തോഷമായി.

ഒന്നും മറച്ചുവെക്കുന്ന സമ്പ്രദായം കുറുപ്പിന്നില്ല. തനിക്കും അതിൽ സന്തോഷമേയുള്ളു. വിശേഷിച്ചും ഈ വക കാര്യങ്ങളിൽ. അതിനാൽ ആലോചനകൾ വേഗംനീങ്ങി. മിക്കവാറും പൂർത്തിയായി. തൊണ്ണൂററഞ്ചുശതമാനത്തോളമെത്തി. ഇനി അഞ്ചുശതമാനമേ ബാക്കിയുള്ളു. 'അതെന്താണെന്നല്ലേ? പറയാം.

സുധാകരൻെറ അവകാശമാണതു്. പെണ്ണുകാണൽ എന്ന ചടങ്ങുണ്ടല്ലോ. അതുംകൂടി നടത്തണമത്രെ, കേവലം ഔപചാരികമായിട്ടു്. അത്രേയുള്ളൂ. അല്ലെങ്കിൽ ഒരു കുറവുപോലെയാണല്ലോ, ഇപ്പോഴത്തെ ചെറുപ്പക്കാർക്ക്. കുറുപ്പിന്നും അതിൽ വിരോധമില്ല.

"അതുംകൂടി കഴിഞ്ഞോട്ടെ. എന്നിട്ടുമതി, അവസാന തീരുമാനം" അതാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

പക്ഷെ, മൂപ്പർക്കുറപ്പുണ്ടു്, കണ്ടാൽവിടില്ലെന്നു്. മകൾ ഒരുകോമളമാണല്ലോ. അദ്ദേഹത്തിന്നതിൽഅഭിമാനവുമുണ്ട്

അത്രയുമായപ്പോൾ കുറുപ്പ് എഴുന്നേററു് പുറമേയ്ക്കുപോയി, ഭാസ്കരൻ പത്രപാരായണവും തുടങ്ങി.

ഈയുള്ളവനാകട്ടെ, സൌന്ദര്യപാരായണവും. കാരണം, അങ്ങോട്ടുനോക്കിയപ്പോഴേക്കും അവിടെത്തന്നെയുണ്ടു്, ആ സുന്ദരമുഖങ്ങൾ. തൻെറ കയ്യിലും പത്രമില്ലായ്കയല്ല. ആ സ്വാദനത്തിന്നു പററിയ സന്ദർഭം കിട്ടുമ്പോൾ വിടാനൊക്കുമോ? പത്രം പിന്നേയും വായിക്കാം. മററതു തരാവില്ലല്ലോ. തൻെറ ദൃഷ്ടികൾ ആത്തിയോടെ അങ്ങോട്ടുകുതിച്ചു.

രണ്ടുപേരും സ്വകാര്യസംഭാഷണം നടത്തുകയാണു്.

ജ്യേഷ്ഠത്തിയും അനുജത്തിയുമായിരിക്കുമോ? കോമളത്തിൻെറ അനുജത്തിയായിരിക്കാം മറേറതു്. തെളിഞ്ഞ മുഖത്തോടെയാണു് സംഭാഷണം.

ആ തഞ്ചത്തിന്നു് താനൊരു താരതമ്യപഠനംതന്നെ നടത്താൻ തുടങ്ങി. ആർക്കാണ് ഒന്നാംസമ്മാനം? ഒരു ജഡ്ജിയെപ്പോലെ നിഷ്പക്ഷഭാവത്തിലാണ്! നിരീക്ഷണം, രണ്ടുപേരുടേയും നില്പ് അടുത്തടുത്താണു്. സൌന്ദര്യമത്സരത്തിന്നു് നില്ക്കുമ്പോലെത്തന്നെ. വലിയ ആർഭാടമൊന്നുമില്ല. നൈസർഗ്ഗിക സൌന്ദര്യത്തിന്നു്മാക്കിട്ടാൽ മതിയെന്നാണു്, അവരുടെ ഭാവം.

ആദ്യം ദൃഷ്ടിയിൽപെട്ടവൾക്കുതന്നെയാണു് അർഹത. ആ കണ്ണുകൾ, ചുണ്ടുകൾ, അളകങ്ങൾ—നിറഞ്ഞ മാറിടം, കുടുങ്ങിയ അരക്കെട്ടു്, ഒത്ത ഉയരം—എല്ലാം ഒരു സൌന്ദര്യറാണിക്കു് ചേർന്നതുതന്നെ, മത്സരഫലം താൻ നിശ്ശബ്ദം പ്രഖ്യാപിച്ചു.

തികഞ്ഞ വൈരാഗിയെന്നു് നടിച്ചിരുന്ന ഭാസ്കരനുംകൂടി അവളെ ആകമാനം കണ്ണുകൊണ്ടൊന്നു് ഉഴിഞ്ഞു.

സുധാകരന്നു് പററിയവൾ തന്നെ.

യഥേഷ്ടം സുഖിച്ചുകൊള്ളു, രണ്ടുപേരും. അതിന്നുള്ള സാഹചര്യം സൃഷ്ടിക്കുകയാണു് തങ്ങൾ, പക്ഷെ, തന്നത്താൻ മറന്നുകളിക്കരുതേ! ആരോഗ്യം സൂക്ഷിക്കണം. ഇല്ലെ

ങ്കിൽ ആലോചിച്ചവക്കുകൂടിയുണ്ടു്, കുറച്ചിൽ. അങ്ങിനെ പലതും തട്ടിവിട്ടുമായിരുന്നു. പരിതസ്ഥിതി അതായിരുന്നില്ലെങ്കിൽ!

അപ്പോഴേക്കും കുറുപ്പ് മടങ്ങിവന്നു.

''കുട്ടീ!'' എന്നൊരു വിളി.

ഏതാണ് ഈ കുട്ടി?

ആ സുന്ദരമുഖം വെളിയിലേയ്ക്കു് നീങ്ങി.

''ആ പഞ്ചാംഗവും കണ്ണടക്കൂട്ടും കൊണ്ടുവരൂ''

ഭേഷ്! വലിയ സന്തോഷമായി. ഒന്നു കൺകുളർക്കെ കാണാമല്ലൊ.

കുറുപ്പിൻെറ ഔചിത്യബോധത്തെ മനസാ ആവർത്തിച്ചാവർത്തിച്ചു അഭിനന്ദിച്ചു!

അതാ, ആ സൌന്ദര്യധാമം എഴുന്നള്ളുകയായി.

തൻെറ ഹൃദയം വാദ്യാഘോഷം മുഴക്കി.

കണ്ണുകൾ അത്യാർത്തിയോടെ ആ സൌഭാഗ്യം മുഴുവൻ ഒററവീർപ്പിനു് കോരിക്കുടിച്ചു. സംതൃപ്തിയും സന്തോഷവും കരകവിഞ്ഞൊഴുകി.

തിരിഞ്ഞുപോകുന്നതിനിടയ്ക്കു് നോട്ടങ്ങൾ തമ്മിൽ ഒരാലിംഗനം നടത്തി!

അവൾ ഗൌരവത്തിൽ മുഖം വെട്ടിത്തിരിച്ചുകളഞ്ഞു.

ആർത്തിപിടിച്ച തൻെറ ഭാവം കണ്ടിട്ടായിരിക്കുമോ? എങ്കിൽത്തന്നെ ഏന്തു്? അതിനുവേണ്ടിയല്ലേ, അവളെ വരുത്തിയതുതന്നെ.

ആ പോക്കിനുമുണ്ടു് ഒരു വശീകരണശക്തി. അതു് തൻെറ കൌതുകം വർദ്ധിപ്പിക്കുകയാണ് ചെയ്തതു്. ആ ആകൃതി മുഴുവൻ ദൃഷ്ടിയിൽപ്പെട്ടു!

ഏതായാലും ദൌത്യം യഥോചിതം നിർവ്വഹിക്കാം.

ഒരു പക്ഷേ, അതു കരുതിതന്നെയായിരിക്കില്ലേ കുറുപ്പ് ആ പൊടിക്കൈ പ്രയോഗിച്ചതു്? ഇതൊന്നും ശ്രദ്ധിക്കാ

ത്തമട്ടിലാണ്, മൂപ്പരുടെ ഇരിപ്പ്. കയ്യിൽ കിട്ടേണ്ട താമസം പഞ്ചാംഗപരിശോധനയിലായി, ശ്രദ്ധമുഴവൻ.

കണ്ണുകൾ അവ പോയവഴിയ്ക്കു് തിരിച്ചു. പൂർവ്വസ്ഥാനത്തുതന്നെ നില്ക്കുകയാണവൾ.

നേത്രാലിംഗനം ആവർന്നിച്ചു!

രണ്ടാമത്തേതു് തന്റെ ഉള്ളിൽത്തന്നെ തട്ടി. ഭാവനയെ അതു ഇക്കിളിപ്പെടുത്തി!

അർത്ഥഗർഭമല്ലേ, ആ നോട്ടം? അല്ലെങ്കിൽ എന്തിനിങ്ങനെ ആവർത്തിക്കണം? അതോ, അവിടത്തന്നെ നിന്നിട്ടും! എന്താണതിന്റെ പൊരുൾ?

ആ നോട്ടത്തെ വ്യാഖാനിക്കുന്നതിലായി ശ്രദ്ധ.

സുധാകരനായാൽ പോര.

ഈയുള്ളവൻതന്നെ വേണം. അതിലേ അവൾക്കു സംതൃപ്തിയുള്ളു. മുമ്പ് സുധാകരനെ ആഗ്രഹിച്ചതു് വാസ്തവമായിരിക്കാം. പക്ഷെ, അഭിപ്രായം ഇരുമ്പുലക്കയെല്ലല്ലോ. ഇപ്പോൾ തന്നിലാണ് ആശകളും പ്രതീക്ഷകളും മുഴവൻ.

അങ്ങിനെയൊരു ആശയം ഒളിഞ്ഞുകിടക്കുകയാണ്, ആ നോട്ടത്തിൽ,

അപ്പോൾ കാര്യം കുഴപ്പത്തിലായല്ലോ. തനെന്തു ചെയ്യും? ഗ്രഹപ്പിഴക്കു് ഒന്നു കഴിഞ്ഞുംപോയി. ഇല്ലെങ്കിൽ!

പക്ഷെ, അങ്ങു് ഉപേക്ഷിച്ചേക്കണം. രണ്ടുപേരെയും ഒരുമിച്ച് വെച്ചുപുലർത്താൽ വയ്യ. അതിനു പററിയതല്ല, ശ്രീമതിയുടെ സ്വഭാവം.

സങ്കടമല്ലേ, അത്? ഇപ്പോൾ രോഗിയാണ്. ശരിതന്നെ. എങ്കിലും ആദ്യകാലത്തു് വൈകാരികരസം ആസ്വദിപ്പിച്ചതു്അവളല്ലേ? സങ്കടം അവൾക്കുണ്ടായേക്കാം. തനിക്കോ? സന്തോഷവും സുഖവും സംതൃപ്തിയും! സാധാരണ അങ്ങിനെ പതിവുള്ളതല്ലേ?

പ്രസവിക്കുന്നതുവരെയേ ഈ പെണ്ണുങ്ങൾ കാണാൻ

കൊള്ളുകയുള്ളു. മിക്കവാറും അതാണ് അനുഭവം. ഒന്നു പ്രസവിച്ചാൽത്തന്നെ മാറിടമെല്ലാം ഉലയും. മൂന്നുമായാലൊ? അതിന്നുംപുറമെ ഒരു സ്ഥിരം രോഗിയും!

ഇവളുടെയും നില അതായേക്കുമോ?

ഇല്ല. കെട്ടുറപ്പുള്ള തടിയാണ്. പോരാത്തതിന്നു് തനി കൺട്രിയുമല്ല. എന്തു ദോഷവും പെരുമാററവും മേയ്ക്കപ്പുകൊണ്ടു് പരിഹരിച്ചുകൊള്ളും.

പക്ഷെ,സുധാകരൻ! അവനുവേണ്ടിയല്ലേ,താൻവന്നത്?

സാരമില്ല. എവിടെയെങ്കിലും പോയി തുലയട്ടെ!

ശ്രീമതി കേസ്സുകൊടുത്തുകളയുമോ!

എങ്കിൽ......? സമ്മതപത്രം ആദ്യം വാങ്ങണം എന്തു തന്ത്രവും അതിനുവേണ്ടി ഉപയോഗിക്കാം. കുററവാളി താനല്ലല്ലോ. അവളുടെ അനാരോഗ്യമല്ലേ?

അവസാനം കുറുപ്പ് സമ്മതിച്ചില്ലെങ്കിലോ? സുധാകരനിലല്ലേ, ഇപ്പോഴത്തെ ശ്രദ്ധമുഴവൻ?

പക്ഷെ, കോമളം ഒരുങ്ങിക്കഴിഞ്ഞാൽ . !ഇല്ല. ഒന്നും സാരമില്ല. ആകാശംതന്നെ ഇടിഞ്ഞുവീണാലും!

അങ്ങിനെ മനസ്സിൽ അലയടിക്കുകയായിരുന്നു, വിവിധ വിചാരങ്ങൾ!

ഒടുവിൽ അതു ശാന്തമായി.

ദൃഷ്ടികൾ ആദരവശത്തോടെ വീണ്ടും ആ ഭാഗത്തേക്കു് കുതിച്ചു. ഇങ്ങോട്ടുതന്നെ ഉററുനോക്കുകയാണവൾ. ആശയും പ്രതീക്ഷയും തങ്ങിനില്ക്കുന്നുണ്ടു്, ആ നോട്ടത്തിൽ! പലപ്പോഴും തന്നിൽത്തന്നെ പതിയുകയാണ് ആ നോട്ടം.

കൂട്ടത്തിൽ ഒരു അപേക്ഷാഭാവവും കൂടിയുണ്ടു്.

എനിയ്ക്കു് ങ്ങളെയെത്തന്നെ വേണം!—അതാണു ആഭാവം.

ഒരിടത്തുതന്നെ എത്തിയിരിക്കുകയാണ് രണ്ടാളുടെയും ആശയഗതികൾ. സംഭാഷണരൂപത്തിൽഒന്നു് ഉറപ്പിക്കുകയേ വേണ്ടു. സന്ദർഭം പററിയതല്ല. അല്ലെങ്കിൽ ചോദിച്ചനെ—

—നിനക്കു് എന്നെത്തന്നെ വേണം—അല്ലേ?

ആ ദപാദ്യം നാവിൻെറ തലയ്ക്കൽവരെ എത്തിയതാണ്. അപ്പോഴാണ് ചങ്ങാതി തട്ടിയത്. തൻെറ ഏകാഗ്രമായ ഭാവനാലോകത്തെ മുഴുവൻ അതു തകർത്തുകളഞ്ഞു.

പോകട്ടെ സാരമില്ല!

കുറുപ്പ് വലിയൊരു സംതൃപ്തിയോടെ മുഖമുയർത്തി.

രണ്ടുമൂന്നു മുഹൂർത്തങ്ങൾ അടുത്തടുത്തുണ്ടത്രെ. അതിനാൽ കാര്യത്തിനു ദൈവാനുകൂല്യംകൂടി ഉണ്ടുപോലും! വേഗം കാര്യമങ്ങു നടത്താം. ഏറെ താമസിയാതെ തന്നെ പെണ്ണുകാണൽ കഴിഞ്ഞോട്ടെ. മൂത്തമകൻ അടുത്തുതന്നെ ലീവിൽ വരുന്നുണ്ട്. ആ ഘട്ടത്തിൽ തന്നെയാവാം. പക്ഷെ, ഏതു ദിവസമാണ് വരുന്നതെന്നു് അറിയിച്ചാൽനന്നു് കാരണം മററൊന്നുമല്ല. കുറുപ്പും ഒരു തിരക്കു പിടിച്ച മനുഷ്യനാണ്. പലപ്പോഴും സ്ഥലത്തുണ്ടായില്ലെന്നുവരും. ഇന്നെന്തോ ഇങ്ങനെ പററിയെന്നേയുള്ളൂ. അത്രയും കാര്യങ്ങൾ അദ്ദേഹം ഇരുങ്ങോട്ടു് സമർപ്പിച്ചു.

പാവം - കുറുപ്പ്! പ്രതീക്ഷകൾ മുഴുവൻ സുധാകരനിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. പേറുനോക്കാൻ വന്നവൾ ഇരട്ട പ്രസവിക്കാൻ പോകയാണെന്നു് മൂപ്പരറിഞ്ഞോ?

ഭാസ്കരൻ റിസ്റ്റ്‌വാച്ച് നോക്കി. അതുകഴിഞ്ഞു് മുഖത്തേക്കും.

താനിനിയും അവിടെത്തന്നെ ഇരിക്കാൻ തയ്യാറാണ്. ആ സുന്ദരമുഖം അവിടെ ഉള്ളേടത്തോളം! എത്രവേണമെങ്കിലും ഇരിക്കും.

പക്ഷെ, അർത്ഥഗർഭമാണ് അവൻെറ നോട്ടം. മടങ്ങാൻ നിശ്ചയിച്ച സമയമെല്ലാം കഴിഞ്ഞു. ഇനിയും താമസിച്ചാൽ ഇന്നു് നാട്ടിലെത്താൻ പററില്ല. ഒടുവിലത്തെ വണ്ടിയും പോയ്ക്കഴിയും. നാലുമണിക്കുതന്നെ മടങ്ങിവീട്ടിലെത്തണമെന്നു് പറഞ്ഞതാണ്. സന്ധ്യയ്ക്കുമുമ്പെങ്കിലും വീട്ടിലെത്തിയേ ഒക്കൂ. അതാണ് അവൻെറ ഭാവം. ഏതായാലും പുറപ്പെടുകതന്നെ. മററു നിവർത്തിയില്ലല്ലോ!

രണ്ടുപേരും എഴുന്നേററു. ആദ്യം ഭാസ്കരൻ. പിന്നീട് താനും! അതോടൊപ്പംതന്നെകുറുപ്പും. യാത്രപറഞ്ഞുപിരിഞ്ഞു.

ഇടയ്ക്കു് തൻെറ കണ്ണുകൾ വാതില്ക്കലേക്കു് തിരിക്കാതിരുന്നില്ല. താൻ മൂകഭാഷയിൽ അവളോട് യാത്രപറഞ്ഞു്. കുറുപ്പും ഭാസ്കരനും കാണാതെ തന്നെ!

പുതിയ ഹൃദയേശ്വരിയായി പലതും സംസാരിക്കണമെന്നുതന്നെയായിരുന്നു മോഹം. ഹൃദയത്തിൽ ആശയങ്ങളങ്ങിനെ തിങ്ങിക്കൂടി നില്ക്കുകയാണ്. പക്ഷെ, ആ ഘട്ടത്തിലെന്തുചെയ്യും?

പററിയ ഒരു സന്ദർഭമുണ്ടാക്കണം. സുധാകരൻെറ പെണ്ണുകാണലിന്നു മുമ്പുതന്നെ. അതു കഴിഞ്ഞാൽ വഴക്കിനിടവന്നേക്കും-അത് നടക്കരുത്. ഇന്നേതായാലും അവനെ കാണരുത്. കാറെറാന്നു് തിരിച്ചുവിടിക്കണം. അതിനെന്താണ് വഴി? അങ്ങിനെ ആലോചനയിൽ മുഴുകി. പാദങ്ങൾ കൂട്ടാളിയെ അനുഗമിച്ചുവെന്നേയുള്ളു!

"എന്താ ഒരു ഘനഭാവം?" ഭാസ്കരൻ തിരിഞ്ഞുനിന്നു് ചോദിച്ചു.

"ങേ?"

ചോദിച്ചതെന്താണെന്നു് വ്യക്തമായില്ല.

അവൻ ആവർത്തിച്ചു—

"എന്താ ഒരു ഘനഭാവ്മെന്നു്?"

"ആ പഞ്ചാംഗം കൊണ്ടുവന്നവളല്ലേ, കോമളം?"

ഒരു മറുചോദ്യമായിരുന്നു, തൻെറ ഉത്തരം.

ഭാസ്കരൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"അല്ല!"

"ങേ? എന്തു്? അവളല്ലേ?"

"അല്ല,മിസ്റ്റർ! അല്ല! അതു്കുറുപ്പിൻെറ മൂത്തമകൻെറ ഭാര്യയാണ്. അവൻ പൂനായിൽ ഒരുദ്യോഗസ്ഥനാണിപ്പോൾ.

താനാകെ വിയർത്തുപോയി!!

—o—

('കണ്ണൂർജില്ലാ സാഹിത്യപ്രവർത്തക സംഘം' വാഷീകത്തോടനുബന്ധിച്ച് നടത്തിയ ചെറുകഥാമത്സരത്തിൽ ഒന്നാം സമ്മാനമായ സ്വർണ്ണമെഡൽ നേടിയ കഥ)

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MF9 *Acc. No.* 44779
suv. p

This book should be returned on or before the date last stamped below.

9 AUG 1972
5 SEP 1973
26 OCT 1973
28 MAY 1975
26 MAY 1976

MF9 44779
SUV.P
സുവർണ്ണവല്ലി. ഒ. ഒൻ. ഞ:
പരാജയമല്ല വിജയമാണ്.

# പരാജയമല്ല, വിജയമാണ്!

## എ. എൻ. ഇ. സുവർണ്ണവല്ലി.

പ്രമുഖരായ കഥാകൃത്തുക്കളുടെ മുൻപന്തിയിൽ വരു
ശ്രീ. ടാററാപുരം സുകുമാരൻ അവതാരികയിൽ പ്രസ്താ
കയാണ്:

ശ്രീ. സുവർണ്ണവല്ലിക്ക് ഒരു കഥാകൃത്തിനാ
വേണ്ടസിദ്ധികൾ കരഗതമായിട്ടുണ്ട്. തീക്ഷ്ണങ്ങളും സം
ക്ഷമങ്ങളുമായ അനുഭവങ്ങളുണ്ട്. അവ വ്യഥാപറഞ്ഞുപോവു
പ്രത്യുത ഡോക്ടർ ഹാച്ച് പ്രസ്താവി ച്ചതുപോലെ തൊട്ടുകാ
കയാണ്. ഈ കഥാകൃത്തിൻെറ വിജയം കുടികൊള്ളു
അവിടെയാണ്. കവിതാത്മകമായ ധാരയും ശൈലിയും
കഥയ്ക്കും അനുവാചകൻെറ ഹൃദയത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലു
പ്രത്യേകതയും പ്രദാനം ചെയ്തിരിക്കുന്നു......ഒരു കഥാകൃത്ത
പ്രഥമവും പ്രധാനവുമായി വേണ്ടത് അനുഭവസമ്പത്താണ
സുവർണ്ണവല്ലിക്ക് ഈസമ്പത്ത് വേണ്ടത്രയുണ്ട്. അവതീക
ങ്ങളാണുതാനും. ജീവിതസത്യങ്ങളെ നോക്കിക്കാണാനും മ
ലാക്കുവാനുമുള്ള പാടവവും വേണ്ടത്രയുണ്ട്. തൻെറ ദൃ
കാണുന്ന ഏതൊന്നിൻേറയും അർത്ഥം ഗ്രഹിക്കുവാനുള്ള അ
മായ കഴിവും, ഭാവനയും, പ്രതിഭയും ഈ സമാഹാരത്തിൽ
ടിപ്പിക്കുന്നുണ്ട്.

സുപ്രസിദ്ധരായ നിരൂപകന്മാരുടെ മുന്നണിയിൽ ന
ക്കുന്ന ശ്രീ. എം. പി. പി. നമ്പൂതിരി, എം. എ. അഭി
പ്പെടുകയാണ്:

കഥകൾ മെച്ചപ്പെട്ടവയായിട്ടുണ്ട്. അവയിലെ പ്ര
ദനരീതി ആധുനികമാണ്. ... ഓർമ്മയില്ലു
കഥ വികസിപ്പിക്കുന്ന രീതി വിശേഷ ... സ്വീകരിച്ചുകണ

**സഹൃദയ ബുക്ക്സ്, നീലേശ്വരം, കണ്ണൂർ, ...**